VOL NO: 07 I ISSUE 18
www.nerpatham.com
mail@nerpatham.com
2023 MAY 06 I ₹10

# നേർപഥം

വാരിക

# കേരളത്തെ അപമാനിക്കുന്ന സംഘ് സ്റ്റോറി




ഇടവേളക്ക് ശേഷം ലൗ ജിഹാദും ഐസിസും ആടുമേയ്ക്കലുമെല്ലാം മാധ്യമങ്ങളിൽ നിറയുകയാണ്. സംഘ്പരിവാർ നുണഫാക്ടറികളിൽനിന്ന് വിസർജിക്കുന്ന അശ്ലീലങ്ങൾക്ക് ലക്ഷ്യം ഒന്നേയുള്ളൂ; വരാനിരിക്കുന്ന ഇലക്ഷനിൽ കേരളത്തിലടക്കം കുറച്ച് സീറ്റുകൾ തരപ്പെടുത്തുക. കൊന്നും തിന്നും പാർട്ടി വളർത്തുന്ന രാഷട്രീയ ഭീകരന്മാർക്കും അവരുടെ പിന്നണിയാളുകൾക്കുമറിയില്ലല്ലോ, സ്നേഹം കൊടുത്തും വാങ്ങിയും വളർത്തപ്പെട്ട ഒരു നാടിന്റെ പാരമ്പര്യം!

## മിർസാ ഗുലാം എന്ന രുദ്ര ഗോപാലൻ

- || കത്തുന്ന വേനലിലും പർദ സുരക്ഷിതവസ്ത്രം തന്നെ
- || ബദ്‌രീങ്ങളോടുള്ള പ്രാർഥനയും ബദ്ർദിനത്തിലെ അനാചാരങ്ങളും
- || ചേലാകർമത്തിന്റെ ഗുണഫലങ്ങളും വിമർശനങ്ങളിലെ അർഥശൂന്യതയും




സി ബി എസ് ഇ പഠനത്തോടൊപ്പം
ധാർമികാന്തരീക്ഷത്തിൽ താമസിച്ച്
പഠിക്കാൻ സുരക്ഷിതമായ ക്യാമ്പസ്

Enrol Now!

GreenHome
RESIDENTIAL CAMPUS

**സവിശേഷ പഠന മേഖലകൾ:**

- പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരുടെ മേൽനോട്ടവും മാർഗനിർദേശങ്ങളും.
- വിശ്വാസം, കർമശാസ്ത്രം, ഇസ്‌ലാമിക ചരിത്രം എന്നിവയിലധിഷ്ഠിതമായ കരിക്കുലം.
- CBSE സിലബസിൽ ഉന്നത നിലവാരത്തിലുള്ള അക്കാദമിക് സൗകര്യം.
- എക്സ്പീരിയൻസ്ഡ് ലേണിംഗ്.
- തജ്‌വീദോടുകൂടി നിശ്ചിതഭാഗം ക്വുർആൻ മനപാഠമാക്കാൻ അവസരം.
- അറബി, ഇംഗ്ലീഷ് ഭാഷകളിൽ പ്രത്യേക പരിശീലനം.

Registration Open

CONTACT US
+91 9605 146 000
+91 9061 716 600

For Boys Grade 5 to 8
For Girls Grade 6 & 7

GREEN VALLEY
PUBLIC SCHOOL

+91 9061 716 600
Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode | www.greenvalleycampus.com

0328

# നേർപഥം

വാരിക

2023 മെയ് 06
1444 ശവ്വാൽ 14
പുസ്തകം 07 / ലക്കം 18






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose


Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil



Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala, India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/nerpatham weekly



കവർ സ്റ്റോറി

10 **കേരളത്തെ അപമാനിക്കുന്ന സംഘ്സ്റ്റോറി**
മുജീബ് ഒട്ടുമ്മൽ

മുഖമൊഴി
05 ഹിറ്റ്‌ലറിൽ ആർക്കാണ് മാതൃക?

ലേഖനം
06 മിർസാ ഗുലാം എന്ന രുദ്ര ഗോപാലൻ
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

നിയമപഥം
29 നമ്മുടെ രാജ്യത്തെ കോടതികൾ
അബൂആദം അയ്മൻ

വിമർശനം
18 ബദ്‌രീങ്ങളോടുള്ള പ്രാർഥനയും ബദ്ർദിനത്തിലെ അനാചാരങ്ങളും
മൂസ സ്വലാഹി കാര

ലേഖനം
30 കത്തുന്ന വേനലിലും പർദ സുരക്ഷിതവസ്ത്രം തന്നെ
മുനിസ് അൻസാരി

ലേഖനം
23 ചേലാകർമത്തിന്റെ ഗുണഫലങ്ങളും വിമർശനങ്ങളിലെ അർഥശൂന്യതയും
റഹ്മാൻ മധുരക്കുഴി

ക്വുർആൻ ദർശനം
32 സൂറ: ഫുസ്സിലത്ത്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
26 ഹിജാബ് വിധികളുടെ അവലോകനം
സുഫ്‌യാൻ അബ്ദുസ്സലാം

കാഴ്ച
34 വെള്ളമുണ്ടിന്റെ വെണ്മ
ഇബ്നു അലി എടത്തനാട്ടുകര

ചലനങ്ങൾ



# സൗഹൃദാന്തരീക്ഷം തകർക്കാൻ ശ്രമിക്കുന്നവരെ കരുതിയിരിക്കുക:
## വിസ്ഡം യൂത്ത്

മണ്ണാർക്കാട് : സമൂഹത്തിൽ ഏറ്റവുമധികം സ്വാധീനമുള്ള സിനിമപോലെയുള്ള മാധ്യമങ്ങളിലൂടെ നുണക്കഥകൾ പ്രചരിപ്പിച്ച് വർഗീയവിഷം ചീറ്റുന്നവർക്കെതിരെ നിയമനടപടി എടുക്കണമെന്ന് മണ്ണാർക്കാട് സംഘടിപ്പിച്ച വിസ്ഡം യൂത്ത് ലീഡേഴ്സ് മീറ്റ് ആവശ്യപ്പെട്ടു.

കേരളം മാനവ സൗഹാർദത്തിന് പേരുകേട്ട നാടാണ്. ഇവിടെ സ്ത്രീകളെ കൂട്ടത്തോടെ മതംമാറ്റി ഭീകര കേന്ദ്രങ്ങളിലെത്തിക്കുന്നുവെന്ന നുണപ്രചാരണത്തെ കേരളീയ സമൂഹം ഒരുമിച്ച് നേരിടണം. ഒരു സംസ്ഥാനത്തെതന്നെ അപരവൽക്കരിക്കാനുള്ള ശ്രമമാണ് ഇതിലൂടെ ലക്ഷ്യംവയ്ക്കുന്നതെന്നും ജനങ്ങളെ ഭിന്നിപ്പിക്കുന്ന ഇത്തരം വർഗീയ പ്രചാരണങ്ങൾക്ക് രാജ്യത്ത് അനുമതി നൽകരുതെന്നും വിസ്ഡം യൂത്ത് അഭിപ്രായപ്പെട്ടു.

വർഗീയ ഫാഷിസ്റ്റുകൾ ആവർത്തിക്കുന്ന നുണകളുടെ രാഷ്ട്രീയമാണ് ഇത്തരം കഥകൾക്ക് പിന്നിലുള്ളത്. ഇസ്‌ലാംഭീതി വിതച്ച് ഒരു വിഭാഗത്തെ അപരവൽക്കരിക്കുന്നതോടൊപ്പം ലോകത്താകമാനം ഈ സംസ്ഥാനത്തെ തെറ്റായി ചിത്രീകരിക്കാനുള്ള ശ്രമം കൂടിയാണ് ഇത്തരം നുണപ്രചാരണങ്ങൾക്ക് പിന്നിലുള്ളത്. ■

# 'ദി കേരള സ്‌റ്റോറി' കേരളത്തിനു നേരെയുള്ള കടന്നുകയറ്റം:
## വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

കോഴിക്കോട് : 'ദി കേരള സ്‌റ്റോറി' എന്ന പേരിൽ സുദീപ് തോ സെൻ സംവിധാനം ചെയ്ത ചിത്രം കേരളത്തിന്റെ സാമൂഹ്യജീവിതത്തിൽ വിഭാഗീയത സൃഷ്ടിക്കാനും ഇസ്‌ലാം തെറ്റിദ്ധരിക്കപ്പെടാനും ലക്ഷ്യം വെച്ചുള്ളതാണെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്തീഫ് മദനി, ജന:സെക്രട്ടറി ടി.കെ അശ്റഫ് എന്നിവർ പ്രസ്താവിച്ചു.

സാമുദായിക ധ്രുവീകരണത്തിന് ആക്കം കൂട്ടുന്ന വിധത്തിലുള്ള ഇത്തരം നീക്കങ്ങളെ ആവിഷ്‌ക്കാര സ്വാതന്ത്ര്യത്തിന്റെ പരിധിയിൽ കൊണ്ടുവരരുത്. സാമൂഹിക മേഖലകളിൽ ദോഷം മാത്രം പ്രദാനം ചെയ്യുന്ന ഇത്തരം ചിത്രങ്ങൾക്ക് പ്രദർശനാനുമതി നൽകരുതെന്നും ഭാരവാഹികൾ ആവശ്യപ്പെട്ടു.

ഐ.എസ് ഇസ്‌ലാം വിരുദ്ധ ശക്തികളുടെ ചട്ടുകമാണെന്നും അതിന് ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ലെന്നും ലോക മുസ്‌ലിം പണ്ഡിതന്മാർ അത് ഉദയം ചെയ്ത ഘട്ടത്തിൽതന്നെ വ്യക്തമാക്കിയതാണ്. കേരളത്തിലെ മുസ്‌ലിം സംഘടനകളും പൊതുസമൂഹവും തള്ളിക്കളഞ്ഞ ഈ വിഷയം വീണ്ടും കുത്തിപ്പൊക്കുന്നത് കൃത്യമായ ഗൂഢാലോചനയുടെ ഭാഗമാണ്.

കേരളത്തെ മൊത്തത്തിൽ ആക്ഷേപിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്ന ഗൗരവതരമായ ഈ പ്രശ്നത്തിൽ കേരളം ഭരിക്കുന്ന മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഇടത്, വലത് മുന്നണികളും, സമുദായ സംഘടനകളും ഒറ്റക്കെട്ടായി ശക്തമായി പ്രദർശന വിലക്ക് ഏർപ്പെടുത്തുംവരെ പ്രതികരിക്കേണ്ടതുണ്ടെന്നും അവർ ആവശ്യപ്പെട്ടു.

ചിത്രത്തിന്റെ ടീസർ ഏതാനും ദിവസം മുമ്പ് പുറത്ത് വരികയും വ്യാപക ചർച്ചകൾക്കും വിവാദങ്ങൾക്കും കാരണമാകുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിലാണ് ഭാരവാഹികൾ പ്രതികരിച്ചത്.

നേരത്തെ ലൗ ജിഹാദും നാർക്കോട്ടിക് ജിഹാദും ചർച്ചയായപ്പോൾ അതിന്റെ നിജസ്ഥിതി വ്യക്തമാക്കുന്നതിലുണ്ടായ കാലതാമസം ഈ വിഷയത്തിലുണ്ടാകുന്നത് വലിയ പ്രത്യാഘാതങ്ങൾക്ക് കാരണമാകുമെന്നും ഇത്തരം വിഷം വമിക്കുന്ന കഥകൾമെനയുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്നും ഭാരവാഹികൾ ഓർമപ്പെടുത്തി. ■


# ഹിറ്റ്ലറിൽ ആർക്കാണ് മാതൃക?

നഗ്നമായ വർഗീയത വിശ്വാസപ്രമാണമായി സ്വീകരിക്കുകയും അത് പരസ്യമായി പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർ നാടുവാഴുമ്പോൾ അതിന്റെ അപകടം ശരിക്കും മനസ്സിലാക്കാനോ വിലയിരുത്താനോ കഴിയാതെ മതേതര ജനാധിപത്യ സഖ്യങ്ങൾ സമകാലീന ഇന്ത്യയിൽ പരാജയപ്പെട്ടു പോകുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. നാസിസത്തിന്റെ ഇന്ത്യൻ പതിപ്പുകളാണ് സംഘപരിവാർ കക്ഷികൾ എന്നും ഹിറ്റ്ലറുടെ സാമൂഹ്യവീക്ഷണമാണ് ഇവരുടേതെന്നുമുള്ള യാഥാർഥ്യം ഇവർ മനസ്സിലാക്കാതെ പോകുന്നു.

ഹിറ്റ്ലറും നാസി പാർട്ടിയും ജർമനിയിൽ വേരുറപ്പിച്ചതും തെരഞ്ഞെടുപ്പിലൂടെയായിരുന്നു. 1928ൽ ജർമൻ പാർലമെന്റിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ നാസി പാർട്ടിക്ക് വെറും 12 സീറ്റ് മാത്രമാണുണ്ടായിരുന്നത്. 1933ൽ 250ഓളം സീറ്റുകളും 44 ശതമാനം വോട്ടും നേടി ഏറ്റവും വലിയ ഒറ്റക്കക്ഷിയായി മാറി. തുടർന്ന് അധികാരത്തിലെത്തിയതോടെ പാർലമെന്റിനെ റബ്ബർ സ്റ്റാമ്പാക്കി മാറ്റി. അതുപോലെ 1984ൽ വെറും രണ്ട് എംപിമാർ മാത്രമുണ്ടായിരുന്ന ബി.ജെ.പിയാണ് പാർലമെന്ററി സമ്പ്രദായം ഉപയോഗിച്ച് ഇന്ന് ഭരണകക്ഷിയായി ത്തീർന്നിരിക്കുന്നത്. തെരഞ്ഞെടുപ്പുകളോ പാർലമെന്ററി സംവിധാനമോ ഫാസിസത്തിന്റെ/നാസിസത്തിന്റെ വരവിനെ ചെറുക്കുമെന്ന് കരുതുന്നത് മൗഢ്യമാണെന്ന് അർഥശങ്കയ്ക്കിടയില്ലാത്ത വിധം ഇത് ബോധ്യപ്പെടുത്തിത്തരുന്നു. അധികാരത്തിന്റെ അപ്പക്കഷ്ണങ്ങൾക്കായുള്ള പരക്കം പാച്ചിലിൽ അന്ധത ബാധിച്ച ചില മതേതര കക്ഷികളും നേതാക്കളും ഈ യാഥാർഥ്യം കാണാതെപോകുന്നു. കോടികൾ വച്ചുനീട്ടുന്നത് കാണുമ്പോൾ കൂടുവിട്ട് കൂടുമാറാൻ ജനപ്രതിനിധികൾ തയ്യാറാകുന്നു.

ഗാന്ധിജി ഫാസിസത്തിന്റെ ഈ മുഖം നേരത്തെതന്നെ കണ്ടെത്തിയിരുന്നു. ഇന്ത്യൻ ജനതക്ക് അദ്ദേഹം ഇക്കാര്യത്തിൽ മുന്നറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. ഗാന്ധിജിയുടെ പ്രൈവറ്റ് സെക്രട്ടറിയും സന്തത സഹചാരിയുമായിരുന്ന പ്യാരിലാൽ 'മഹാത്മാഗാന്ധി; അന്ത്യഘട്ടം' എന്ന ഗ്രന്ഥത്തിൽ ഇക്കാര്യം ഇങ്ങനെ രേഖപ്പെടുത്തുന്നു: "സ്വാതന്ത്ര്യസമരം കത്തിനിന്ന കാലം. മഹാത്മാഗാന്ധിയുടെ പിന്തുണയില്ലാതെ ഇന്ത്യൻ രാഷ്ട്രീയത്തിൽ സ്ഥാനം ലഭിക്കാൻ കഴിയില്ലെന്ന് ഫാസിസ്റ്റുകൾ മനസ്സിലാക്കി. (1934ലെ എ.ഐ.സി.സി; ആർ.എസ്.എസ് അടക്കമുള്ള ഫാസിസ്റ് സംഘടനകളെ ബഹിഷ്കരിക്കാൻ തീരുമാനമെടുത്ത കാലമായിരുന്നു അത്). ഗാന്ധിയെ സ്വാധീനിക്കാൻ അവർ ശ്രമമാരംഭിച്ചു. അങ്ങനെ ഗാന്ധിയുടെ ആസ്ഥാനമായിരുന്ന വർധയിൽ നടന്ന ഒരു ആർ.എസ്.എസ് ക്യാമ്പ് സന്ദർശിക്കാൻ ഹെഡ്ഗെവാർ അദ്ദേഹത്തെ ക്ഷണിച്ചു. സ്വതസിദ്ധമായ മര്യാദ പ്രകാരം അദ്ദേഹം ക്ഷണം സ്വീകരിച്ചു. പരിപാടിയിൽ പങ്കെടുത്തതിനു ശേഷം ഗാന്ധി പ്രകടിപ്പിച്ച അഭിപ്രായം പ്യാരിലാൽ ഇങ്ങനെ രേഖപ്പെടുത്തുന്നു: 'പരിപാടിക്കിടയിൽ കൂട്ടത്തിൽ വന്ന ഒരാൾ ഗാന്ധിയോട് ആർ.എസ്.എസിന്റെ മഹിമ എടുത്തുപറയാൻ തുടങ്ങി. അവർ അച്ചടക്കവും ധീരതയും പ്രകടിപ്പിക്കുന്നതായി അയാൾ ചൂണ്ടിക്കാട്ടി. ഗാന്ധിജി അതിന് കൊടുത്ത മറുപടി ഇങ്ങനെയായിരുന്നു: 'ഹിറ്റ്ലറുടെ നാസികളും മുസോളനിയുടെ ഫാസിസ്റ്റുകളും അങ്ങനെത്തന്നെയായിരിന്നു എന്നത് മറക്കേണ്ട."

സ്വന്തം വീടുകളിലേക്ക് അപകടങ്ങൾ കടന്നുവരുമ്പോൾ മാത്രം ഞെട്ടിയുണരുന്ന ആൾക്കൂട്ടങ്ങളായി, പ്രതികരിക്കാൻ ശേഷിയുണ്ടായിട്ടും ശബ്ദം പുറത്തേക്ക് വരാത്തവണ്ണം ക്ഷീണിതരായി നാം അധഃപതിച്ചുകൂടാ. കേരളത്തിന്റെ സൗഹൃദാന്തരീക്ഷം തകർക്കാൻ ലക്ഷ്യമിട്ട് പുറത്തിറക്കുന്ന വിവാദ സിനിമയെ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ന്യായീകരിക്കുന്നവർ ഫാസിസ്റ്റുകളെ പ്രീണിപ്പിക്കുകയാണ് ചെയ്യുന്നത്. ■



ഖാദിയാനി വേദപുസ്തകം 'തദ്കിറ'യിലൂടെ ഒരു യാത്ര 14

# മിർസാ ഗുലാം എന്ന രുദ്ര ഗോപാലൻ

പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ
: 9447 701 741

**സുൽത്താൻ**

1907 മാർച്ച് 28ന് അവതരിച്ചത്: 'സുൽത്താൻ അബ്ദുൽ ഖാദിർ' ഈ ഇൽഹാമിൽ എന്നെ സംബോധന ചെയ്ത പുതിയ പേരാകുന്നു. സുൽത്താൻ മറ്റുള്ളവരുടെ ഭരണാധികാരി ആവുന്നപോലെ എന്നെ എല്ലാ ആത്മീയ ദർബാരികളുടെയും സുൽത്താൻ ആക്കിയിരിക്കുന്നു. അതായത് അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നവർ എന്നെ അനുസരിക്കാതെ, അഥവാ സ്വന്തം ചുമലിൽ എന്റെ അനുസരണത്തിന്റെ നുകം പേറാതെ, ആ ബന്ധത്തിന് നിലനിൽപില്ല. അബ്ദുൽ ഖാദിർ ജീലാനി പറഞ്ഞപോലെ 'എല്ലാ ഔലിയാക്കളുടെയും പിരടിയിലാണ് എന്റെ കാലുകൾ വച്ചിരിക്കുന്നത്'(പേജ് 599).

അബ്ദുൽ ഖാദിർ ജീലാനി(റ)യെപ്പോലെ മഹാന്മാരായ സൂഫിവരന്മാരുടെ സുൽത്താനാണ് താൻ എന്നാണ് വാദം.

'19.7.1905 നാണ് വഹ്യ് വന്നത്.

അതിൽ മുമ്പൊന്നും കേട്ടിട്ടില്ലാത്ത ഒരു പേരാണ് അല്ലാഹു എന്നെ വിളിച്ചത്. മുഹമ്മദ് മുഫ്‌ലിഹ്, വിജയിയായ മുഹമ്മദ് എന്നർഥം'(പേജ് 471).

**സമാധാനത്തിന്റെ രാജകുമാരൻ**

"ഒരിക്കൽ രണ്ടാം ഖലീഫ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ് പറഞ്ഞു: മസീഹിന്റെ പേരുകളിൽ അല്ലാഹു അദ്ദേഹത്തെ വിളിച്ച ഒരു പേരാണ് 'സമാധാനത്തിന്റെ രാജകുമാരൻ' എന്നത്" (പേജ് 677).

**ശിപാർശകൻ**

'അല്ലാഹു തന്റെ വഹ്‌യിൽ എന്നെ ശഫീഉല്ലാഹ് എന്ന് വിളിച്ചു. അല്ലാഹുവിനോട് അവന്റെ അടിമകൾക്ക് വേണ്ടി ശിപാർശ ചെയ്യുന്നവൻ എന്നാണ് അതിന്റെ അർഥം' (പേജ് 566).

അല്ലാഹുവിന്റെ സമ്മതപ്രകാരം ശിപാർശ ചെയ്യാൻ ഒരാൾക്ക് മാത്രമെ അർഹതയുള്ളൂ എന്നാണ് ഇസ്‌ലാമിന്റെ അധ്യാപനം. അത് മറ്റാരുമല്ല, സൃഷ്ടികളിൽ ശ്രേഷ്ഠനും പ്രവാചകന്മാരുടെ നേതാവുമായ മുഹമ്മദ് നബി(സ്വ)യാണ്.

മറ്റൊരു വഹ്‌യ് ഇങ്ങനെ: 'അല്ലയോ അല്ലാഹുവിന്റെ മിശിഹാ, ഞങ്ങൾക്ക് വേണ്ടി ശിപാർശ ചെയ്യേണമേ' (പേജ് 635).

അവസാനകാലത്ത് മിർസാ ഗുലാം ഖാദിയാനിയെ പലതവണ സംബോധന ചെയ്തത് അനുഗൃഹീത നേതാവ് എന്നായിരുന്നുവത്രെ! 'നീ അനുഗൃഹീതനായ നേതാവാകുന്നു. നിഷേധികളുടെ മേൽ അല്ലാഹുവിന്റെ ശാപമുണ്ടാവട്ടെ' (പേജ് 635).

161 വചനങ്ങളുള്ള ഒരു 'സൂറ'യുടെ 16,17 സൂക്തങ്ങൾ ഇങ്ങനെ വായിക്കാം: 'തീർച്ചയായും നീ നമ്മുടെ കൺമുമ്പിൽ തന്നെയുണ്ട്. നിനക്ക് നാം ഭരമേൽപിക്കുന്നവൻ (മുതവക്കിൽ) എന്ന് പേരിട്ടിരിക്കുന്നു' (പേജ് 294).

**അല്ലാഹു ചോദിക്കുമത്രേ!**

'ഒരു ജാഗ്രദ് ദർശനത്തിൽ മാലിയർകോട്ടിലെ നവാബിന്റെ ചിത്രം കാണിച്ചുകൊണ്ട് അവതരിച്ച ഇൽഹാം 'ഹുജ്ജതുല്ലാഹ്' എന്ന് മാത്രമായിരുന്നു. വിശദീകരണം തോന്നിപ്പിച്ചത് ഇങ്ങനെ: താങ്കൾ സ്വന്തം സമൂഹത്തിലും സഹോദരങ്ങളിലും നിന്ന് വേർപ്പെട്ടത് വ്യക്തിപരമായ കാര്യത്തിനല്ല. പുനരുത്ഥാനദിനത്തിൽ അവരോട് ചോദിക്കും; ഇന്നയാൾ നിങ്ങളിൽനിന്ന് വ്യത്യസ്തമായി സത്യത്തെ കണ്ടെത്തി സ്വീകരിച്ചുവല്ലോ. നിങ്ങൾ എന്തുകൊണ്ട് അത് ചെയ്തില്ല? നിങ്ങളെപ്പോലെ ഒരാളായിരുന്നു അദ്ദേഹവും. അല്ലാഹു അദ്ദേഹത്തിന് ഹുജ്ജതുല്ലാഹ് എന്ന പേര് വെച്ചിരിക്കുന്നു. ഇവർക്ക് രചനയിലൂടെയും പ്രഭാഷണത്തിലൂടെയും മറ്റെല്ലാ നിലക്കും താങ്കൾ ഹുജ്ജത്ത് പൂർത്തീകരിക്കണം' (പേജ് 383).

ഖുർആനിലും അന്ത്യദൂതനിലും വിശ്വസിച്ചവർക്ക് ഈ ചോദ്യത്തിന് മറുപടി പറയാൻ ഒട്ടും പ്രയാസമുണ്ടാവില്ല.

അടുത്ത 'വഹ്‌യ്' ഇങ്ങനെ വായിക്കാം: 'സൽമാൻ നമ്മിൽ പെട്ടവനാണ്; അഹ്‌ലുബൈത്തിൽ.' 'ഈ ഇൽഹാമിലൂടെ അല്ലാഹു എനിക്ക് നൽകിയ പേരാണ് സൽമാൻ' (പേജ് 314).

താൻ സൽമാനുൽ ഫാരിസിയുടെ വംശപരമ്പരയിൽ പെട്ടവനാണ് എന്ന അവകാശവാദം ഉന്നയിക്കുന്നതിന്റെ മുന്നോടിയായാണ് ഇങ്ങനെയൊരു ഇൽഹാം സമർപ്പിച്ചിട്ടുള്ളത്.

**ബിൻനബി**

ഒരിക്കൽ അല്ലാഹു ഇങ്ങനെ മിർസാ ഖാദിയാനിയെ വിളിച്ചുവത്രെ: 'അല്ലാഹുവിന്റെ ദൂതരുടെ പുത്രാ, നിശ്ചയം, ഞാൻ നിന്റെ കൂടെയുണ്ട്' (പേജ് 490).

1905 നവംബർ 20നാണ് ഈ വഹ്‌യ് അവതരിച്ചത്. തനിക്ക് തോന്നിയപോലെയൊക്കെ അല്ലാഹു സംബോധന ചെയ്യുന്നു എന്നാണ് മിർസ പറയുന്നത്.

**ദിവ്യപ്രഭാവം**

"സ്വപ്നത്തിൽ മുഹമ്മദ് ഹുസൈൻ ബട്ടാലവിയെയും മൗലവി അബ്ദുല്ലാ ചക്ടാലവിയെയും ഞാൻ കണ്ടു. ഞാൻ അവരോട് പറഞ്ഞു: 'റമദാനിൽ സൂര്യനും ചന്ദ്രനും ഗ്രഹണം ബാധിച്ചു. നിങ്ങൾ ഇരുവരുടെയും നാഥന്റെ ഏത് ദൃഷ്ടാന്തത്തെയാണ് കളവാക്കുന്നത്?' പിന്നീട് ഞാൻ സ്വപ്നത്തിൽ തന്നെ മൗലവി അബ്ദുൽകരീമിനോ

> **അവസാനകാലത്ത് മിർസാ ഗുലാം ഖാദിയാനിയെ പലതവണ സംബോധന ചെയ്തത് അനുഗൃഹീത നേതാവ് എന്നായിരുന്നുവത്രെ! 'നീ അനുഗൃഹീതനായ നേതാവാകുന്നു. നിഷേധികളുടെ മേൽ അല്ലാഹുവിന്റെ ശാപമുണ്ടാവട്ടെ' (പേജ് 635). 161 വചനങ്ങളുള്ള ഒരു 'സൂറ' യുടെ 16,17 സൂക്തങ്ങൾ ഇങ്ങനെ വായിക്കാം: 'തീർച്ചയായും നീ നമ്മുടെ കൺമുമ്പിൽ തന്നെയുണ്ട്. നിനക്ക് നാം ഭരമേൽപിക്കുന്നവൻ (മുതവക്കിൽ) എന്ന് പേരിട്ടിരിക്കുന്നു' (പേജ് 294).**



ട് പറഞ്ഞു: ഈ സൂക്തത്തിൽ 'ആലാ' (പ്രതിഭാസം) എന്നതുകൊണ്ട് എന്നെയാണ് ഉദ്ദേശിച്ചിട്ടുള്ളത് "(പേജ് 361).

റമദാനിലെ സൂര്യചന്ദ്ര ഗ്രഹണങ്ങൾ അല്ല, താൻ തന്നെയാണ് വഹ്‌യിൽ പറയപ്പെട്ട ദൃഷ്ടാന്തം എന്നാണ് മിർസ അവകാശപ്പെടുന്നത്.

**ഖമറുൽ അമ്പിയാഅ്**

സുദീർഘമായ ഒരു സൂക്താവലിയിൽ 310ാമത്തെ വചനം ഇങ്ങനെയാണ്: 'നബിമാരുടെ ചന്ദ്രൻ വരും. നിന്റെ കാര്യം പൂർത്തീകരിക്കും' (പേജ് 561).

ഇവിടെ ഖമറുൽ അമ്പിയാഅ് എന്ന് പ്രയോഗിച്ചത് തന്നെക്കുറിച്ചാണെന്ന് മിർസ അവകാശപ്പെടുന്നു.

26.12.1905ന് അവതരിച്ച വഹ്‌യിൽ അല്ലാഹു ഇങ്ങനെ സംബോധന ചെയ്തത്രെ: 'ഹേ ചന്ദ്രാ, ഹേ സൂര്യാ നീ എന്നിൽ നിന്നാണ്, ഞാൻ നിന്നിൽനിന്നും' (പേജ് 500).

**സമീന്ദാർ**

'വളരെ തെളിഞ്ഞ ഒരു ജാഗ്രദ് ദർശനത്തിൽ വെളിപ്പെട്ടു: ഹാരിസ് എന്ന പേരിൽ ഒരാൾ, അഥവാ ഹർറാസ് വരാനുണ്ടെന്ന് അബൂദാവൂദ് എഴുതിയത് ഈ വിനീതനെ ഉദ്ദേശിച്ചുകൊണ്ടാകുന്നു' (പേജ് 141,142).

തെളിഞ്ഞ ദർശനമാണ്, പക്ഷേ, പേര് ഹാരിസ് ആണോ ഹർറാസാണോ എന്ന് ഒരു കൃത്യതയുമില്ല!

'ഹാരിസ് എന്നാൽ സമീന്ദാർ, ഹർറാസ് എന്നാൽ വലിയ ജന്മി. ഈ രണ്ട് പദവികളും മസീഹിന് നന്നായി ചേരും' എന്നാണ് അടിക്കുറിപ്പിലെ വിശദീകരണം.

**വൈദ്യരുടെ മകൻ**

'ഞാൻ നിനക്ക് കുഷ്ഠം, അന്ധത, പക്ഷാഘാതം പോലുള്ള, ആളുകൾ വെറുക്കുന്ന രോഗം ഒന്നും തരില്ല' എന്ന് 'അല്ലാഹു' പറയുന്നത് 'അബ്ദുൽ ഹകീം' എന്ന് വിളിച്ചുകൊണ്ടാണ് (പേജ് 572).

വൈദ്യരുടെ മകനായതുകൊണ്ടാവാം അങ്ങനെ വിളിച്ചത്. അദ്ദേഹത്തിന്റെ മൂത്രവാർച്ചയും മരണകാരണമായ കോളറയും മനുഷ്യർ ഇഷ്ടപ്പെടുന്ന രോഗങ്ങളായിരിക്കും!

വീണ്ടും മറ്റൊരു പേരിൽ 'അല്ലാഹു' വിളിച്ചു: 'അല്ലയോ അബ്ദുർറാഫിഅ്, നിശ്ചയം ഞാൻ നിന്നെ എന്നിലേക്ക് ഉയർത്തും' (പേജ് 97).

**ഗോപാലകൃഷ്ണൻ**

ഈസായും മൂസായും ദാവൂദുമൊക്കെ ആയപോലെ കൃഷ്ണനും ഗോപാലനുമൊക്കെയായി മിർസ ഒടിമറിയുന്നതാണ് അടുത്ത ഘട്ടം. "1900ൽ ഒരു ദർശനത്തിൽ സംസ്കൃത പണ്ഡിതനെ ഞാൻ കണ്ടു. വലിയ കൃഷ്ണഭക്തൻ! എന്നോട് പറഞ്ഞു: 'രുദ്രഗോപാലാ, നിന്റെ അസ്തിത്വം ഗീതയിൽ രേഖപ്പെടുത്തിയിരിക്കുന്നു.' അന്നേരം ഞാൻ മനസ്സിലാക്കി, ഹിന്ദുവും മുസ്‌ലിമും ക്രിസ്ത്യാനിയും ഒരു ദൈവനിയുക്തനെ പ്രതീക്ഷിക്കുന്ന കാലമാണിത്..." (പേര് 311).

"പിന്നീടൊരിക്കൽ ചതുരത്തിലുള്ള ഒരു സിംഹാസനത്തിൽ ഹിന്ദുക്കൾക്കിടയിൽ ഇരിക്കുന്ന

**ഈസായും മൂസായും ദാവൂദുമൊക്കെ ആയപോലെ കൃഷ്ണനും ഗോപാലനുമൊക്കെയായി മിർസ ഓടിമറിയുന്നതാണ് അടുത്ത ഘട്ടം. "1900ൽ ഒരു ദർശനത്തിൽ സംസ്കൃത പണ്ഡിതനെ ഞാൻ കണ്ടു. വലിയ കൃഷ്ണഭക്തൻ! എന്നോട് പറഞ്ഞു: 'രുദ്രഗോപാലാ, നിന്റെ അസ്തിത്വം ഗീതയിൽ രേഖപ്പെടുത്തിയിരിക്കുന്നു.' അന്നേരം ഞാൻ മനസ്സിലാക്കി, ഹിന്ദുവും മുസ്‌ലിമും ക്രിസ്ത്യാനിയും ഒരു ദൈവനിയുക്തനെ പ്രതീക്ഷിക്കുന്ന കാലമാണിത്...'' (പേര് 311).**

തായി ഞാൻ കണ്ടു. അവർ എല്ലാവരും ഒരുപാട് രൂപ നേർച്ചയായി എനിക്ക് തന്നു കൊണ്ടിരുന്നു. ആൾക്കൂട്ടത്തിൽ നിന്ന് ഒരാൾ വിളിച്ചുപറഞ്ഞു: 'ഹേ കൃഷ്ണ ജീ, രുദ്രഗോപാൽ ജീ'' (പേജ് 312).

**ആര്യന്മാരുടെ രാജാവ്**

"ഒരിക്കൽ ഞാൻ കൃഷ്ണനെ കണ്ടു, നീണ്ട നാസികയും വിടർന്ന നെറ്റിത്തടവും കറുത്ത നിറവുമുള്ള കൃഷ്ണൻ തന്റെ മൂക്കും നെറ്റിത്തടവും എന്റെ മൂക്കിന്മേലും നെറ്റിയിലും ചേർത്തുവച്ചു. അപ്പോൾ ഇൽഹാം അവതരിച്ചു: 'ആര്യന്മാരുടെ രാജാവ് വന്നു'' (പേജ് 312,313).

1902: "നിരവധി ഹിന്ദുക്കൾ നമുക്ക് മുമ്പിൽ സുജൂദിലെന്ന പോലെ പ്രണമിക്കുന്നതായി ഞാൻ രണ്ടു തവണ സ്വപ്നത്തിൽ കണ്ടു. 'ഇത് അവതാരമാകുന്നു, കൃഷ്ണനാകുന്നു' എന്ന് പറഞ്ഞുകൊണ്ട് എന്റെ മുമ്പിൽ നിവേദ്യങ്ങൾ അർപ്പിച്ചു'' (പേജ് 343).

ഉണരുന്നതോടെ അവസാനിക്കുന്ന വെറും പാഴ് കിനാവുകളായി അവസാനിക്കുകയായിരുന്നു അവ. അവസാനകാലത്ത് വരും എന്ന് വിശ്വസിക്കപ്പെടുന്ന കൃഷ്ണാവതാരമാണ് താനെന്ന് മിർസാ ഖാദിയാനി വാദിച്ചെങ്കിലും ഹിന്ദുക്കൾ ആരും അദ്ദേഹത്തെ തിരിഞ്ഞുനോക്കിയില്ല എന്നതാണ് ചരിത്രം!

തദ്കിറയിൽ ഇങ്ങനെ നിരവധി പേരുകളിൽ മിർസാ ഖാദിയാനിയെ സംബോധന ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽ പറയാത്ത പലപേരുകളും 'അല്ലാഹു തനിക്ക് വെച്ചിട്ടുണ്ട്' എന്ന് അദ്ദേഹം 'തതിമ്മയേ ഹഖീഖതുൽ വഹ്‌യി'ൽ എഴുതിയിട്ടുണ്ട്.

"അല്ലാഹുവിന്റെ പട്ടികയിൽ ഇബ്നു മർയം എന്ന് മാത്രമല്ല എനിക്ക് പേരുള്ളത്. 'ബറാഹീനെ അഹ് മദിയ്യ'യിൽ അല്ലാഹു എന്റെ കൈകൾ കൊണ്ട് എഴുതിയ പേരുകൾ നിരവധിയാണ്. ഞാൻ ആദമാണ്, നൂഹാണ്, ഇബ്റാഹീമും മൂസയും ദാവൂദും ഈസയും മുഹമ്മദും ഞാൻ തന്നെ... അതു കൂടാതെ കൃഷ്ണന്റെയും രുദ്ര ഗോപാലന്റെയും പേരുകളും എനിക്കു നൽകപ്പെട്ടിരിക്കുന്നു'' (പേജ് 84,85). ഇവിടെ പറഞ്ഞ ചില പേരുകൾ വഹ്‌യുകളുടെ സമ്പൂർണ സമാഹാരമെന്നവകാശപ്പെടുന്ന 'തദ്കിറ' യിൽ കാണാനില്ല. ഇടയ്ക്കെപ്പഴോ പേരുമാത്രം വിളിച്ചുണർത്തിയതാവാം!

മീർ മുഹമ്മദ് ഇസ്മയിൽ എഴുതി: "അല്ലാഹുവിന് 99 വിശിഷ്ട നാമങ്ങളുണ്ട്. മുഹമ്മദ് നബി(സ)ക്കുമുണ്ട് അത്രതന്നെ ഗുണനാമങ്ങൾ. എങ്കിൽ മസീഹിന് മാത്രം ഇല്ലാതിരിക്കുമോ? ഞാനവ എണ്ണിനോക്കി. അത്ഭുതമെന്ന് പറയട്ടെ, അദ്ദേഹത്തിന്റെ 99 നാമങ്ങൾ ഞാൻ ലിസ്റ്റ് ചെയ്തു. 'അഹ്മദ്, മുഹമ്മദ്, മഹ്ദി, മസീഹ്, മറിയം, ആദം, നൂഹ്, ഇബ്റാഹീം, മൂസ, ഈസ, കൃഷ്ണൻ, രുദ്ര ഗോപാലൻ... അങ്ങനെ 99 നാമങ്ങൾ!''

ഇങ്ങനെ നോക്കുമ്പോൾ 'ആധുനിക പ്രവാചകന്റെ' പേരുകൾ 99ൽ പോയിട്ട് പതിനായിരത്തിലും ഒതുങ്ങില്ല. പ്രവാചകന്മാർ തന്നെ ലക്ഷത്തിൽപരം നിയോഗിക്കപ്പെട്ടിട്ടുണ്ടല്ലോ.


٣١١

آلودہ ہیں اور یا سرے سے موضوع ہیں۔" (ضمیمہ تحفہ گولڑویہ حاشیہ صفحہ ۱۰۔ روحانی خزائن جلد ۱۷ صفحہ ۵۱ حاشیہ)

۱۹۰۰ء

(الف) "کشفی طور پر ایک مرتبہ مجھے ایک شخص دکھایا گیا۔ گویا وہ سنسکرت کا ایک عالم آدمی ہے جو کرشن کا نہایت درجہ معتقد ہے۔ وہ میرے سامنے کھڑا ہوا اور مجھے مخاطب کرکے بولا کہ

"ہے رُودر گوپال تیری استت گیتا میں لکھی ہے"

اسی وقت مَیں نے سمجھا کہ تمام دُنیا ایک رُودر گوپال کا انتظار کر رہی ہے کیا ہندو اور کیا مسلمان اور کیا عیسائی۔ مگر اپنے اپنے لفظوں اور زبانوں میں۔ اور سب نے یہی وقت ٹھہرایا ہے۔ اور اس کی یہ دونوں صفتیں قائم کی ہیں یعنی سُوروں کو مارنے والا اور گائیوں کی حفاظت کرنے والا۔ اور وہ مَیں ہوں جس کی نسبت ہندوؤں میں پیشگوئی کرنے والے قدیم سے زور دیتے آئے ہیں کہ وہ آریہ ورت میں یعنی اسی ملک ہند میں پیدا ہوگا اور انھوں نے اس کے مسکن کے نام بھی لکھے ہیں مگر وہ تمام نام استعارہ کے طور پر ہیں جن کے نیچے ایک اَور حقیقت ہے۔" (تحفہ گولڑویہ صفحہ ۱۳۰ حاشیہ۔ روحانی خزائن جلد ۱۷ صفحہ ۳۱۵ تا ۳۱۷)

(ب) "خدا تعالیٰ نے کشفی حالت میں بارہا مجھے اِس بات پر اطلاع دی ہے کہ آریہ قوم میں کرشن نام ایک شخص جو گذرا ہے وہ خدا کے برگزیدوں اور اپنے وقت کے نبیوں میں سے تھا اور ہندوؤں میں اَوتار کا لفظ درحقیقت نبی کے ہم معنی ہے۔ اور ہندوؤں کی کتابوں میں ایک پیشگوئی ہے اور وہ یہ کہ آخری زمانہ میں ایک اَوتار آئے گا جو کرشن کے صفات پر ہوگا اور اس کا بروز ہوگا اور میرے پر ظاہر کیا گیا ہے کہ وہ مَیں ہوں۔ کرشن کی دو صفت ہیں ایک رُودر یعنی درندوں اور سُوروں کو قتل کرنے والا یعنی دلائل اور نشانوں سے۔ دوسرے گوپال یعنی گائیوں کو پالنے والا یعنی اپنے انفاس سے نیکوں کا مددگار۔ اور یہ دونوں صفتیں مسیح موعود کی صفتیں ہیں اور یہی دونوں صفتیں خدا تعالیٰ نے مجھے عطا فرمائی ہیں۔" (تحفہ گولڑویہ صفحہ ۱۳۰ حاشیہ در حاشیہ۔ روحانی خزائن جلد ۱۷ صفحہ ۳۱۷)


(ج) وہ خدا جو زمین و آسمان کا خدا ہے اُس نے یہ میرے پر ظاہر کیا ہے اور نہ ایک دفعہ بلکہ کئی دفعہ مجھے بتلایا ہے کہ تُو ہندوؤں کے لئے کرشن اور مسلمانوں اور عیسائیوں کے لئے مسیح موعود ہے۔ (لیکچر سیالکوٹ صفحہ ۳۳۔ روحانی خزائن جلد ۲۰ صفحہ ۲۲۸)

(د) اَب واضح ہو کہ راجہ کرشن جیسا کہ میرے پر ظاہر کیا گیا ہے درحقیقت ایک ایسا کامل انسان تھا جس کی نظیر ہندوؤں کے کسی رشی اور اوتار میں نہیں پائی جاتی اور اپنے وقت کا اوتار یعنی نبی تھا جس پر خدا کی طرف سے رُوح القدس اُترتا تھا۔ وہ خدا کی طرف سے فتحمند اور با اقبال

*കൃഷ്ണനും രുദ്ര ഗോപാലനും താനാണെന്ന വഹ്‌യ് അവതരിച്ച തദ്കിറ 311ാം പേജ്*

**"അല്ലാഹുവിന് 99 വിശിഷ്ട നാമങ്ങളുണ്ട്. മുഹമ്മദ് നബി(സ)ക്കുമുണ്ട് അത്രതന്നെ ഗുണനാമങ്ങൾ. എങ്കിൽ മസീഹിന് മാത്രം ഇല്ലാതിരിക്കുമോ? ഞാനവ എണ്ണി നോക്കി. അത്ഭുതമെന്ന് പറയട്ടെ, അദ്ദേഹത്തിന്റെ 99 നാമങ്ങൾ ഞാൻ ലിസ്റ്റ് ചെയ്തു. 'അഹ്മദ്, മുഹമ്മദ്, മഹ്ദി, മസീഹ്, മറിയം, ആദം, നൂഹ്, ഇബ്റാഹീം, മൂസ, ഈസ, കൃഷ്ണൻ, രുദ്ര ഗോപാലൻ... അങ്ങനെ 99 നാമങ്ങൾ!''**

**ഇങ്ങനെ നോക്കുമ്പോൾ 'ആധുനിക പ്രവാചകന്റെ' പേരുകൾ 99ൽ പോയിട്ട് പതിനായിരത്തിലും ഒതുങ്ങില്ല. പ്രവാചകന്മാർ തന്നെ ലക്ഷത്തിൽപരം നിയോഗിക്കപ്പെട്ടിട്ടുണ്ടല്ലോ.**



# കേരളത്തെ അപമാനിക്കുന്ന സംഘ് സ്റ്റോറി

**മുജീബ് ഒട്ടുമ്മൽ**
:97444 31890

**ഇടവേളക്ക് ശേഷം ലൗ ജിഹാദും ഐസിസും ആടുമേയ്ക്കലുമെല്ലാം മാധ്യമങ്ങളിൽ നിറയുകയാണ്. സംഘ്പരിവാർ നുണഫാക്ടറികളിൽനിന്ന് വിസർജിക്കുന്ന അശ്ലീലങ്ങൾക്ക് ലക്ഷ്യം ഒന്നേയുള്ളൂ; വരാനിരിക്കുന്ന ഇലക്ഷനിൽ കേരളത്തിലടക്കം കുറച്ച് സീറ്റുകൾ തരപ്പെടുത്തുക. കൊന്നും തിന്നും പാർട്ടി വളർത്തുന്ന രാഷ്ട്രീയ ഭീകരന്മാർക്കും അവരുടെ പിന്നണിയാളുകൾക്കുമറിയില്ലല്ലോ, സ്നേഹം കൊടുത്തും വാങ്ങിയും വളർത്തപ്പെട്ട ഒരു നാടിന്റെ പാരമ്പര്യം!**

‘സർ, ഇതൊരു ഗ്ലോബൽ അജണ്ടയാണ്, അടുത്ത ഇരുപത് വർഷങ്ങൾക്കുള്ളിൽ കേരളം ഒരു ഇസ്‌ലാമിക് സ്റ്റേറ്റ് ആയി മാറുമെന്ന് ഞങ്ങളുടെ ഒരു മുൻ മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നു’ ദ കേരളാ സ്റ്റോറി എന്ന സംഘപരിവാര സിനിമയുടെ ട്രീസയിൽനിന്നുള്ള ഒരു രംഗത്തിൽ കേരളത്തിൽനിന്നുള്ള ശാലിനി ഉണ്ണികൃഷ്ണൻ എന്ന പെൺകുട്ടി മതം മാറി ഐഎസിൽ ചേർന്നതിന് ശേഷമുണ്ടായ അനുഭവങ്ങൾ അന്വേഷണ ഉദ്യോഗസ്ഥൻമാർക്കിടയിൽ കരഞ്ഞ് അവതരിപ്പിച്ചതിലെ ഒരു പരാമർശമാണിത്.

ഒരുപറ്റം ചെറുപ്പക്കാർ ഹിന്ദു പെൺകുട്ടിയുടെ വസ്ത്രം വലിച്ചുകീറി ഉപദ്രവിക്കുന്നത് കണ്ടപ്പോൾ ഹിജാബ് ധരിച്ചാൽ അല്ലാഹുവിന്റെ സംരക്ഷണമുണ്ടാകുമെന്നും മതം മാറണമെന്നും ഉപദേശിക്കുന്ന ഒരു മുസ്‌ലിം പെൺകുട്ടിയുടെ സംസാരവും ഇതിൽ ചിത്രീകരിക്കുന്നുണ്ട്.

ഹിന്ദു പെൺകുട്ടികളെ അവരുടെ കുടുംബങ്ങളിൽനിന്ന് അകറ്റി നിറുത്താനും അവരെ ഗർഭിണികളാക്കാനും അടുത്ത മിഷന് വേണ്ടി ഉപയോഗപ്പെടുത്താനും ഉപദേശിക്കുന്ന ഇസ്‌ലാമിക് സ്റ്റഡി സെന്റർ പ്രവർത്തകരെന്ന രീതിയിൽ ചിലരെയും




> കേരളത്തിൽ നിന്ന് 32000 പെൺകുട്ടികളെ മതം മാറ്റി ഭീകര സംഘടനയായ ഐഎസിൽ ചേർത്തിട്ടുണ്ടെന്ന പെരും കള്ളമാണ് സിനിമയുടെ ഇതിവൃത്തം. ഒരു അഭിമുഖത്തിൽ താൻ അവകാശപ്പെടുന്ന കണക്ക് തെളിയിക്കാൻ സാധിച്ചിട്ടില്ലെന്ന് അവർ സമ്മതിക്കുന്നുണ്ട്. ഇന്ത്യയിലെ ഭീകരവാദത്തിന്റ കേന്ദ്രമായി കേരളത്തെ അവതരിപ്പിച്ചുകൊണ്ട് മലയാളി പ്രബുദ്ധതയോട് പകതീർക്കുകയെന്നതാണ് ഇതിന്റ ലക്ഷ്യം. ലൗ ജിഹാദ് പ്രമേയമാക്കി സിനിമ ചിത്രീകരിച്ചുകൊണ്ട് നുണക്കഥകളെ സാധൂകരിക്കാനുള്ള ശ്രമമാണ് നാം കാണുന്നത്.

അതിൽ ചിത്രീകരിച്ചിട്ടുണ്ട്.

മെയ് അഞ്ചിന് വിവിധ ഭാഷകളിൽ റിലീസിങ്ങ് പ്രതീക്ഷിക്കുന്ന 'ദ കേരളാ സ്റ്റോറി' എന്ന സംഘ പരിവാര വിദ്വേഷ പ്രചാരണ ഹിന്ദി സിനിമയുടെ ട്രെയ്ലറിലെ അപകടകരമായ ഏതാനും രംഗങ്ങളാണിത്. വർഗീയ വിഷം വിതറുന്ന സിനിമയെ കുറിച്ച് മതനിരപേക്ഷ സമൂഹം ആശങ്കയോടെ ചർച്ച ചെയ്യുകയാണ്. 2018 ൽ 'ഇൻ ദ നെയിം ഓഫ് ലവ്' എന്ന ഡോക്യുമെന്ററി ഇറക്കി വിദ്വേഷ രാഷ്ട്രീയ പ്രചാരണത്തിന് വേഗം കൂട്ടാൻ ശ്രമിച്ച സംഘപരിവാര പ്രവർത്തകനായ സുദീപ്തോ സെന്നാണിതിന്റ സംവിധാനം ചെയ്തിരിക്കുന്നത്. വിപുൽ അമൃത് ലാൽ ഷാ നിർമാണം നടത്തിയ സിനിമയുടെ രചന നിർവഹിച്ചിരിക്കുന്നത് സൂര്യപാൽ സിങ്ങ് നിർമാതാവും സംവിധായകനുമെല്ലാമാണ്.'

'The film is inspired by Many true stories' എന്ന് പറഞ്ഞ് തുടങ്ങുന്ന സിനിമയുടെ ഉള്ളടക്കം നുണയും വ്യാജവർത്തമാനങ്ങളും വർഗീയ സംഘർഷങ്ങൾക്ക് നിദാനമാകുന്ന പ്രമേയങ്ങളും മുസ്‌ലിം സമുദായത്തെ അപരവൽക്കരിക്കാനുള്ള അജണ്ടകളും ആരോപണങ്ങളുമെല്ലാമായി സുന്ദര കേരളത്തിൽ സംഘപരിവാര അക്രമ ദർശനത്തിന്റ വിത്തിറക്കാനുള്ള ശ്രമമാണ് എന്നത് വ്യക്തമാണ്. കേരളത്തിൽ നിന്ന് 32000 പെൺകുട്ടികളെ മതം മാറ്റി ഭീകര സംഘടനയായ ഐഎസിൽ ചേർത്തിട്ടുണ്ടെന്ന പെരും കള്ളമാണ് സിനിമയുടെ ഇതിവൃത്തം. ഒരു അഭിമുഖത്തിൽ താൻ അവകാശപ്പെടുന്ന കണക്ക് തെളിയിക്കാൻ സാധിച്ചിട്ടില്ലെന്ന് അവർ സമ്മതിക്കുന്നുണ്ട്. ഇന്ത്യയിലെ ഭീകരവാദത്തിന്റ

കേന്ദ്രമായി കേരളത്തെ അവതരിപ്പിച്ചുകൊണ്ട് മലയാളി പ്രബുദ്ധതയോട് പകതീർക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. ലൗ ജിഹാദ് പ്രമേയമാക്കി സിനിമ ചിത്രീകരിച്ചുകൊണ്ട് നുണക്കഥകളെ സാധൂകരിക്കാനുള്ള ശ്രമമാണ് നാം കാണുന്നത്.

കേരളത്തിൽനിന്ന് 32000 പെൺകുട്ടികളെ കൂട്ടത്തോടെ മതം മാറ്റി ഐഎസിൽ ചേർത്തു എന്ന കണക്ക് ഒരു അന്വേഷണവുമില്ലാതെ ആവർത്തിക്കുന്നത് പരമാവധി വിദ്വേഷവും വെറുപ്പും സമുദായങ്ങൾക്കിടയിൽ വളർത്താനാണ്. ലൗ ജിഹാദ് കേരളത്തിൽ വ്യാപകമാണെന്ന പ്രചാരണത്തിന് സംഘ പരിവാരങ്ങൾ മുൻ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ 2010ൽ നടത്തിയ പ്രസ്താവനകൾ ഉപയോഗപ്പെടുത്തുന്നുണ്ട്. 20 വർഷത്തിനകം കേരളത്തെ ഇസ്‌ലാമിക രാജ്യമാക്കാൻ ഒരു വിഭാഗം ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നും അതിനായി ചെറുപ്പക്കാർക്ക് ധാരാളമായി പണം ലഭിക്കുന്നുണ്ടെന്നും അദ്ദേഹം ആരോപിച്ചു. ഉൽബുദ്ധരായ മലയാളിസമൂഹത്തിന്റെ പ്രതിഷേധവും വിമർശനങ്ങളും കനത്തതോടെ കേവലമൊരു കഥ മാത്രമാണെന്നും അതിൽ സത്യവും മിഥ്യയും സ്വാഭാവികമാണെന്നും ന്യായീകരിച്ച് കൊണ്ട് ചാനൽ ചർച്ചകളിൽ നിസ്സാരവൽകരിക്കാൻ സംഘമിത്രങ്ങൾ ശ്രമിക്കുന്നുണ്ടെങ്കിൽ പിന്നിലുള്ള ലക്ഷ്യവും ഉണ്ടാകാൻ പോകുന്ന വിമർശനങ്ങളെ നേരിടാനുള്ള മാർഗവും സിനിമയുടെ നിർമാതാവ് വിപുൽ ഷാ മുമ്പേ പറഞ്ഞുവച്ചിട്ടുണ്ട്. അതിങ്ങനെയാണ്:

"ഞങ്ങൾ ചിത്രത്തിനെതിരായ ആരോപണങ്ങൾ തക്കസമയത്ത് അഭിമുഖീകരിക്കും. ഞങ്ങൾ പറയുന്ന കാര്യങ്ങൾ തെളിവില്ലാതെ പറയില്ല. ഞങ്ങളുടെ വസ്തുതകളും കണക്കുകളും അവതരിപ്പിക്കുമ്പോൾ ആളുകൾക്ക് ഉത്തരം ലഭിക്കും. അവർ അത് സ്വീകരിക്കണോ വേണ്ടയോ എന്നത് അവരുടെ ഇഷ്ടമാണ്. സംവിധായകൻ സുദീപ്തോ സെൻ സിനിമ തുടങ്ങുന്നതിനു മുമ്പ് നാല് വർഷത്തോളം വിപുലമായ ഗവേഷണം നടത്തിയിട്ടുണ്ട്. ഒരു വലിയ ദുരന്തത്തെ ആസ്പദമാക്കിയാണ് ഞങ്ങൾ സിനിമ നിർമ്മിക്കുന്നത്. ഒരു ചലച്ചിത്രകാരൻ എന്ന നിലയിൽ എനിക്ക് ഈ കഥ പറയണമെന്ന് തോന്നി. എന്റെ ഹൃദയത്തെ സ്പർശിക്കുന്ന കഥയെക്കുറിച്ച് മാത്രമെ ഞാൻ ചിന്തിക്കുകയുള്ളൂ."

ഇന്ത്യയുടെ മതനിരപേക്ഷ മനസ്സും വിദ്വേഷ രാഷ്ട്രീയത്തോടുള്ള മടുപ്പും ഐക്യവും സാഹോദര്യവും സ്നേഹവും കാരുണ്യവും നെഞ്ചിലേക്ക് ചേർത്തുവച്ച മഹാഭൂരിപക്ഷവും സിനിമ ഉയർത്തുന്ന വിഷലിപ്ത ദർശനത്തോട് വിയോജിപ്പുള്ളവരാണെന്ന് പ്രതികരണങ്ങൾ സൂചിപ്പിക്കുന്നുണ്ട്. തമിഴ്നാട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പ്രശസ്ത മാധ്യമപ്രവർത്തകനായ ബി.ആർ അരവിന്ദാക്ഷൻ വിവരാവകാശ നിയമപ്രകാരം സെൻസർ സർട്ടിഫിക്കേറ്റ് ആവശ്യപ്പെട്ടപ്പോൾ സെൻട്രൽ ബോർഡ് ഓഫ് ഫിലിം സെർട്ടിഫിക്കേഷൻ (സിബിഎഫ്സി) തന്നെ ഇല്ലെന്നാണ് മറുപടി നൽകിയത്. അതായത് സെൻസർ ബോർഡ് അംഗീകാരമില്ലാതെയാണ് ഈ സിനിമയുടെ ട്രെയ്‌ലർ പുറത്തിറക്കിയിരിക്കുന്നത്. ബിജെപിയുടെ ഐടി സെല്ലിലൂടെ രാജ്യത്തെ മുഴുവൻ പൗരൻമാരി

**തമിഴ്നാട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പ്രശസ്ത മാധ്യമപ്രവർത്തകനായ ബി.ആർ അരവിന്ദാക്ഷൻ വിവരാവകാശ നിയമപ്രകാരം സെൻസർ സർട്ടിഫിക്കേറ്റ് ആവശ്യപ്പെട്ടപ്പോൾ സെൻട്രൽ ബോർഡ് ഓഫ് ഫിലിം സെർട്ടിഫിക്കേഷൻ (സിബിഎഫ്സി) തന്നെ ഇല്ലെന്നാണ് മറുപടി നൽകിയത്. അതായത് സെൻസർ ബോർഡ് അംഗീകാരമില്ലാതെയാണ് ഈ സിനിമയുടെ ട്രെയ്‌ലർ പുറത്തിറക്കിയിരിക്കുന്നത്. ബിജെപി യുടെ ഐടി സെല്ലിലൂടെ രാജ്യത്തെ മുഴുവൻ പൗരൻമാരിലേക്ക് ഇത് ഒഴുകിക്കൊണ്ടിരിക്കുന്നതും രാജ്യത്തെ നിയമം ലംഘിച്ചുകൊണ്ടാണെന്നർഥം.**



ലേക്ക് ഇത് ഒഴുകിക്കൊണ്ടിരിക്കുന്നതും രാജ്യത്തെ നിയമം ലംഘിച്ചുകൊണ്ടാണെന്നർഥം. 2023 മാർച്ച് 16ന് സെൻസർ ബോർഡ് ഇല്ലെന്ന് മറുപടി നൽകിയതിന് ശേഷം തുടർനടപടി ആഗ്രഹിക്കുന്നുവെങ്കിൽ 30 ദിവസത്തിനകം സെൻസർ ബോർഡിന്റെ അപ്പലേറ്റ് അതോറിറ്റിക്ക് പരാതി നൽകാനും മറുപടിയിൽ പറയുന്നുണ്ടായിരുന്നു. ചിത്രത്തിന്റെ ട്രെയ്‌ലർ നവംബറിൽ പുറത്ത് വന്നപ്പോൾതന്നെ മാധ്യമ പ്രവർത്തകനായ ബിആർ അരവിന്ദാക്ഷൻ കേരള മുഖ്യമന്ത്രിക്കും സിബിഎഫ്‌സിക്കും പരാതി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ കേസെടുക്കുകയും ചെയ്തിരുന്നു. ഇപ്പോൾ ചിത്രം പ്രദർശനത്തിന് തയ്യാറെടുക്കുന്ന സാഹചര്യത്തിൽ അദ്ദേഹം പരാതിയുമായി മുന്നോട്ട് പോവുകയാണ്.

**ലൗ ജിഹാദ്: വസ്തുതയും നിലപാടും**

ലൗ ജിഹാദ് ഉണ്ടെന്ന് വാദിക്കാൻ വി.എസ് അച്യുതാനന്ദന്റെ വാചകങ്ങളെടുത്തുദ്ധരിക്കുന്നുണ്ട്. കേരളത്തിന്റെ സ്വൈര്യജീവിതത്തിലേക്ക് ഉത്തരേന്ത്യൻ മോഡൽ കടന്നുകയറ്റത്തിനായി സംഘപരിവാര- ഹിന്ദുത്വ ഭീകരർ ഉപയോഗിക്കുന്ന ലൗ ജിഹാദ് എന്നത് ശുദ്ധമായ അസംബന്ധവും വ്യാജവും നുണയുമാണെന്ന് രാജ്യത്തെ പോലീസും ജുഡീഷ്യറിയും വ്യക്തമാക്കിയതാണ്. സമൂഹത്തെ ഭിന്നിപ്പിച്ച് ഭരണം നിലനിറുത്താൻ വ്യാമോഹിക്കുന്ന നരേന്ദ്ര മോദി സർക്കാറിലെ ആഭ്യന്തരമന്ത്രി സാക്ഷാൽ അമിത്ഷയുടെ വകുപ്പ് 2020 ഫെബ്രുവരി നാലിന് ലോകസഭയിൽ കേരളത്തിൽനിന്നുള്ള ബെന്നി ബെഹനാൻ എംപിക്ക് നൽകിയ മറുപടി ഇങ്ങനെയാണ്:

"No such cases of Love Jihad has been reported by any of the central agencies" ലൗജിഹാദിന്റെ പേരിലുള്ള ഒരു കേസുപോലും ഒരു കേന്ദ്ര ഏജൻസിയും ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് സാരം.

**സിനിമയിൽ ആരോപിക്കുന്നത് പോലെ ലൗ ജിഹാദിലൂടെ ഐഎസിൽ ചേർന്നവരുടെ എണ്ണം അത്രയൊന്നുമില്ലെന്ന് വാദിക്കുന്ന നിഷ്കളങ്കരായ നിഷ്പക്ഷ ചിന്തകരും അറിയാതെ അൽപമെങ്കിലും ഉണ്ടെന്ന് ധ്വനിപ്പിക്കുന്ന പ്രസ്താവനകൾ നടത്തുന്നതും ഗൗരവമുള്ള കാര്യമാണ്. അങ്ങനെയെങ്കിൽ ഭരണകൂടം അതിന്റെ കണക്കുകൾ ആധികാരികമായി പുറത്ത് വിടേണ്ടിയിരുന്നു. ഔദ്യോഗികമായ ഒരു സ്ഥിരീകരണവുമില്ലാതെ പ്രചരിപ്പിക്കുന്ന മിത്തുകൾകൊണ്ട് സമൂഹത്തിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് ചിന്തിക്കാതെയാണ് അഭിപ്രായപ്രകടനങ്ങളിൽ നിഷ്കളങ്കമായ നുണകൾക്ക് അനുകൂലപ്പെടുന്നത്. പത്രമാധ്യമങ്ങളിലൂടെ വായിച്ചറിഞ്ഞ ചില വസ്തുതകളെ നാം ഗൗരവത്തിൽ വായിക്കേണ്ടതുണ്ട്.**

അതായത് മോദി സർക്കാർതന്നെ നിരാകരിച്ച ഒരു കെട്ടുകഥയാണ് സംഘ പരിവാർ ഇപ്പോൾ കേരളത്തിനെതിരെ പ്രയോഗിക്കുന്നത്.

ലൗ ജിഹാദ് പ്രവർത്തിക്കുന്നുണ്ടോ എന്ന് അന്വേഷിക്കുന്നതിന് സംസ്ഥാന ഡിജിപിയോടും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തോടും ഹൈക്കോടതി ആവശ്യപ്പെട്ടത് പ്രകാരം, കേരള സംസ്ഥാന ഡിജിപി ജേക്കബ് പുന്നൂസും കേന്ദ്ര ആഭ്യന്തര മന്ത്രാലയവും ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ, സംസ്ഥാനത്തോ രാജ്യത്ത് മറ്റെവിടെയെങ്കിലുമോ ലൗ ജിഹാദ് പ്രവർത്തിക്കുന്നില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സിനിമയിൽ ആരോപിക്കുന്നത് പോലെ ലൗ ജിഹാദിലൂടെ ഐഎസിൽ ചേർന്നവരുടെ എണ്ണം അത്രയൊന്നുമില്ലെന്ന് വാദിക്കുന്ന നിഷ്കളങ്കരായ നിഷ്പക്ഷ ചിന്തകരും അറിയാതെ അൽപമെങ്കിലും ഉണ്ടെന്ന് ധ്വനിപ്പിക്കുന്ന പ്രസ്താവനകൾ നടത്തുന്നതും ഗൗരവമുള്ള കാര്യമാണ്. അങ്ങനെയെങ്കിൽ ഭരണകൂടം അതിന്റെ കണക്കുകൾ ആധികാരികമായി പുറത്ത് വിടേണ്ടിയിരുന്നു. ഔദ്യോഗികമായ ഒരു സ്ഥിരീകരണവുമില്ലാതെ പ്രചരിപ്പിക്കുന്ന മിത്തുകൾകൊണ്ട് സമൂഹത്തിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് ചിന്തിക്കാതെയാണ് അഭിപ്രായപ്രകടനങ്ങളിൽ നിഷ്കളങ്കമായ നുണകൾക്ക് അനുകൂലപ്പെടുന്നത്. പത്രമാധ്യമങ്ങളിലൂടെ വായിച്ചറിഞ്ഞ ചില വസ്തുതകളെ നാം ഗൗരവത്തിൽ വായിക്കേണ്ടതുണ്ട്.

അഫ്ഗാനിസ്ഥാനിലേക്കും സിറിയയിലേക്കും പോയി എന്ന് പറയപ്പെടുന്നത് ആറ് മലയാളികളാണ്. നാല് ക്രിസ്ത്യാനികളും ഒരു ഹിന്ദുവും ഒരു മുസ്‌ലിമും എന്നിങ്ങനെയാണ് കണക്ക്. ബെസ്റ്റിൻ വിൻസന്റും കാമുകി നിമിഷയും ബെക്സിൻ വിൻസെന്റും കാമുകി മെറിനും റാഷിദ് അബ്ദുല്ലയും കാമുകിയായ സോണിയാ സെബാസ്റ്റിനുമാണവർ. ഇസ്‌ലാമിൽ ജനിച്ച് വളർന്നവർക്കില്ലാത്ത യുദ്ധക്കൊതിയും സ്വർഗമോഹവും ഇവർക്കുണ്ടായിയെന്ന് വിശ്വസിക്കാൻ എങ്ങനെ സാധിക്കുമെന്നത് ചിന്തിക്കേണ്ട കാര്യമാണ്. ഇവരുടെ മതംമാറ്റത്തിന്റെ കഥയിലെ വർത്തമാനങ്ങളിലും അതിശയോക്തി ദർശിക്കുന്നവരെ കുറ്റം പറയാനാവില്ല. അതിന് ബലമേകുന്ന വാർത്തകളും നമുക്ക് വായിക്കാനാകും. അരുൺ കുമാർ സൈനി, സർവജിത് സിങ്ങ്, കുൽദീപ് സിങ്ങ്, ജോഗസിങ്ങ്, തുടങ്ങി ഐഎസിൽ ചേർന്ന നാല് ഇന്ത്യൻ ഭീകരരെ

വിദേശകാര്യ മന്ത്രി സുഷമാ സ്വരാജിന്റ ഇടപെടലിനെ തുടർന്ന് സിറിയ മോചിപ്പിച്ചത്രെ!

നീൽ പ്രകാശ് എന്ന ഇന്ത്യൻ വംശജനായ ഐഎസ് ഭീകരൻ സിറിയയിൽ കൊല്ലപ്പെട്ടത്രെ! ആസാമിൽ ഐഎസ് പതാക സ്ഥാപിച്ചതിനോടനുബന്ധിച്ച് പിടിക്കപ്പെട്ടവരെല്ലാം ബിജെപി പ്രവർത്തകരായിരുന്നുവത്രെ!

ഇങ്ങനെയുള്ള വാർത്തകൾ വായിക്കാൻ സാധിക്കുന്ന സാമാന്യ മലയാളി പ്രബുദ്ധതയ്ക്കിടയിൽ കേരളാ സ്റ്റോറി എങ്ങനെ ചലനമുണ്ടാക്കുമെന്ന് കണ്ടറിയണം.

കേരളത്തിലെന്നല്ല, ഇന്ത്യയിലെവിടെയും മുസലിം സമൂഹം ഐഎസിനോടും അതിന്റ ആശയങ്ങളോടും ഒരിക്കൽ പോലും സന്ധിയായിരുന്നിട്ടില്ല എന്നതാണ് സത്യം.

ലൗ ജിഹാദ് ചർച്ച കേരളത്തിൽ സജീവമാക്കി മുസ്‌ലിം സമുദായത്തെ സംശയത്തിന്റ മുൾമുനയിൽ നിറുത്തിയ സാഹചര്യങ്ങളിലെല്ലാം ഇസ്‌ലാമിക പണ്ഡിതൻമാർ ഈ വിഷയം പ്രാമാണികമായി വിശദീകരിച്ചിട്ടുണ്ട്. പവിത്രമായ ജിഹാദ് എന്ന പദത്തിനോട് അശ്ലീലത ചേർത്തുവയ്ക്കുന്നത് തന്നെ മതത്തെ പരിഹസിക്കുകയാണെന്ന വിശദീകരണവും നാം കണ്ടു. വൃദ്ധരായ മാതാപിതാക്കളെ പരിചരിക്കുന്നതും നിരാലംബരെ ചേർത്തുപിടിക്കുന്നതും രോഗം കാർന്നുതിന്ന് വേദനകൾ കടിച്ചമർത്തുന്ന നിസ്സഹായർക്ക് അത്താണിയായി നിൽക്കുന്നതും വിശക്കുന്നവന് ഭക്ഷണം നൽകുന്നതും കുടുംബം പുലർത്തുന്നതിന് വേണ്ടി കഷ്ടപ്പെടുന്നതും അധ്വാനിക്കുന്നതും ധർമം ഉപദേശിക്കുന്നതും തിൻമയെ വിലക്കുന്നതുമെല്ലാം ജിഹാദാണെന്ന് മനസ്സിലാക്കിയ വിശ്വാസിക്ക് അശ്ലീലതയോട് ചേർന്ന് നിൽക്കാനാവില്ല. വ്യഭിചാരത്തിലേക്ക് നയിക്കുന്ന സർവ കാര്യങ്ങളിൽനിന്നും അകന്ന് നിൽക്കാനാണ് വിശുദ്ധ ഖുർആൻ കൽപിക്കുന്നത്.


> **പവിത്രമായ ജിഹാദ് എന്ന പദത്തിനോട് അശ്ലീലത ചേർത്തുവയ്ക്കുന്നത് തന്നെ മതത്തെ പരിഹസിക്കുകയാണെന്ന വിശദീകരണവും നാം കണ്ടു. വൃദ്ധരായ മാതാപിതാക്കളെ പരിചരിക്കുന്നതും നിരാലംബരെ ചേർത്തുപിടിക്കുന്നതും രോഗം കാർന്നുതിന്ന് വേദനകൾ കടിച്ചമർത്തുന്ന നിസ്സഹായർക്ക് അത്താണിയായി നിൽക്കുന്നതും വിശക്കുന്നവന് ഭക്ഷണം നൽകുന്നതും കുടുംബം പുലർത്തുന്നതിന് വേണ്ടി കഷ്ടപ്പെടുന്നതും അധ്വാനിക്കുന്നതും ധർമം ഉപദേശിക്കുന്നതും തിൻമയെ വിലക്കുന്നതുമെല്ലാം ജിഹാദാണെന്ന് മനസ്സിലാക്കിയ വിശ്വാസിക്ക് അശ്ലീലതയോട് ചേർന്ന് നിൽക്കാനാവില്ല. വ്യഭിചാരത്തിലേക്ക് നയിക്കുന്ന സർവ കാര്യങ്ങളിൽനിന്നും അകന്ന് നിൽക്കാനാണ് വിശുദ്ധ ക്വുർആൻ കൽപിക്കുന്നത്.**


“നിങ്ങൾ വ്യഭിചാരത്തെ സമീപിച്ചുപോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ച മാർഗവുമാകുന്നു” (വി.ഖുർആൻ).

നബി(സ്വ) പറഞ്ഞു: “ഓരോ മനുഷ്യന്നും വ്യഭിചാരത്തിൽനിന്ന് ഒരോഹരി എഴുതപ്പെട്ടിട്ടുണ്ട്, അതവനെ പിടികൂടുക തന്നെ ചെയ്യും. കണ്ണുകൾകൊണ്ടുള്ള വ്യഭിചാരം അതിലേക്കുള്ള നോട്ടമാണ്. ചെവികൾകൊണ്ടുള്ള വ്യഭിചാരം അതേക്കുറിച്ച് കേൾക്കലാണ്, നാവ് കൊണ്ടുള്ള വ്യഭിചാരം അശ്ലീലത സംസാരിക്കലാണ്. കൈകൊണ്ടുള്ള വ്യഭിചാരം സ്പർശിക്കലാണ്. കാലുകൾകൊണ്ടുള്ള വ്യഭിചാരം അതിലേക്കുള്ള നടത്തമാണ്. ഹൃദയംകൊണ്ടുള്ള വ്യഭിചാരം ആഗ്രഹിക്കലോ വിചാരിക്കലോ ആണ്. ഗുഹ്യാവയവം അത് സത്യപ്പെടുത്തുകയോ കളവാക്കുകയോ ചെയ്യുന്നു” (ബുഖാരി, മുസ്‌ലിം).

നോട്ടംകൊണ്ടും കേൾവികൊണ്ടും അശ്ലീല സംസാരംകൊണ്ടും സ്പർശനംകൊണ്ടും പോലും വ്യഭിചാരത്തിലേക്ക് അടുക്കരുത് എന്ന് നിഷ്‌കർഷിക്കപ്പെട്ട വിശ്വാസി ഒരിക്കലും അന്യസ്ത്രീയെ പ്രണയിക്കുകയില്ലെന്ന് ആർക്കാണ് അറിയാത്തത്.

ഭീകര സംഘടനയായ ഐഎസിന്റെ തുടക്കം മുതലെ അതിന്റ ഇസ്‌ലാം വിരുദ്ധത തുറന്നുകാട്ടി കേരളത്തിലെ മുഖ്യധാര മുസ്‌ലിം സംഘടനകൾ നടത്തിയ ബോധവൽകരണ പരിപാടികളെ രാജ്യത്തെ സുരക്ഷാ ഉദ്യോഗസ്ഥരടക്കം പ്രശംസിച്ചതാണ്. ‘ഐഎസ് മതവിരുദ്ധം, മാനവ വിരുദ്ധം’ എന്ന പ്രമേയത്തിൽ കേരളത്തിൽ നടന്ന ബോധവൽകരണ ക്ലാസുകൾ, സെമിനാറുകൾ, സന്ദേശരേഖ വിതരണങ്ങൾ, ഡോക്യുമെന്ററി പ്രദർശനങ്ങൾ തുടങ്ങിയ പരിപാടികൾകൊണ്ട് സമ്പന്നമായിരുന്നു മലയാളി സാംസ്‌കാരിക രംഗം. ഐഎസ് ഇസ്‌ലാമിന്റ സർവനാശമാണ് ലക്ഷ്യമാക്കുന്നതെന്ന് പണ്ഡിതൻമാർ ഒരേ സ്വരത്തിൽ പറഞ്ഞു. യുവാക്കൾക്ക് പ്രത്യേകമായി യുവജനപ്രസ്ഥാനങ്ങൾ വൈജ്ഞാനിക സംഗമങ്ങൾ സംഘടിപ്പിച്ചു. വിശുദ്ധ ക്വുർആനിന്റെയും പ്രവാചക ചര്യയുടെയും വെളിച്ചത്തിൽ ശക്തമായ പ്രചാരണ പദ്ധതികളാണ് ആവിഷ്‌കരിച്ചത്. എന്നിട്ടും മുസ്‌ലിംകൾക്കെതിരെ ആരോപണങ്ങളുമായി മുന്നോട്ട് വരുന്ന സംഘപരിവാര രാഷ്ട്രീയം ലക്ഷ്യമാക്കുന്നത് രാജ്യത്തിന്റെയോ സമുഹത്തിന്റെയോ നന്മയല്ല എന്നുറപ്പാണ്. അധികാരഭ്രമം ബാധിച്ച ഫാഷിസം രാജ്യത്തെ കാവൽഭടൻ

മാരെ പോലും കുരുതി കൊടുത്ത് രാഷ്ട്രീയം കളിക്കുന്നത് വെളിപ്പെടുത്തിയതിനെ ദുഃഖത്തോടെയാണ് കേൾക്കാൻ സാധിച്ചത്. അത്രയും മന:സാക്ഷി മരവിച്ചുപോയ, ക്രൂരതയുടെ പര്യായമായി മാറിയ സംഘപരിവാര രാഷ്ട്രീയം ഇരകളെ തേടിക്കൊണ്ടേയിരിക്കും.

### നാസിസത്തിന്റ തനിയാവർത്തനം

1933ൽ നാസികൾ ജർമനിയുടെ ഭരണം പിടിച്ചടക്കിയപ്പോൾ അഡോൾഫ് ഹിറ്റ്ലറുടെ ഏറ്റവും അടുത്ത സഹകാരിയും അനുയായിയുമായ പോൾ ജോസഫ് ഗീബൽസ് പ്രചാരണ മന്ത്രിയായി നിയമിക്കപ്പെട്ടു. ഉടനെ തന്നെ മാധ്യമങ്ങളുടെയും കലകളുടെയും ഏകാധിപത്യമായ നിയന്ത്രണം അയാൾ ഏറ്റെടുത്തു. നാസീ ആശയ പ്രചാരണം നടത്താൻ അന്നത്തെ നവമാധ്യമങ്ങളായ റേഡിയോയും ചലചിത്രങ്ങളെയും അയാൾ ഉപയോഗപ്പെടുത്തി. കടുത്ത ജൂതവിരോധമായിരുന്നു പ്രധാനമായും പ്രചാരണ വിഷയം, ക്രിസ്ത്യൻ പള്ളികൾ ആക്രമിക്കപ്പെടുന്ന വിധമുള്ള പ്രാചാരണങ്ങൾക്കും അയാൾ നേതൃത്വം നൽകിയിരുന്നു. ജൂതൻമാരെ കൊന്നൊടുക്കാൻ പുതിയ കഥകൾ മെനഞ്ഞ് പ്രചാരണം നടത്തലായിരുന്നു പ്രധാനമായും നാസികളുടെ ദൗത്യം. ജൂതൻ വെറുക്കപ്പെടേണ്ടവനാണെന്ന പൊതുബോധം രൂപപ്പെടുത്താൻ നാസീ പ്രചാരണങ്ങൾക്ക് സാധിച്ചു. അതിനായി ജൂതവിരുദ്ധ പ്രചാരണ സിനിമകളും ഡോക്യുമെന്ററികളും നിർമിച്ചു. ജൂതൻമാരുടെ കച്ചവട സ്ഥാപനങ്ങളെ ബഹിഷ്കരിക്കാനും അവരിൽനിന്ന് ജാഗ്രത പുലർത്താനും ജർമൻകാരെ ഉപദേശിച്ചുകൊണ്ടുള്ള പ്രചാരണ ബോർഡുകൾ സ്ഥാപിച്ചു. ജൂത ദേവാലയങ്ങൾ തകർക്കപ്പെടലും ആൾക്കൂട്ടങ്ങളായി ജൂതൻമാരെ ആക്രമിക്കലും രാജ്യത്ത് പതിവായി മാറി. വംശഹത്യക്ക് ന്യായങ്ങൾ കണ്ടെത്താനായി ജോസഫ് ഗീബൽസിനെ പ്രചാരണ തലവനാക്കി പ്രചാരണമന്ത്രാലയം രൂപപ്പെടുത്തി. വംശീയതയും വെറുപ്പും പ്രചരിപ്പിക്കാൻ സിനിമകളെ ഉപയോഗപ്പെടുത്താൻ വേണ്ടി മാത്രമായി ഫിലിം നിർമാണ വിഭാഗം സ്ഥാപിച്ചു. ജൂത വംശഹത്യക്കായി സിനിമ നിർമിക്കുന്നവർക്ക് വേണ്ടി കുറഞ്ഞ പലിശ നിരക്കിൽ വായ്പയും സാമ്പത്തിക സഹായവും നാസീ ഭരണകൂടം പ്രഖ്യാപിച്ചു. പ്ലാഗ് പരത്തുന്ന എലികളായി ജൂതൻമാരെ ചിത്രീകരിച്ചുകൊണ്ട് സിനിമയിറക്കി പ്രചാരണം നടത്തിയതിലൂടെ സാമാന്യ ജനങ്ങളുടെ മനസ്സുകളിൽ കടുത്ത വെറുപ്പിന്റയും വിദ്വേഷത്തിന്റയും വിത്തുകൾ പാകി. ഇങ്ങനെ വർഷങ്ങൾ നീണ്ട പ്രചാരണങ്ങൾക്കൊടുവിൽ ജൂത വംശഹത്യ എളുപ്പമാക്കാൻ ഹിറ്റ്ലർക്ക് സാധ്യമായി എന്നതാണ് ചരിത്രം.

**1933ൽ നാസികൾ ജർമനിയുടെ ഭരണം പിടിച്ചടക്കിയപ്പോൾ അഡോൾഫ് ഹിറ്റ്ലറുടെ ഏറ്റവും അടുത്ത സഹകാരിയും അനുയായിയുമായ പോൾ ജോസഫ് ഗീബൽസ് പ്രചാരണ മന്ത്രിയായി നിയമിക്കപ്പെട്ടു. ഉടനെ തന്നെ മാധ്യമങ്ങളുടെയും കലകളുടെയും ഏകാധിപത്യമായ നിയന്ത്രണം അയാൾ ഏറ്റെടുത്തു. വംശീയതയും വെറുപ്പും പ്രചരിപ്പിക്കാൻ സിനിമകളെ ഉപയോഗപ്പെടുത്താൻ വേണ്ടി മാത്രമായി ഫിലിം നിർമാണ വിഭാഗം സ്ഥാപിച്ചു. പ്ലാഗ് പരത്തുന്ന എലികളായി ജൂതൻമാരെ ചിത്രീകരിച്ചുകൊണ്ട് സിനിമയിറക്കി പ്രചാരണം നടത്തിയതിലൂടെ സാമാന്യ ജനങ്ങളുടെ മനസ്സുകളിൽ കടുത്ത വെറുപ്പിന്റയും വിദ്വേഷത്തിന്റയും വിത്തുകൾ പാകി. ഇങ്ങനെ വർഷങ്ങൾ നീണ്ട പ്രചാരണങ്ങൾക്കൊടുവിൽ ജൂത വംശഹത്യ എളുപ്പമാക്കാൻ ഹിറ്റ്ലർക്ക് സാധ്യമായി എന്നതാണ് ചരിത്രം.**




അതിന്റെ തനിയാവർത്തനമാണ് ആധുനിക ഇന്ത്യയിൽ സംഘപരിവാരങ്ങളിലൂടെ നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിന്റ സൗഹൃദ മനസ്സിനെ തകർക്കാൻ സിനിമയിലൂടെ വെറുപ്പിന്റെ വിത്ത് പാകുകയാണ് കേരളാ സ്റ്റോറിയിലും നാം കാണുന്നത്. സിനിമയും ഡോക്യുമെന്ററിയും നിർമിച്ച് അതിനുവേണ്ടി ഉപയോഗപ്പെടു



ത്തുകയാണ്. വിദ്വേഷ രാഷ്ട്രീയ പ്രചാരണത്തിലൂടെ അതിനായി പാകപ്പെടുത്തിയ വികൃത മനസ്സുകളാണ് ആൾക്കൂട്ടകൊലപാതകങ്ങൾ നടത്തുന്നത്. കുറ്റം ആരോപിച്ച് ന്യൂനപക്ഷങ്ങളെ കൊന്ന് തള്ളുന്നതും ആരാധനാലയങ്ങൾ തകർക്കുന്നതും ബുൾഡോസറുകൾകൊണ്ട് ഭവനങ്ങൾ നശിപ്പിക്കുന്നതും ഇങ്ങനെയൊരു വാർപ്പു മാതൃകയിലാണ്. ഹലാൽ വിവാദങ്ങളിലൂടെ കച്ചവട കേന്ദ്രങ്ങളെ ബഹിഷ്കരിക്കാൻ ആഹ്വാനം ചെയ്യുന്നതും നാസിസത്തിന്റ ദാർശനികത ചേർത്തുവച്ചതുകൊണ്ട് തന്നെയാണ്. ആഹാരത്തിലും വസ്ത്രത്തിലും വ്യവഹാരങ്ങളിലുമെല്ലാം പൊതുബോധത്തിലൂടെ മുസ് ലിം സമുദായത്തിന് പ്രത്യേകമായ അടയാളങ്ങൾ ചാർത്തി ഒറ്റതിരിക്കാനുള്ള സംഘപരിവാര അജണ്ടകളും ഇതിന്റ ഭാഗമാണ്.

വർഗീയ കലാപങ്ങളിൽ ആയിരക്കണക്കിന് മുസ്‌ലിംകൾ കൂട്ടക്കൊല ചെയ്യപ്പെട്ടിട്ടുണ്ട്. നിയമപാലകരാകേണ്ടവർ നിയമലംഘനം നടത്തി മുസ്‌ലിംകളെ തെരഞ്ഞു പിടിച്ച് കൊന്നൊടുക്കുന്ന പ്രവണത വർധിച്ച് വരുന്നു. ഉത്തർ പ്രദേശിൽ വർഗീയ കലാപങ്ങൾ സൃഷ്ടിക്കുന്നതിലും വ്യാപിപ്പിക്കുന്നതിലും പ്രൊവിൻഷ്യൽ ആംഡ് കോൺസ്റ്റാബുലറി (പിഎസി) യെപ്പോലുള്ള പോലീസ് സേനകളുടെ പങ്ക് ഉള്ളതും നാസിസത്തിന്റ ആശയധാരയിലൂടെ സഞ്ചരിക്കുന്ന സംഘപരിവാരങ്ങളുടെ തനിനിറം വ്യക്തമാക്കുന്നുണ്ട്.

**മലയാളിയുടെ ഔന്നിത്യവും ഉയർന്ന ചിന്താഗതിയും ബൗദ്ധികവും സാംസ്കാരികവുമായ മികവും തിരിച്ചറിയാനുള്ള അടയാളമായി ഉത്തരേന്ത്യയിൽ വർഗീയതയുടെ അസ്വസ്ഥത സൃഷ്ടിക്കുന്ന സംഘപരിവാര രാഷ്ട്രീയത്തിന് ഇടം നൽകാത്ത പ്രബുദ്ധതയെ ഉദാഹരിക്കാനാകും. കേരളത്തോടുള്ള ഇവരുടെ കലിപ്പും ഇക്കാരണത്താൽ തന്നെയാണ്. പ്രകൃതിമനോഹാരിതയെ പോലെത്തന്നെ സുന്ദര മനസ്സുകൾക്കുടമകളാണ് മലയാളികൾ. വെറുപ്പും വിദ്വേഷവും മനസ്സുകളിൽ കുത്തിവച്ച് തങ്ങളുടെ സാന്നിധ്യം ഉറപ്പിക്കാൻ കാലങ്ങളായി സംഘപരിവാര രാഷ്ട്രീയം പദ്ധതികളാവിഷ്കരിച്ചിട്ടുണ്ട്. സാഹിത്യവും കലയും സിനിമയുമെല്ലാം അതിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും മലയാളി മനസ്സുകളെ ഭിന്നിപ്പിക്കാൻ സാധിച്ചിട്ടില്ല**

### കേരളം അപമാനിക്കപ്പെടുന്നു

മതനിരപേക്ഷ ഇന്ത്യയിൽ വിദ്യാഭ്യാസത്തിലും സാഹോദര്യത്തിലും സൗഹൃദത്തിലും അഭിമാനകരമായി തലയുയർത്തി നിൽക്കുന്ന സംസ്ഥാനമാണ് നമ്മുടെ കൊച്ചുകേരളം. മലയാളിയുടെ ഔന്നിത്യവും ഉയർന്ന ചിന്താഗതിയും ബൗദ്ധികവും സാംസ്കാരികവുമായ മികവും തിരിച്ചറിയാനുള്ള അടയാളമായി ഉത്തരേന്ത്യയിൽ വർഗീയതയുടെ അസ്വസ്ഥത സൃഷ്ടിക്കുന്ന സംഘപരിവാര രാഷ്ട്രീയത്തിന് ഇടം നൽകാത്ത പ്രബുദ്ധതയെ ഉദാഹരിക്കാനാകും. കേരളത്തോടുള്ള ഇവരുടെ കലിപ്പും ഇക്കാരണത്താൽ തന്നെയാണ്. പ്രകൃതിമനോഹാരിതയെ പോലെത്തന്നെ സുന്ദര മനസ്സുകൾക്കുടമകളാണ് മലയാളികൾ. വെറുപ്പും വിദ്വേഷവും മനസ്സുകളിൽ കുത്തിവച്ച് തങ്ങളുടെ സാന്നിധ്യം ഉറപ്പിക്കാൻ കാലങ്ങളായി സംഘപരിവാര രാഷ്ട്രീയം പദ്ധതികളാവിഷ്കരിച്ചിട്ടുണ്ട്. സാഹിത്യവും കലയും സിനിമയുമെല്ലാം അതിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും മലയാളി മനസ്സുകളെ ഭിന്നിപ്പിക്കാൻ സാധിച്ചിട്ടില്ല.


കേരളാ സ്റ്റോറി എന്ന സിനിമ ഇതെല്ലാം ലക്ഷ്യമാക്കിയാണ് അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. മലയാളി സമൂഹത്തെ ഒന്നടങ്കം അധിക്ഷേപിക്കാനും അപമാനപ്പെടുത്താനുള്ള ശ്രമമായാണ് ഈ സിനിമയിലെ ഓരോ രംഗവും കാണാനാവുക. 32000 പെൺകുട്ടികളെ പ്രണയം നടിച്ച് മതം മാറ്റി ഐഎസിലേക്ക് റിക്രൂട്ട് ചെയ്യുവെന്ന ആരോപണം ഓരോ മലയാളിയെയും അപകീർത്തിപ്പെടുത്തുന്നതാണ്. നമ്മുടെ പെൺമക്കൾ ആരുടെയും കൂടെ ഇറങ്ങിപ്പോകാൻ മാത്രം ജീർണിച്ച മനസ്സിനുടമകളാണെന്ന് വരുത്താനുള്ള ശ്രമം അതിലുണ്ട്. അവർ കാമാർത്തരാണെന്നും അരക്ഷിതരാണെന്നും വാദിക്കുംവിധം രക്ഷിതാക്കളുടെ ഉത്തരവാദിത്തത്തെ ചോദ്യം ചെയ്യുന്നുണ്ട്. രഹസ്യാ

**ഭിന്നിച്ച് നിൽക്കുന്ന ഹിന്ദു സഹോദരങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ഏകീകരിക്കുകയെന്നതാണ് ഇത്തരം ആരോപണങ്ങൾക്ക് പിന്നിലെ ചേതോവികാരമെന്ന് ഒരു വലതുപക്ഷ ചിന്തകന്റെ പ്രസ്താവന ഏറെ ഗൗരവമുള്ളതാണ്. സമുദായത്തിന്റ ഐക്യത്തിന് വേണ്ടി മറ്റുള്ളവന്റെ നെഞ്ചിലേക്ക് കയറുന്ന പ്രവണത എന്തായാലും ന്യായീകരിക്കാനാവില്ല. എന്ന് മാത്രമല്ല തങ്ങൾ വിശ്വസിക്കുന്ന ദർശനത്തോട് മതിപ്പില്ലായ്മയാണത് പ്രകടമാകുന്നത്. നാൽപത് ധീരജവാൻമാരെ കുരുതികൊടുത്ത് ഭരണം ഉറപ്പിക്കാൻ ശ്രമിച്ചവരുടെ രാഷ്ട്രീയ ക്രൂരതകളെ തുറന്ന് കാട്ടിയ വർത്തമാനങ്ങൾ പുതിയ വിവാദ കോലാഹലങ്ങളിലൂടെ വിസ്മൃതിയിലാക്കുവാനുള്ള ശ്രമത്തെയും നാം തിരിച്ചറിയണം.**

ന്വേഷണ വിഭാഗവും നിയമപാലകരും സൈന്യവും ഡിറ്റക്റ്റീവ് പവറുമെല്ലാം ഏതാനും യുവാക്കളുടെ മുന്നിൽ ദുർബലമാണെന്ന് സമൂഹത്തോട് വിളിച്ച് പറയുന്ന പ്രതീതിയുണ്ട്. കേരളം ഭീകരവാദ സംഘടനകളുടെ പറുദീസയാണെന്ന് തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമുണ്ട്. തോന്നുന്നവർക്കെല്ലാം ഗർഭിണികളാക്കാൻ പറ്റുന്ന കേവലം ജീവച്ഛവങ്ങളാണ് ഹിന്ദു പെൺകുട്ടികളെന്ന് ചിത്രീകരിക്കുന്നതിലൂടെ സംഘപരിവാരങ്ങൾ അപഹസിക്കാൻ ശ്രമിക്കുന്നത് ഓരോ മലയാളിയുടെയും ആത്മാഭിമാനത്തെയാണ്. ഭരണരംഗത്തും മത, സാംസ്കാരിക, സാമൂഹിക, രാഷ്ട്രീയ രംഗങ്ങളിൽ അത്യധ്വാനം ചെയ്യുന്നവരുടെ പരിശ്രമങ്ങൾക്ക് വിലകൽപിക്കാത്ത ആരോപണങ്ങൾക്ക് പിന്നിൽ പ്രവർത്തിക്കുന്ന സംഘപരിവാര ആശയധാരയെ മലയാളി ബോധമണ്ഡലങ്ങളിൽനിന്നും ഇനിയും കുടിയിറക്കാനുള്ള അവസരമാണിത്. യുവാക്കളെ ഭീകരവാദത്തിലേക്ക് റിക്രൂട്ട് ചെയ്യുന്നവരും ഐഎസിലേക്ക് പോയവരുടെ എണ്ണവും മാർഗവും മുസ്‌ലിം സമുദായത്തിന് നേരെയുള്ള ആരോപണമായി ഉന്നയിക്കുന്നവർ അത് തെളിയിക്കുവാനുള്ള ആർജവം കാണിക്കുകയും രാജ്യത്തെ അന്വേഷണ ഏജൻസിക്ക് വിവരം കൈമാറുകയും വേണം. അതിന് തയ്യാറാകാത്ത പക്ഷം ആരോപണമുന്നയിക്കുന്നവരുടെ ഭീകരവാദ ബന്ധം അന്വേഷിക്കാൻ നിയമപാലകർ തയ്യാറാകണം.

രാജ്യത്തെ സ്വൈര്യജീവിതത്തെ തകർത്തെറിയുന്ന ഇത്തരം ഒറ്റുകാരെ നിലക്ക് നിറുത്താൻ ഭരണകൂടവും നിയമപാലകരും തയ്യാറാകണം. ശിക്ഷാവിധിയിലും മതവും ജാതിയും വർഗവും കാണുന്നവരിൽനിന്ന് ഇത് പ്രതീക്ഷിക്കാവതല്ലെങ്കിലും രാജ്യസുരക്ഷയെ ഓർത്തെങ്കിലും ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് സാമാന്യ മലയാളി പ്രബുദ്ധതക്ക് ആവശ്യപ്പെടാനുള്ളത്. ഇസ്‌ലാമിലെ പ്രമാണങ്ങളിലെ സ്പഷ്ടമായ അധ്യാപനങ്ങളെ തിരസ്കരിച്ച് തീവ്രവാദത്തിന്റെ മേഖലകളിൽ കണ്ണിചേർന്നവർ ഏത് വിഭാഗത്തിലെ ആളുകളാണെങ്കിലും അവർ യഥാർഥ ഇസ്‌ലാമിലേക്കല്ല മതപരിവർത്തനം ചെയ്തിരിക്കുന്നതെന്നും പൈശാചിക മാർഗമാണവർ തെരഞ്ഞെടുത്തിരിക്കുന്നതെന്നും വിശ്വസിക്കുന്ന മുസ്‌ലിംകൾക്ക് അവരെ ഒരിക്കലും ന്യായീകരിക്കാനാവില്ലെന്ന് മാത്രമല്ല അത്തരം പ്രവണതകൾക്കെതിരെ ആശയപരമായി സന്ധിയില്ലാതെ സമരത്തിലേർപ്പെടാനാണ് കൽപിക്കപ്പെട്ടിട്ടുള്ളത്. അത് കേരള മുസ്‌ലിംകൾ അഭംഗുരം നിർവഹിച്ച് കൊണ്ടിരിക്കുന്നു. കേരളാ സ്റ്റോറിയുടെ പ്രദർശനത്തിന് അനുവാദം നൽകിക്കൊണ്ട് മലയാളി മണ്ണിനെ അപകീർത്തിപ്പെടുത്താൻ കൂട്ടുനിൽകരുത്. ഭരണകൂടവും പൊതുജനങ്ങളും ഒറ്റക്കെട്ടായി നിന്ന് ഈ വിപത്തിൽ നമ്മുടെ നാടിനെ പ്രതിരോധിക്കുകയും സാമൂഹിക സുരക്ഷ ഉറപ്പാക്കുകയും വേണം.

ഭിന്നിച്ച് നിൽക്കുന്ന ഹിന്ദു സഹോദരങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ഏകീകരിക്കുകയെന്നതാണ് ഇത്തരം ആരോപണങ്ങൾക്ക് പിന്നിലെ ചേതോവികാരമെന്ന് ഒരു വലതുപക്ഷ ചിന്തകന്റെ പ്രസ്താവന ഏറെ ഗൗരവമുള്ളതാണ്. സമുദായത്തിന്റ ഐക്യത്തിന് വേണ്ടി മറ്റുള്ളവന്റെ നെഞ്ചിലേക്ക് കയറുന്ന പ്രവണത എന്തായാലും ന്യായീകരിക്കാനാവില്ല. എന്ന് മാത്രമല്ല തങ്ങൾ വിശ്വസിക്കുന്ന ദർശനത്തോട് മതിപ്പില്ലായ്മയാണത് പ്രകടമാകുന്നത്. ചാനൽ ചർച്ചകളിൽ തങ്ങളുടെ അജണ്ടകളെ ന്യായീകരിക്കാനുള്ള അവസരമായി ഉപയോഗിക്കുന്നതിനെ ചാനലുകൾ കരുതിയിരിക്കണം. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ ക്രൂരമായി കൊലപ്പെടുത്തിയ നാഥുറാം വിനായക് ഗോഡ്സെ എന്ന രാജ്യദ്രോഹിയെ പോലും ന്യായീകരിക്കാൻ അവസരമൊരുക്കുകയാണ് നിഷ്പക്ഷരെന്ന് വാചാലമാകുന്ന ചില ചാനലുകൾ. മഹാത്മാ ഗാന്ധിയെ ചെറുതായി വെടിവെച്ച് കൊന്നു, അത്രയേ ഉള്ളൂ എന്ന് ലാഘവത്തോടെ സംസാരിക്കാൻ പോലും മടിക്കാത്തവർക്ക് ചാനലുകളിൽ ഇടം കൊടുക്കുന്നത് എത്രമാത്രം നീചമാണ്. രാജ്യദ്രോഹപരമായ ഇത്തരം പരാമർശം നടത്തുന്നവർ യാതൊരു നിയമ നടപടിയും നേരിടാതെ സ്വൈര്യവിഹാരം നടത്തുന്നത് അതിശയപ്പെടുത്തുന്നു. നാൽപത് ധീരജവാൻമാരെ കുരുതികൊടുത്ത് ഭരണം ഉറപ്പിക്കാൻ ശ്രമിച്ചവരുടെ രാഷ്ട്രീയ ക്രൂരതകളെ തുറന്ന് കാട്ടിയ വർത്തമാനങ്ങൾ പുതിയ വിവാദ കോലാഹലങ്ങളിലൂടെ വിസ്മൃതിയിലാക്കുവാനുള്ള ശ്രമത്തെയും നാം തിരിച്ചറിയണം. ■



# ബദ്‌രീങ്ങളോടുള്ള പ്രാർഥനയും ബദ്ർദിനത്തിലെ അനാചാരങ്ങളും

**മൂസ സ്വലാഹി കാര**
:97473 45768

ഇസ്‌ലാമിന്റെ കരുത്തും കാതലുമായ തൗഹീദ് വിജയിക്കുകയും ശിർക്ക് തകർന്നടിയുകയും ചെയ്ത യുദ്ധമാണല്ലോ ബദ്ർ യുദ്ധം. മതത്തിന്റെ പ്രതാപം സംരക്ഷിക്കപ്പെടുകയും അത് ലോകമെമ്പാടും വ്യാപിക്കാൻ കാരണമാവുകയും ചെയ്ത വലിയ ദൃഷ്ടാന്തം കൂടിയാണത്. ആരാധനയാകുന്ന പ്രാർഥനയും സഹായ തേട്ടവും ഇടതേട്ടവും ഭരമേൽപിക്കലുമെല്ലാം സർവശക്തനായ അല്ലാഹുവിനോട് മാത്രമെ ആകാവൂ എന്നതും മനുഷ്യനിർമിത ആരാധ്യന്മാർ അശക്തരും വ്യാജരുമാണെന്ന് ലോകത്തെ പഠിപ്പിച്ച തുല്യതയില്ലാത്ത ചരിത്രം കൂടിയാണ് ബദ്ർ.

ബദ്റിനോടടുത്ത് നബി(സ) മനമുരുകി നടത്തിയ പ്രാർഥനകൾ പ്രമാണങ്ങളിൽ കാണാം. അതിൽ ഒന്നുപോലും മുൻകാല പ്രവാചകന്മാരോടോ, സ്വാലിഹുകളോടോ, സ്വഹാബികളിൽനിന്ന് മരണപ്പെട്ടവരോടോ അല്ല, എല്ലാം അല്ലാഹുവിനോട് മാത്രം. അതിന്റെ ഫലമാണ് വിശ്വാസികൾക്ക് അല്ലാഹുവിൽനിന്ന് ലഭിച്ച യഥാർഥ സഹായം.അല്ലാഹു പറയുന്നു: "നിങ്ങൾ ദുർബലരായിരിക്കെ ബദ്റിൽ വെച്ച് അല്ലാഹു നിങ്ങളെ സഹായിച്ചിട്ടുണ്ട്. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. നിങ്ങൾ നന്ദിയുള്ളവരായേക്കാം"(3:123).

നബി(സ) നടത്തിയ പ്രാർഥനയെ കുറിച്ച് അല്ലാഹു പറയുന്നു: "നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക). തുടരെത്തു

**ഇസ്‌ലാമിന്റെ കരുത്തും കാതലുമായ തൗഹീദ് വിജയിക്കുകയും ശിർക്ക് തകർന്നടിയുകയും ചെയ്ത യുദ്ധമാണല്ലോ ബദ്ർ യുദ്ധം. മതത്തിന്റെ പ്രതാപം സംരക്ഷിക്കപ്പെടുകയും അത് ലോകമെമ്പാടും വ്യാപിക്കാൻ കാരണമാവുകയും ചെയ്ത വലിയ ദൃഷ്ടാന്തം കൂടിയാണത്. ആരാധനയാകുന്ന പ്രാർഥനയും സഹായ തേട്ടവും ഇടതേട്ടവും ഭരമേൽപിക്കലുമെല്ലാം സർവശക്തനായ അല്ലാഹുവിനോട് മാത്രമെ ആകാവൂ എന്നതും മനുഷ്യനിർമിത ആരാധ്യന്മാർ അശക്തരും വ്യാജരുമാണെന്ന് ലോകത്തെ പഠിപ്പിച്ച തുല്യതയില്ലാത്ത ചരിത്രം കൂടിയാണ് ബദ്ർ.**

ടരെയായി ആയിരം മലക്കുകളെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നതാണ് എന്ന് അവൻ അപ്പോൾ നിങ്ങൾക്കു മറുപടി നൽകി''(8:9).

ഉമറി(റ)ൽനിന്ന് ഇമാം മുസ്‌ലിം(റഹ്) ഉദ്ധരിച്ച ഹദീസിൽ ഇങ്ങനെ കാണാം: "നബി(സ) ക്വിബ്‌ലക്ക് മുന്നിട്ട് തന്റെ ഇരു കൈകളും ഉയർത്തി ഇപ്രകാരം പറഞ്ഞു: 'അല്ലാഹുവേ, എനിക്ക് വാഗ്ദാനം നൽകിയതെവിടെ? അല്ലാഹുവേ, എനിക്ക് വാഗ്ദത്തം നൽകിയത് നീ പൂർത്തിയാക്കണേ. അല്ലാഹുവേ, ഇസ്‌ലാമിന്റെ ഈ ചെറു സംഘത്തെ നീ നശിപ്പിച്ചാൽ ഒരിക്കലും ഭൂമിയിൽ നീ ആരാധിക്കപ്പെടുകയില്ല.''

തന്റെ തട്ടം വീഴുമാറ് നബി(സ) റബ്ബിനോട് സഹായം തേടിയും പ്രാർഥിച്ചും കൊണ്ടിരുന്നു. അബൂബക്ർ(റ) പറഞ്ഞു: പ്രവാചകരേ, നിങ്ങളുടെ ചോദ്യം മതി. നിശ്ചയം അല്ലാഹു നിങ്ങൾക്ക് നൽകിയ ഉറപ്പ് അവൻ പൂർത്തിയാക്കും.''

ബദ്ർ യുദ്ധ ചരിത്രംകൊണ്ട് ഇസ്‌ലാം എന്താണോ ലക്ഷ്യമാക്കിയത് അതിന്റെ നേർവിപരീത പ്രവർത്തനമാണ് സമസ്ത മുസ്‌ലിയാക്കന്മാർ സമൂഹത്തിൽ ചെയ്യുന്നത്. പ്രതിസന്ധി ഘട്ടങ്ങളിലും പ്രയാസ സന്ദർഭങ്ങളിലും ബദ്ർ ശുഹദാക്കളെ വിളിച്ച് പ്രാർഥിക്കാനും തേടാനും അവരുടെ നാമങ്ങളിൽ തവക്കുലാക്കാനുമുള്ള ആഹ്വാനമാണ് അവർ പരക്കെ നടത്തുന്നത്.

'ബദ്‌രീങ്ങളേ...അറ്റുപോകാത്ത വിളി' എന്ന തലവാചകത്തിൽ 2023 ഏപ്രിൽ ആദ്യലക്കം രിസാല വാരികയിൽ ഒരു മുസ്‌ലിയാർ എഴുതിയത് കാണുക:

"ശുഭ പ്രതീക്ഷകൾ വെറുതെയായില്ല. ബദ്ർ രണാങ്കണത്തിലെ തുച്ഛം വരുന്ന വിശ്വാസികൾ എങ്ങനെയാണ് കൊടി പറത്തിയത് എന്നാലോചിക്കുമ്പോൾ അത്ഭുതം അവസാനിക്കുന്നില്ല. അലമാല പോലെ വന്ന പ്രതിയോഗികൾ എങ്ങനെയാണ് വന്മരങ്ങൾ പോലെ കടപുഴകിയത്? വിശ്വാസികൾക്കറിയാം, അല്ലാഹുവിന്റെ ഇടപെടൽ സ്വാധീനം. അതിനാൽ അവർ ആയിരത്താണ്ടു കഴിഞ്ഞിട്ടും വിളിക്കുന്നു; ബദ്‌രീങ്ങളേ, ന്റെ ബദ്‌രീങ്ങളേ... ഇതാണാ വിളി. സംവൽസരങ്ങൾക്ക് മുമ്പ് ജീവിച്ചുപോയ മനുഷ്യരെയാ ണാ വിളിക്കുന്നത്. എന്താണാ വിളിയുടെ കാര്യം?'' (പേജ് 14).

ഏറ്റവും വലിയ പാപമായ ശിർക്കിന്റെ വക്താക്കളെ തുരത്തിയ ബദ്‌രീങ്ങളുടെ പേരിൽ അതേ ശിർക്കിനെയാണ് മുസ്‌ലിയാർ ഇവിടെ സ്ഥാപിക്കുന്നത്. അല്ലാഹുവേ, റബ്ബേ എന്നിങ്ങനെ വിളിക്കേണ്ട സ്ഥാനത്താണ് ബദ്‌രീങ്ങളേ എന്ന് വിളിക്കുന്നത്. അല്ലാഹുവിന്റെ കൽപനക്ക് തീർത്തും എതിരായ രീതിയാണിത്. അല്ലാഹു പറയുന്നു: "നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക.) പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്''(2:186).

ബദ്റിൽ പങ്കെടുത്തവർക്കുള്ള ശ്രേഷ്ഠതകളെപ്പറ്റി പ്രമാണങ്ങൾ വിശദീകരിച്ചതിൽ എവിടെയെങ്കിലും ഇത്തരമൊരു ബഹുമതി അവർക്ക് നൽകപ്പെട്ടിട്ടുണ്ടോ? നബി(സ്വ)യും അനുചരന്മാരും വ്യത്യസ്ത പരീക്ഷണങ്ങൾ നേരിട്ട സന്ദർഭങ്ങളിൽ ബദ്ർ ശുഹദാക്ക



> **ബദ്ർ യുദ്ധ ചരിത്രംകൊണ്ട് ഇസ്‌ലാം എന്താണോ ലക്ഷ്യമാക്കിയത് അതിന്റെ നേർവിപരീത പ്രവർത്തനമാണ് സമസ്ത മുസ്‌ലിയാക്കന്മാർ സമൂഹത്തിൽ ചെയ്യുന്നത്. പ്രതിസന്ധി ഘട്ടങ്ങളിലും പ്രയാസ സന്ദർഭങ്ങളിലും ബദ്ർ ശുഹദാക്കളെ വിളിച്ച് പ്രാർഥിക്കാനും തേടാനും അവരുടെ നാമങ്ങളിൽ തവക്കുലാക്കാനുമുള്ള ആഹ്വാനമാണ് അവർ പരക്കെ നടത്തുന്നത്. 'ബദ്‌രീങ്ങളേ... അറ്റുപോകാത്ത വിളി'എന്ന തലവാചകത്തിൽ 2023 ഏപ്രിൽ ആദ്യലക്കം രിസാല വാരികയിൽ ഒരു മുസ്‌ലിയാർ എഴുതിയത് കാണുക: "ശുഭ പ്രതീക്ഷകൾ വെറുതെയായില്ല. ബദ്ർ രണാങ്കണത്തിലെ തുഷം വരുന്ന വിശ്വാസികൾ എങ്ങനെയാണ് കൊടി പറത്തിയത് എന്നാലോചിക്കുമ്പോൾ അത്ഭുതം അവസാനിക്കുന്നില്ല. അലമാല പോലെ വന്ന പ്രതിയോഗികൾ എങ്ങനെയാണ് വന്മരങ്ങൾ പോലെ കടപുഴകിയത്? വിശ്വാസികൾക്കറിയാം, അല്ലാഹുവിന്റെ ഇടപെടൽ സ്വാധീനം. അതിനാൽ അവർ ആയിരത്താണ്ടു കഴിഞ്ഞിട്ടും വിളിക്കുന്നു; ബദ്‌രീങ്ങളേ, ന്റെ ബദ്‌രീങ്ങളേ... ഇതാണാ വിളി. സംവൽസരങ്ങൾക്ക് മുമ്പ് ജീവിച്ചുപോയ മനുഷ്യരെയാ ണാ വിളിക്കുന്നത്. എന്താണാ വിളിയുടെ കാര്യം?'' (പേജ് 14).**

ളിൽ ഏതെങ്കിലുമൊരാളെ ഇപ്രകാരം വിളിച്ചോ? ഈ യുദ്ധ ചരിത്രം രേഖപ്പെടുത്തപ്പെട്ട അഹ്‌ലുസ്സുന്നയുടെ ഗ്രന്ഥങ്ങളിൽ ഇങ്ങനെയൊരു വിശ്വാസം പഠിപ്പിക്കപ്പെട്ടിട്ടുണ്ടോ? ഇല്ല എന്നതാണ് പച്ചമരമാർഥം.

ഇമാം ബുഖാരി(റഹ്) അനസി(റ)ൽനിന്ന് ഉദ്ധരിച്ച ഹദീസിൽ ബദ്‌റിന്റെ ദിവസം അബൂജഹൽ അല്ലാഹുവിനോട് നേരിട്ട് നടത്തിയ പ്രാർഥന കാണാം. "അല്ലാഹുവേ, ഇതു നിന്റെ പക്കൽ നിന്നുള്ള സത്യമാണെങ്കിൽ നീ ഞങ്ങളുടെ മേൽ ആകാശത്തു നിന്ന് കല്ല് വർഷിപ്പിക്കുകയോ, അല്ലെങ്കിൽ ഞങ്ങൾക്ക് വേദനാജനകമായ ശിക്ഷ കൊണ്ടുവരികയോ ചെയ്യുക എന്ന് അവർ (അവിശ്വാസികൾ) പറഞ്ഞ സന്ദർഭവും (ഓർക്കുക)''(8:32). അന്നേരം അയാൾക്കുണ്ടായ വകതിരിവ് പോലും ഇന്ന് ഈ പുരോഹിതന്മാർക്കില്ലാതെ പോയല്ലോ എന്ന് പറയാതിരിക്കാൻ വയ്യ!

അബൂജഹൽ മാത്രമല്ല അല്ലാഹുവിനോട് നേരിട്ട് പ്രാർഥിച്ചിട്ടുള്ളത്. പ്രാർഥിക്കപ്പെടുന്ന വ്യാജ ദൈവങ്ങളെ ആശ്രയിച്ചാൽ കാര്യം കൈവിട്ട് പോകുമെന്നുറപ്പുള്ള സന്ദിഗ്ധ സന്ദർഭങ്ങളിൽ അല്ലാഹുവിനെ ആത്മാർഥമായി വിളിക്കുന്ന സ്വഭാവക്കാരായിരുന്നു മുശ്‌രിക്കുകൾ. അവർക്കപ്പോൾ ലാത്തയോ ഉസ്സയോ മനാത്തയോ ഇല്ല!

അല്ലാഹു പറയുന്നത് കാണുക: "ഇതിൽനിന്ന് (ഈ വിപത്തുകളിൽ നിന്ന്) അല്ലാഹു ഞങ്ങളെ രക്ഷപ്പെടുത്തുകയാണെങ്കിൽ തീർച്ചയായും ഞങ്ങൾ നന്ദിയുള്ളവരുടെ കൂട്ടത്തിൽ ആയിക്കൊള്ളാം എന്ന് പറഞ്ഞുകൊണ്ട് അവനോട് നിങ്ങൾ താഴ്മയോടെയും രഹസ്യമായും പ്രാർഥിക്കുന്ന സമയത്ത് കരയിലെയും കടലിലെയും അന്ധകാരങ്ങളിൽ നിന്ന് നിങ്ങളെ രക്ഷിക്കുന്നത് ആരാണ്? പറയുക: അല്ലാഹുവാണ് അവയിൽനിന്നും മറ്റെല്ലാ ദുരിതങ്ങളിൽനിന്നും നിങ്ങളെ രക്ഷിക്കുന്നത്. എന്നിട്ടും നിങ്ങളവനോട് പങ്കുചേർക്കുന്നു'' (6:63,64).

എത്രയെത്ര പ്രശ്നങ്ങൾക്ക് മുമ്പിലാണ് അല്ലാഹുവിനോട് പറഞ്ഞു,' 'അല്ലാഹു രക്ഷിച്ചു,' 'റബ്ബിനോട് തേടി' എന്ന് പറഞ്ഞ് പുരോഹിതന്മാർ കള്ളക്കണ്ണീർ പൊഴിക്കാറുള്ളത്. ആ നേരം അവർക്ക് ബദ്‌രീങ്ങളോ, ഉഹ്ദീങ്ങളോ, ജാറങ്ങളോ ഇല്ല!

മുസ്‌ലിയാർ എഴുതുന്നു: "ബദ്‌റിൽ റസൂൽ വിജയം വരിച്ചതിനാൽ നമ്മളെല്ലാം വിശ്വാസികളായി. ഇതിനുള്ള നന്ദി പ്രകടനം കൂടിയാണ് നമ്മൾ ആചരിക്കുന്ന ബദ്‌രീങ്ങളുടെ ആണ്ട്. ഈ ഒരാണ്ടിൽ മാത്രം നമ്മുടെ കടപ്പാട് തീരുമോ? ഇല്ല. പകരം അവരെ ജീവിതത്തിന്റെ ഭാഗമാക്കണം. കഴിയുന്ന മാത്രയിൽ അവരെ കൂടെക്കൂട്ടണം. ന്റെ ബദ്‌രീങ്ങളേ എന്ന് നമ്മൾ വിളിക്കുന്നതിന്റെ ഒരു കാര്യമിതാണ്''(പേജ് 15).

ബദ്‌റിലെ വിജയത്തിന് ശേഷം നബി(സ) എത്ര ബദ്ർ ആണ്ട് നടത്തിയെന്നും അതിന്റെ രൂപം എങ്ങനെയെന്നും മുസ്‌ലിയാക്കന്മാർ വ്യക്തമാക്കുമോ? മുപ്പത് വർഷത്തോളം ഇസ്‌ലാമിന്റെ ഖിലാഫത്ത് ഏറ്റെടുത്ത നാല് ഖലീഫമാരുടെ കാലത്ത് എത്ര ബദ്ർ ആണ്ടുകൾ, എങ്ങനെ, എവിടെവെച്ച് കൊണ്ടാടിയെന്ന് വിശദീകരിക്കാമോ?

'തീർച്ചയായും കണ്ണുള്ളവർക്ക് അതിൽ ഒരു ഗുണപാഠമുണ്ട്' എന്ന് ബദ്‌റിനെ സംബന്ധിച്ച പറഞ്ഞ പ്രമാണങ്ങളിൽ എവിടെയാണ് ബദ്ർ ആണ്ടിനെ പരാമർശിച്ചിട്ടുള്ളത്? നുണകൾ മെനഞ്ഞ് പുരോഹിതന്മാരുടെ അധ്യക്ഷതയിൽ നടത്തപ്പെടുന്ന ഇത്തരം ആണ്ടാഘോഷങ്ങൾക്ക് മതവുമായി യാതൊരു ബന്ധവുമില്ല.

വിശ്വാസികൾ അല്ലാഹുവിന്റെ മുമ്പിൽ കീഴ്പ്പെടേണ്ടതിനും വിധേയത്വം കാണിക്കേണ്ടതിനും നിർദേശിക്കപ്പെട്ട വഴികളിൽ 'ന്റെ ബദ്‌രീങ്ങളേ' പോലുള്ള ശിർക്ക് കലർന്ന വിളികളില്ല. വിശ്വാസത്തെ ശരിയായ വഴിയിലൂടെ മനസ്സിലാക്കത്തതിന്റെ അപകട

മാണിത്.

അല്ലാഹു പറയുന്നു: “അവന്റെ താകുന്നു ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും. നിരന്തരമായിട്ടുള്ള കീഴ്‌വണക്കം അവന്ന് മാത്രമാകുന്നു. എന്നിരിക്കെ അല്ലാഹു അല്ലാത്തവരോടാണോ നിങ്ങൾ ഭക്തികാണിക്കുന്നത്?”(16:52).

ഇതിന്റെ വിശദീകരണത്തിൽ ഇബ്നു കസീർ(റഹ്) പറഞ്ഞത് കാണുക: ‘അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും ആരാധന അവനല്ലാതെ പാടില്ലെന്നും അവൻ ഒരു പങ്കാളിയില്ലാത്ത ഏകനാണെന്നും എല്ലാറ്റിന്റെയും ഉടമയും സ്രഷ്ടാവും അവനാണെന്നും അല്ലാഹു പ്രഖ്യാപിക്കുന്നു. ഗുണത്തിന്റെയും ദോഷത്തിന്റെയും അധികാരി അവനാണെന്നും അടിമക്കുള്ളതായ ഉപജീവനം, അനുഗ്രഹം, സൗഖ്യം, സഹായം ഇതെല്ലാം അല്ലാഹുവിന്റെ ഔദാര്യവും ദയയുമാണെന്നും അറിയിക്കുന്നു.’

ബദ്ർ അടക്കമുള്ള ആണ്ടുകളുടെ പ്രഥമ ലക്ഷ്യം ഉദര പൂർത്തീകരണവും സാമ്പത്തിക ചൂഷണവുമാണെന്ന് മുസ്‌ലിയാർ തുറന്നെഴുതിയത് കാണുക: ‘അഞ്ഞൂറ് രൂപയും പതിനഞ്ചിൽ കുറയാത്ത പത്തലും ഒരു തൊലിച്ച തേങ്ങയും കൊണ്ടുവരണം. ബദ്‌രീങ്ങളുടെ ആണ്ട് കഴിഞ്ഞ് ചീരണിയും വാങ്ങി മഗ്‌രിബോടെ പിരിയാം. വീടുകളിൽ നിന്നെത്തിയ പത്തിരികൾ പൊതിയഴിച്ച് കൂട്ടിവെക്കും. തേങ്ങ പൊളിച്ച് ചിരവിയെടുക്കും. വെന്തുകൊണ്ടിരിക്കുന്ന മാംസത്തിൽ അത് ചേർത്ത് കറിയാക്കി എടുക്കും. പള്ളിക്കറി എന്നാണ് ഇതിന് പറയുക. നാട്ടിലെ റെസ്റ്റോറന്റ് മെനുവിലെ പള്ളിക്കറി വിഭവമിതാണ്. പത്തിരി നേർച്ച എന്ന പേരിലാണ് ചിലയിടങ്ങളിൽ ബദ്ർ സ്മൃതി ആചരിക്കുന്നത്. വേറെയും കുറേ പേരുകളിലവ അറിയപ്പെടുന്നുണ്ട്. ബദ്‌രീങ്ങളുടെ ആണ്ടനുസ്മരണം മാത്രമല്ല. ജീലാനി, രിഫാഈ അനുസ്മരണങ്ങളും സമാനമായ രൂപങ്ങളിലോ ചില്ലറ മാറ്റങ്ങളോടെയോ പള്ളികളിൽ നടക്കാറുണ്ട്. വിഭവങ്ങൾ മാറി മാറിവരും. മുഹ്‌യിദ്ദീൻ റാതീബിന് കോഴിയും പത്തലും, രിഫാഈ റാതീബിന് ആട്ടിറച്ചിയും നെയ്ച്ചോറും, മീലാദിന് ബീഫും പത്തലും. മുസ്‌ലിം വിശേഷ ദിവസങ്ങളിലെല്ലാം പള്ളി കേന്ദ്രീകരിച്ച് സംഘടിപ്പിക്കുന്ന ഇത്തരം പരിപാടികൾ വലിയ കൗതുകം നിറഞ്ഞതാണ്. സാമുദായിക ആത്മീയ ബോധം വളർത്തുന്നതിൽ ഈ സമ്പ്രദായത്തിന് നല്ല സ്വാധീനമുണ്ട്. എല്ലാ പള്ളികളിലും ഒരേ രൂപമോ വിഭവമോ ആവില്ല. നാട്ടുരീതിയനുസരിച്ച് അവയ്ക്ക് മാറ്റങ്ങളുണ്ടാകും’ (പേജ്/14,15).



‘തീർച്ചയായും കണ്ണുള്ളവർക്ക് അതിൽ ഒരു ഗുണപാഠമുണ്ട്’ എന്ന് ബദ്റിനെ സംബന്ധിച്ച പറഞ്ഞ പ്രമാണങ്ങളിൽ എവിടെയാണ് ബദ്ർ ആണ്ടിനെ പരാമർശിച്ചിട്ടുള്ളത്? നുണകൾ മെനഞ്ഞ് പുരോഹിതന്മാരുടെ അധ്യക്ഷതയിൽ നടത്തപ്പെടുന്ന ഇത്തരം ആണ്ടാഘോഷങ്ങൾക്ക് മതവുമായി യാതൊരു ബന്ധവുമില്ല. വിശ്വാസികൾ അല്ലാഹുവിന്റെ മുമ്പിൽ കീഴ്‌പ്പെടേണ്ടതിനും വിധേയത്വം കാണിക്കേണ്ടതിനും നിർദേശിക്കപ്പെട്ട വഴികളിൽ ‘ന്റെ ബദ്‌രീങ്ങളേ’ പോലുള്ള ശിർക്ക് കലർന്ന വിളികളില്ല. വിശ്വാസത്തെ ശരിയായ വഴിയിലൂടെ മനസ്സിലാക്കത്തതിന്റെ അപകടമാണിത്.

സത്യവും അസത്യവും വേർതിരിക്കപ്പെട്ട ദിവസമെന്ന പേര് വിളിക്കപ്പെട്ട പോരാട്ടത്തെ ഈ നിലക്ക് പരിചയപ്പെടുത്തിയത് എത്ര വലിയ ആഭാസമാണ്! രണ്ട് പെരുന്നാൾ സുദിനങ്ങൾക്ക് പുറമെ തിന്നും കുടിച്ചും സന്തോഷിക്കാനുള്ള വിശേഷ ദിവസമായി ബദ്ർ ദിനത്തെ അതിന് സാക്ഷികളായവരോ ഉത്തമ തലമുറയിലെ മറ്റാരെങ്കിലുമോ സ്വീകരിച്ചോ?

ഇത് ഇസ്‌ലാം പഠിപ്പിച്ച ആരാധനയായിരുന്നെങ്കിൽ ഒരേ രൂപത്തിലല്ലേ എവിടെയും ആഘോഷിക്കപ്പെടൂ? നാട്ടുനടപ്പുകൾക്കനുസരിച്ച് ഓരോരുത്തർക്കും മാറ്റം വരുത്താവുന്നതാണ് ആരാധനകളെങ്കിൽ എന്ത് പ്രസക്തിയാണ് അതിനുള്ളത്? ബദ്ർ ദിനം പ്രമാണിച്ച് ഏതെങ്കിലുമൊരു വർഷം ഭക്ഷണം വെച്ച് വിളമ്പാൻ നബി(സ്വ) സ്വഹാബികളോട് കൽപിച്ചതിന് വല്ല തെളിവും ഹദീസ് ഗ്രന്ഥങ്ങളിലുണ്ടോ? മതം പഠിപ്പിക്കാത്ത ഇത്തരം പ്രവർത്തനങ്ങൾ യഥാർഥ ആത്മീയതയിൽനിന്നും സംസ്കാരത്തിൽനിന്നും അകറ്റാൻ മാത്രമെ കാരണമാകൂ. ജനങ്ങൾക്കിടയിലുള്ള സ്ഥാനവും പദവിയും ദുരുപയോഗം ചെയ്ത് ജീവിക്കുന്ന പുരോഹിതന്മാർ അല്ലാഹുവിന്റെ താക്കീതിനെ ഭയക്കട്ടെ:

“സത്യവിശ്വാസികളേ, പണ്ഡിതൻമാരിലും പുരോഹിതൻമാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (അവരെ) തടയുകയും ചെയ്യുന്നു. സ്വർണവും വെള്ളിയും നിക്ഷേപമാക്കി വെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക”(9:34).

മുസ്‌ലിയാർ എഴുതുന്നു: “മറ്റു കുറേ വ്യവഹാരങ്ങൾ മലയാളികൾക്ക് ബദ്‌രീങ്ങളുമായുണ്ട്. ബദ്ർ മാല, കുറേതരം ബദ്ർ മൗലിദുകൾ, ബദ്‌രിയ്യത്ത് എഴുതൽ, വീട്ടുചുവരിൽ പ്രദർശിപ്പിക്കൽ, ബദ്ർ ഖിസ്സപ്പാട്ട്, കെസ്സുപാട്ട്, അനേകം ബൈത്തുകൾ, ബദ്‌രീങ്ങളുടെ പേര് ചൊല്ലി ദുആ ചെയ്യൽ, ചെയ്യിപ്പിക്കൽ, ചൊല്ലാൻ നേർച്ചയാക്കൽ ഇങ്ങനെ എത്രയോ ആചാര കർമങ്ങളാൽ ബന്ധിതമാണ് മലയാളി മുസ്‌ലിംങ്ങളുടെ ബദ്ർ അനുസ്മരണവും വിശ്വാസ പാരമ്പര്യവും”(പേജ്/14,15).

വലിയ പോരിശയിൽ പുരോഹിതന്മാർ കൊണ്ടുനടക്കുന്ന ഇവ ഒന്നുകിൽ അവരുടെ നിയമനിർമാണ ശാലയിൽവെച്ച് അവരുണ്ടാക്കിയതോ, അല്ലെങ്കിൽ ശിയാക്കളിൽനിന്ന് ഇറക്കുമതി ചെയ്തതോ ആയ വിനാശകരമായ കാര്യങ്ങളാണ്.

അല്ലാഹുവിന്റെ കൽപനയോ, പ്രവാചകാധ്യാപനമോ ഇല്ലാത്ത ഈ നുണപ്പാട്ടുകളും കള്ളക്കഥകളും പരലോകത്ത് പ്രയോജനപ്പെടില്ല. നബി(സ്വ) വരെ എത്തുന്ന കുറ്റമറ്റ പരമ്പരയിലൂടെ ലഭിച്ചതായ ഒരു ‘വ്യവഹാരം’ പോലും മുസ്‌ലിയാർ ചൂണ്ടികാണിച്ചതിലില്ല.

സമയം നിശ്ചയിച്ചും എണ്ണം പിടിച്ചും സദസ്സൊരുക്കിയും ആത്മാർഥത ചമഞ്ഞും അനുഷ്ഠിക്കപ്പെടുന്ന ഇതെല്ലാം തങ്ങളെ നേർമാർഗത്തിലേക്ക് നയിക്കുമെന്ന ധാരണയിൽ കഴിയുകയാണിവർ. അല്ലാഹുവിന്റെ പാശം കൈവിട്ടതാണ് മുസ്‌ലിയാക്കന്മാരെ ഈ കുരുക്കുകളിൽ പെടുത്തിയത്.

അല്ലാഹു പറയുന്നു: “പരമകാരുണികന്റെ ഉൽബോധനത്തിന്റെ നേർക്ക് വല്ലവനും അന്ധത നടിക്കുന്ന പക്ഷം അവന്നു നാം ഒരു പിശാചിനെ ഏർപെടുത്തികൊടുക്കും. എന്നിട്ട് അവൻ (പിശാച്) അവന്ന് കൂട്ടാളിയായിരിക്കും. തീർച്ചയായും അവർ (പിശാചുക്കൾ) അവരെ നേർമാർഗത്തിൽനിന്ന് തടയും. തങ്ങൾ സൻമാർഗം പ്രാപിച്ചവരാണെന്ന് അവർ വിചാരിക്കുകയും ചെയ്യും”(43:36,37).

ഈ പുത്തനാചാരങ്ങളുടെ അടിസ്ഥാന ഉറവിടം ഏതെല്ലാമെന്ന് മുസ്‌ലിയാർ തന്നെ പറയട്ടെ: ‘മാപ്പിള മുസ്‌ലിംകൾ ചൊല്ലിയിരുന്ന അൽബദ്‌രീയ്യത്തുൽ ഹംസിയ്യയും മറ്റു ബദ്ർ പ്രകീർത്തനങ്ങളും ഈജിപ്ത്, യമൻ തുടങ്ങിയ നാടുകളിൽ പ്രചാരത്തിലുണ്ടായിരുന്നു. ഇവയെ ഉപജീവിച്ച് അറബി, അറബി മലയാളം, മലയാളം ഭാഷകളിലായി കുറേ ബദ്ർ പ്രകീർത്തനങ്ങൾ കേരളത്തിലിപ്പോൾ നിലവിലുണ്ട്’(പേജ് 15).

> **അലി(റ)വിനെ ആരാധ്യസ്ഥാനത്തേക്കുയർത്തി മുസ്‌ലിം സമൂഹത്തിൽ ശിർക്കിന് തുടക്കമിട്ട ശിയാക്കളും ഔലിയാക്കളുടെ മറവിൽ പൊള്ളത്തരങ്ങൾ നാടുനീളെ പ്രചരിപ്പിച്ച സൂഫികളും ഏറെ പടർന്ന് കിടക്കുന്ന ഈജിപ്ത്, യമൻ രാജ്യങ്ങളിലെ അനാചാരങ്ങളാണ് ഇക്കൂട്ടരുടെ അവലംബം എന്നർഥം. ലോകം ഉറ്റുനോക്കുന്ന പണ്ഡിത സഭയായ ലജ്നതുദ്ദാഇമയുടെ ഫത്‌വകളെയോ, അഹ്‌ലുസ്സുന്നവൽ ജമാഅയുടെ പ്രമുഖരായ പണ്ഡിതന്മാരുടെ മറുപടികളെയോ ഇവർ ഒട്ടും വകവെക്കുന്നില്ല. പിഴച്ച ചിന്തകളെ തപ്പിയെടുത്ത് പിൻപറ്റുന്നവർ ഏറ്റവും വലിയ വ്യതിയാനത്തിലാണ് അകപ്പെടുക.**

അലി(റ)വിനെ ആരാധ്യസ്ഥാനത്തേക്കുയർത്തി മുസ്‌ലിം സമൂഹത്തിൽ ശിർക്കിന് തുടക്കമിട്ട ശിയാക്കളും ഔലിയാക്കളുടെ മറവിൽ പൊള്ളത്തരങ്ങൾ നാടുനീളെ പ്രചരിപ്പിച്ച സൂഫികളും ഏറെ പടർന്ന് കിടക്കുന്ന ഈജിപ്ത്, യമൻ രാജ്യങ്ങളിലെ അനാചാരങ്ങളാണ് ഇക്കൂട്ടരുടെ അവലംബം എന്നർഥം.

ലോകം ഉറ്റുനോക്കുന്ന പണ്ഡിത സഭയായ ലജ്നതുദ്ദാഇമയുടെ ഫത്‌വകളെയോ, അഹ്‌ലുസ്സുന്ന വൽ ജമാഅയുടെ പ്രമുഖരായ പണ്ഡിതന്മാരുടെ മറുപടികളെയോ ഇവർ ഒട്ടും വകവെക്കുന്നില്ല. പിഴച്ച ചിന്തകളെ തപ്പിയെടുത്ത് പിൻപറ്റുന്നവർ ഏറ്റവും വലിയ വ്യതിയാനത്തിലാണ് അകപ്പെടുക.

അല്ലാഹു പറയുന്നു: “(നബിയേ,) പറയുക: എന്നാൽ അവ രണ്ടിനെക്കാളും നേർവഴി കാണിക്കുന്നതായ ഒരു ഗ്രന്ഥം അല്ലാഹുവിന്റെ പക്കൽനിന്ന് നിങ്ങൾ കൊണ്ടുവരൂ; ഞാനത് പിൻപറ്റിക്കൊള്ളാം; നിങ്ങൾ സത്യവാൻമാരാണെങ്കിൽ. ഇനി നിനക്ക് അവർ ഉത്തരം നൽകിയില്ലെങ്കിൽ തങ്ങളുടെ തന്നിഷ്ടങ്ങളെ മാത്രമാണ് അവർ പിന്തുടരുന്നത് എന്ന് നീ അറിഞ്ഞേക്കുക. അല്ലാഹുവിങ്കൽ നിന്നുള്ള യാതൊരു മാർഗദർശനവും കൂടാതെ തന്നിഷ്ടത്തെ പിന്തുടർന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അല്ലാഹു അക്രമികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല; തീർച്ച”(28:49,50).

**(തുടരും)**

# ചേലാകർമത്തിന്റെ ഗുണഫലങ്ങളും വിമർശനങ്ങളിലെ അർഥശൂന്യതയും



**കേരത്തിൽ നായൻമാരുടെയിടയിൽ പുരാതനകാലങ്ങളിൽ ഈ ആചാരം നടപ്പിലുണ്ടായിരുന്നു. ദക്ഷിണ തിരുവിതാംകൂറിൽ ചില പ്രദേശങ്ങളിലെ നായൻമാർ ഒരു പാദശരവർഷം മുൻപ് വരെ ഈ കർമം നടത്തിവന്നു. ഇതിന് ചേലാകർമം എന്നും പേരുണ്ട്. ആൺകുട്ടിയെ ക ധരിപ്പിക്കുന്നതിന്റെ പ്രാരംഭ കർമമായിട്ടാണ് ഈ ശസ്ത്രക്രിയ നടത്തി പോന്നത്. തന്നിമിത്തം ഈ ക്രിയക്ക് 'ചേലാകർമം' എന്ന പേര് സിദ്ധിച്ചു. (പേജ് 54,55)**

**റഹ്മാൻ മധുരക്കുഴി**

സഹസ്രാബ്ദങ്ങൾക്ക് മുമ്പേ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ ജനസമൂഹങ്ങൾക്കിടയിൽ അനുഷ്ഠിക്കപ്പെട്ടു പോരുന്നതാണ് ചേലാകർമം. ജൂതൻമാരും ക്രിസ്ത്യാനികളും മതത്തിന്റെ ഭാഗമായി ഇതനുഷ്ഠിക്കുമ്പോൾ, സെൻട്രൽ അമേരിക്ക, ആമസോൺ ആദിവാസികളും അബ്സീനിയയിലെ ക്രിസ്ത്യാനികളും ഇത് ഒരു ആചാരമായിട്ടാണ് നടത്തിവരുന്നത്. കേരളത്തിലെ ഒരു പ്രബല സമുദായമായ നായൻമാരുടെ ഇടയിലും ഇത് നടപ്പിലുണ്ടായിരുന്നു. 1949ൽ തിരുവനന്തപുരം റെഡ്യാർ പ്രസ്സ് ആന്റ് ബുക്ക് ഡിപ്പോവിൽ നിന്ന് പ്രസിദ്ധീകരിച്ചതും ശ്രീ കുറുപ്പും വീട്ടിൽ കെ.എൻ.ഗോപാലപിള്ള രചിച്ചതുമായ കേരള മഹാചരിത്രം രണ്ടാം ഭാഗത്തിൽ 'നായൻമാരുടെ പൂർവികാചാരാങ്ങൾ' എന്ന തലക്കെട്ടിൽ ഇപ്രകാരം പറയുന്നു: 'ലോകത്ത് എല്ലാ പ്രാചീന സമുദായങ്ങളും

ആചരിച്ചുപോന്ന ഒരു ആചാരമാകുന്നു ലിംഗ ശാസ്ത്രം. പുരുഷ പ്രജകളുടെ ലിംഗാഗ്രത്തിൽ ഉള്ള ബാഹ്യചർമം ഛേദിച്ചുകളയുന്ന ക്രിയയാകുന്നു ലിംഗ ശാസ്ത്രം. കേരത്തിൽ നായൻമാരുടെയിടയിൽ പുരാതനകാലങ്ങളിൽ ഈ ആചാരം നടപ്പിലുണ്ടായിരുന്നു. ദക്ഷിണ തിരുവിതാംകൂറിൽ ചില പ്രദേശങ്ങളിലെ നായൻമാർ ഒരു പാദശരവർഷം മുൻപ് വരെ ഈ കർമം നടത്തിവന്നു. ഇതിന് ചേലാകർമം എന്നും പേരുണ്ട്. ആൺകുട്ടിയെ കൗപീനം ധരിപ്പിക്കുന്നതിന്റെ പ്രാരംഭ കർമമായിട്ടാണ് ഈ ശസ്ത്രക്രിയ നടത്തിപോന്നത്. തന്നിമിത്തം ഈ ക്രിയക്ക് 'ചേലാകർമം' എന്ന പേര് സിദ്ധിച്ചു. (പേജ് 54,55)

**ശാസ്ത്ര വിരുദ്ധമോ?**

ചേലാകർമം ശാസ്ത്രവിരുദ്ധമെന്ന വാദം അശാസ്ത്രീയമത്രെ. വൈദ്യശാസ്ത്രം ചേലാകർമത്തെ അംഗീകരിക്കുകയും ആരോഗ്യപരമായ കാരണങ്ങളാൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ടെന്ന യാഥാർഥ്യം ഇക്കൂട്ടർ കാണാതെ പോവുകയാണ്.

ലിംഗത്തിനുണ്ടാകുന്ന പല രോഗങ്ങൾക്കും ചികിത്സയായിട്ട് ഇന്ന് ലിംഗാഗ്രപരിഛേദം വൈദ്യശാസ്ത്രം അംഗീകരിച്ചിട്ടുണ്ട്. ലിംഗാഗ്രത്തുള്ള ചർമം വല്ലാതെ ഇടുങ്ങിയിരിക്കുമ്പോൾ ഇത് സംഭോഗത്തെ പ്രതികൂലമായി ബാധിക്കുകയും ചിലപ്പോൾ മൂത്രം ഒഴിഞ്ഞുപോവാതെ ബുദ്ധിമുട്ടുകയും ചെയ്യുന്നു. മൂത്രം കെട്ടിനിൽക്കുന്നത് പലതരം രോഗപ്പകർച്ചൾക്കും കാരണമാകുമെന്നും ഇതിനുള്ള ഏക പ്രതിവിധി പരിഛേദനമാണെന്നും വിദഗ്ധ ഡോക്ടർമാർ അഭിപ്രായപ്പെടുന്നു. ചേലാകർമം ശിശുപീഡനമാകയാൽ നിരോധിക്കണമെന്ന് ചിലർ വാദിക്കുന്നു. പ്രായപൂർത്തിയായാൽ താൽപര്യമുള്ളവർക്ക് ആയതിന് സ്വാതന്ത്ര്യം നൽകണമെന്ന് മറ്റു ചിലരും വാദിക്കുന്നു. എന്നാൽ, ചേലാകർമം ശൈശവകാലത്ത് തന്നെ നിർവഹിക്കുന്നതാണ് അഭികാമ്യമെന്ന് ഡോക്ടർമാർ നിർദേശിക്കുന്നു. 'ബാല്യപ്രായത്തിൽ തന്നെ ചേലാകർമം ചെയ്യുന്നതാണ് നല്ലത്. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് ലിംഗത്തിന് ബലക്ഷയമോ വൈകാരികാസ്വാദനത്തിന് ഭംഗമോ നേരിടുന്നതല്ല' എന്നാണ് വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിലെ മന:ശാസ്ത്ര വിദഗ്ധനായിരുന്ന പി.എം.മാത്യുവിന്റെ പക്ഷം. (ബാല്യം, കൗമാരം, യൗവ്വനം, വാർധക്യം, പി.എം. മാത്യു, പേജ്: 67, 68).

'ഭാഗികമായി മാത്രം മനസ്സിലാക്കാവുന്ന ചില കാരണങ്ങളാൽ ജനിച്ചയുടനെ ശരിയായ വിധത്തിൽ നടത്തപ്പെടുന്ന ചേലാകർമം ക്യാൻസറിനെതിരെ പൂർണമായി പ്രതിരോധശക്തി നൽകുന്നു' എന്നാണ് Baily and Love എഴുതിയ 'A short practice of subject' എന്ന ഗ്രന്ഥത്തിൽ പറയുന്നത്. 'ലിംഗാർബുദം ജൂതൻമാരിൽ ഇല്ലതന്നെ. കുറച്ചു വൈകി മാത്രം ചേലാകർമം ചെയ്യുന്ന മുസ്‌ലിംകളിലും ഇത് അപൂർവമാണ്'-പ്രസിദ്ധ പാത്തോളജിസ്റ്റായ വില്യം ബോയ്ഡിന്റെതാണ് ഈ അഭിപ്രായം. അഗ്രചർമം മുറിക്കുന്നതോടെ സംവേദനക്ഷമത ഉണ്ടാകുന്ന ഞരമ്പുകൾക്ക് പരിക്ക് പറ്റുമെന്നും, അത് പരിഛേദനം നടത്തിയവരുടെ ലൈംഗിക സംതൃപ്തി ഇല്ലാതാക്കുമെന്നുള്ള വാദം, ഈ പഠനം ഖണ്ഡിക്കുന്നതിങ്ങനെ.

യുണൈറ്റഡ് സ്റ്റേറ്റ്സ് ഡിപ്പാർട്ടുമെന്റ് ഓഫ് ഹെൽത്ത് ആന്റ് ഹ്യൂമൺ സർവീസസിന്റെ ഭാഗമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്തിന്റെ Does male circumcision effect sexual fumctiom, Sensitivity, or Satisfaction എന്ന ലേഖനത്തിൽ 1++, 2++, 2+ പഠനങ്ങൾ ലിംഗസംവേദന ക്ഷമത, ലൈംഗിക ഉത്തേജനം, ലൈംഗിക സംവേദനം, ഉദ്ധാരണ പ്രവർത്തനം, സ്ഖലന ലേറ്റൻസി, രതിമൂർഛ, ലൈംഗിക സംതൃപ്തി, ആനന്ദം എന്നിവക്ക് പരിഛേദനം മൂലം പ്രതികൂലഫലമൊന്നും ഇല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ചേലാകർമം ശിശു പീഡനമാണെന്നും 18 വയസ്സ് വരെ കാത്തിരിക്കണമെന്നും വാദിക്കുന്നവർക്കുള്ള മറുപടിയാണിത്.



**ഉദയ്പൂരിലെ ആർ.എൻ.ടി. മെഡിക്കൽ കോളേജ് നടത്തിയ ഒരു പഠനം ചേലാകർമം നടത്താത്തവരിലാണ് ലിംഗ ക്യാൻസർ കൂടുതലായി കാണുന്നതെന്ന് വ്യക്തമാക്കിയതായി 25-04-83ലെ ദേശാഭിമാനി റിപ്പോർട്ട് ചെയ്യുതയുണ്ടായി. 'സുന്നത്ത്' നടത്തുന്ന മുസ്‌ലിംകൾ തിങ്ങിപ്പാർക്കുന്ന സിറ്റിയിൽ നിന്നും ലിംഗത്തിന് ക്യാൻസർ ബാധിച്ച ഒരു കേസും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെന്ന് 'സുന്നത്തും, ക്യാൻസറും' എന്ന ശീർഷകത്തിൽ ദേശാഭിമാനി പ്രസിദ്ധീകരിച്ച പ്രസ്തുത വാർത്ത ചൂണ്ടിക്കാണിക്കുന്നു.**

ഇന്ത്യയിൽ മതാചാരപ്രകാരം ചേലാകർമം നടത്തിവരുന്ന മുസ്‌ലിംകളിൽ ലിംഗത്തിനുണ്ടാവുന്ന ക്യാൻസർ വളരെ വിരളമാണ്. എന്നാൽ ചേലാകർമം നടത്താത്ത ഹൈന്ദവരിൽ ഇത് 10% വരും! പാത്തോളജിസ്റ്റ് ആൻജേഴ്സൺ പറയുന്നു: 'ന്യൂയോർക്കിലും ഇസ്രായീലിലുമുള്ള സ്ത്രീകളിൽ ഇതരരെ അപേക്ഷിച്ച് കാൽഭാഗത്തിന് മാത്രമെ സ്ത്രീകളിലെ സെർവിക്കൽ ക്യാൻസർ കണ്ടുവരുന്നുള്ളൂ. പുരുഷൻമാരുടെ ചേലാകർമവും അതുവഴി ലിംഗം എപ്പോഴും ശുദ്ധിയായിരിക്കുന്നതുമാണ് ഇതിന് കാരണം. ഉദയ്പൂരിലെ ആർ.എൻ.ടി. മെഡിക്കൽ കോളേജ് നടത്തിയ ഒരു പഠനം ചേലാകർമം നടത്താത്തവരിലാണ് ലിംഗ ക്യാൻസർ കൂടുതലായി കാണുന്നതെന്ന് വ്യക്തമാക്കിയതായി 25-04-83ലെ ദേശാഭിമാനി റിപ്പോർട്ട് ചെയ്യുകയുണ്ടായി. 'സുന്നത്ത്' നടത്തുന്ന മുസ്‌ലിംകൾ തിങ്ങിപ്പാർക്കുന്ന സിറ്റിയിൽ നിന്നും ലിംഗത്തിന് ക്യാൻസർ ബാധിച്ച ഒരു കേസും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെന്ന് 'സുന്നത്തും, ക്യാൻസറും' എന്ന ശീർഷകത്തിൽ ദേശാഭിമാനി പ്രസിദ്ധീകരിച്ച പ്രസ്തുത വാർത്ത ചൂണ്ടിക്കാണിക്കുന്നു.

ന്യൂയോർക്ക് നഗരത്തിൽ നടത്തിയ സർവേയിൽ ജൂത വംശത്തിൽപെട്ട ഒരു ലക്ഷം വനിതകളിൽ മൂന്ന് പേർക്ക് മാത്രം ഗർഭാശയമുഖ ക്യാൻസർ പിടിപെട്ടതായി കണ്ടപ്പോൾ നീഗ്രോ വംശജരായ സ്ത്രീകളിൽ ഒരു ലക്ഷത്തിന് 47 പേരാണ് ഈ രോഗത്തിന് വിധേയരായതെന്നും, ജൂതവംശജരായ പുരുഷൻമാർ പരിഛേദനം നടത്തുന്നതിലാണ് അവരുടെ ഭാര്യമാരിൽ ഗർഭാശയമുഖ ക്യാൻസർ കുറഞ്ഞിരിക്കുന്നതെന്നും തൃശൂരിലെ അമല ക്യാൻസർ ഹോസ്പിറ്റലിലെ ഡോ.സി.ഡി.ജോസഫ് പറയുന്നു. (1983 ഡിസംബർ ലക്കം വനിത മാസിക).

എയ്ഡ്സ് രോഗവുമായി ബന്ധപ്പെട്ട് അഗ്രചർമഛേദനത്തെക്കുറിച്ച് ആസ്ട്രേലിയൻ ഡോക്ടർമാർ നടത്തിയ ഗവേഷണറിപ്പോർട്ട് ബ്രിട്ടീഷ് മെഡിക്കൽ ജേർണൽ പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ പുരുഷലിംഗം വഴിയാണ് എച്.ഐ.വി വൈറസുകൾ സാധാരണ സംക്രമിക്കുന്നതെന്നും ചേലാകർമം നടത്തിയ പുരുഷൻമാരിൽ വൈറസ് സംക്രമണ സാധ്യത രണ്ട് മുതൽ എട്ട് വരെ മടങ്ങ് കുറവാണെന്നും കണ്ടെത്തിയതായി പറയുന്നു. അതിനാൽ എയ്ഡ്സ് ബാധ തടയുന്നതിന് ഫലപ്രദമായ മാർഗമായി ചേലാകർമത്തെ സ്വീകരിക്കാൻ ഡോക്ടർമാർ നിർദേശിക്കുന്നു. എയ്ഡ്സ് കൂടുതൽ ബാധിച്ചിട്ടുള്ള എല്ലാ രാജ്യങ്ങളിലും പ്രതിരോധ മാർഗമെന്ന നിലയിൽ ചേലാകർമം ഗൗരവമായി പരിഗണിക്കേണ്ടതാണെന്നാണ് മേൽബൺ യൂണിവേഴ്സിറ്റി പ്രൊഫസർ റോജർ ഷോർട്സ് പറയുന്നത്. എയ്ഡ്സ് വൈറസിനെ പ്രതിരോധിക്കുന്നതിലുള്ള അതിന്റെ കഴിവ് പ്രകടമാവുന്നത് 15-20 വയസ്സുകളിലാണ്. അതിനാൽ മുസ്‌ലിം സമൂഹങ്ങളിൽ നടപ്പുള്ളത് പോലെ കൗമാരത്തിലോ ബാല്യത്തിലോ ചേലാകർമം നിർവഹിക്കുന്നതാണ് കൂടുതൽ ഫലപ്രദമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

പുരുഷൻമാർക്ക് എച്ച്.ഐ.വി ബാധിക്കുന്നതിൽനിന്നും അത് സ്ത്രീകളിലേക്ക് പകരുന്നതിൽനിന്നും സംരക്ഷണം നേടാൻ സുന്നത്ത് കർമം സഹായിക്കുന്നതായി ദക്ഷിണാഫ്രിക്കയിലെ ദർബാറിൽ ഈയിടെ നടന്ന 13ാമത് അന്താരാഷ്ട്ര എയ്ഡ്സ് കോൺഫ്രൻസിൽ അമേരിക്കൻ ഗവേഷകർ ചൂണ്ടിക്കാണിക്കുകയു ണ്ടായി. ബെൽജിയത്തിലെ ശാസ്ത്രജ്ഞ ആനിബുവേ തദ്സംബന്ധമായ തന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എച്ച്.ഐ.വി.പടരുന്നതിനെതിരെ സുന്നത്ത് കർമം പ്രചരിപ്പിക്കണമെന്ന് ആഹ്വാനം ചെയ്യുകയുണ്ടായി (മാധ്യമം: 2000 ജൂലായ് 12).

ഇത്രയും ഗുണഫലങ്ങൾ ലഭ്യമാകുന്ന ചേലാകർമം നിരോധിക്കണമെന്ന ചിലരുടെ വിതണ്ഡവാദം അതർഹിക്കുന്ന അവജ്ഞതയോടെ കോടതി തള്ളിക്കളഞ്ഞതിൽ അത്ഭുതമുണ്ടോ!

**എയ്ഡ്സ് കൂടുതൽ ബാധിച്ചിട്ടുള്ള എല്ലാ രാജ്യങ്ങളിലും പ്രതിരോധ മാർഗമെന്ന നിലയിൽ ചേലാകർമം ഗൗരവമായി പരിഗണിക്കേണ്ടതാണെന്നാണ് മേൽബൺ യൂണിവേഴ്സിറ്റി പ്രൊഫസർ റോജർ ഷോർട്സ് പറയുന്നത്. എയ്ഡ്സ് വൈറസിനെ പ്രതിരോധിക്കുന്നതിലുള്ള അതിന്റെ കഴിവ് പ്രകടമാവുന്നത് 15-20 വയസ്സുകളിലാണ്. അതിനാൽ മുസ്‌ലിം സമൂഹങ്ങളിൽ നടപ്പുള്ളത് പോലെ കൗമാരത്തിലോ ബാല്യത്തിലോ ചേലാകർമം നിർവഹിക്കുന്നതാണ് കൂടുതൽ ഫലപ്രദമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.**








വിധി തേടുന്ന ഹിജാബും
കോടതിയിലെ വാദങ്ങളും - 24

# ഹിജാബ് വിധികളുടെ അവലോകനം

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676


2022 സെപ്റ്റംബർ 5 മുതൽ 22 വരെ പത്ത് ദിവസങ്ങളിലായി നീണ്ടുനിന്ന പ്രൗഢഗംഭീരമായ വാദപ്രതിവാദങ്ങൾക്കൊടുവിൽ ഒക്ടോബർ 13 വ്യാഴാഴ്ചയാണ് സുപ്രീംകോടതിയുടെ രണ്ടംഗ ബെഞ്ച് ശിരോവസ്ത്ര വിഷയത്തിൽ വിധി പറഞ്ഞത്. വിധി പറഞ്ഞ രണ്ടു ജഡ്ജുമാർ വ്യത്യസ്ത വിധികളാണ് പുറപ്പെടുവിച്ചത്. ജസ്റ്റിസ് ഹേമന്ദ് ഗുപ്ത കർണാടക സർക്കാരിന്റെ ശിരോവസ്ത്ര നിരോധനത്തെ ശരിവെച്ചുവെങ്കിൽ ജസ്റ്റിസ് സുധാൻഷു ധൂലിയ നിരാകരിച്ചുകൊണ്ടാണ് വിധി പറഞ്ഞത്. ഉഡുപ്പി കുന്ദാപുരയിലെ ഗവർമെന്റ് പി.യു.കോളേജ് വിദ്യാർഥിനി ആയിഷത് ശിഫ നൽകിയ അപ്പീൽ പ്രധാന ഹരജിയായി പരിഗണിച്ച കേസിൽ സുപ്രീംകോടതിക്ക് മുമ്പാകെ ആകെ 26 അപ്പീലുകളാണ് വന്നത്.  എല്ലാം ഒരുമിച്ച് പരിഗണിച്ച രണ്ടംഗ ബെഞ്ചിലെ ന്യായാധിപന്മാരിൽ ഒരാൾ ശിരോവസ്ത്രം നിരോധിച്ച നടപടി ശരിവെച്ചപ്പോൾ മറ്റൊരാൾ നിരോധിച്ച നടപടി മൗലികാവകാശ ലംഘനമായിട്ടാണ് കണ്ടത്. രണ്ടുപേരും വ്യത്യസ്ത വിധി പ്രസ്താവിച്ചതോടെ സുപ്രീംകോടതിയിൽനിന്നും ശിരോവസ്ത്ര വിഷയത്തിൽ അന്തിമമായ വിധി വന്നിട്ടില്ലെന്ന് വേണം മനസ്സിലാക്കാൻ. ഇനി കോടതിക്ക് ചെയ്യാൻ സാധിക്കുന്നത് കൂടുതൽ ന്യായാധിപന്മാരെ ഉൾപ്പെടുത്തി വിശാല ബെഞ്ച് രൂപീകരിച്ച് ഭൂരിപക്ഷ വിധി പ്രസ്താവിക്കുക എന്നത് മാത്രമാണ്.

**അന്തിമവിധി ഇനി എന്ന്?**

കുട്ടികളുടെ പരീക്ഷക്ക് മുമ്പായി കേസ് പരിഗണിച്ച് അന്തിമവിധി പ്രഖ്യാപിക്കണമെന്ന് അഭിഭാഷകർ സുപ്രീംകോടതിയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും മാർച്ച് 19ലെ ഹോളി അവധിക്ക് ശേഷം പരിഗണിക്കാമെന്നായിരുന്നു കോടതി പറഞ്ഞിരുന്നത്. എന്നാൽ പരീക്ഷയും

ഹോളിയും കഴിഞ്ഞ് ഇപ്പോഴും കോടതി വിശാല ബെഞ്ച് രൂപീകരിക്കുകയോ അന്തിമവിധിക്കായുള്ള ഒരുക്കങ്ങൾ ആരംഭിക്കുകയോ ചെയ്തിട്ടില്ല. ഒരുപക്ഷേ, മെയ് 10ന് നടക്കാനിരിക്കുന്ന കർണാടക തെരഞ്ഞെടുപ്പ് കഴിയാൻ കാത്തിരിക്കുകയായിരിക്കും കോടതി. കർണാടകയിൽ കോൺഗ്രസ് അധികാരത്തിൽ വരികയാണെങ്കിൽ നിലവിലുള്ള സർക്കാർ ഉത്തരവ് പിൻവലിക്കാനുള്ള സാധ്യതയും കാണുന്നുണ്ട്. അങ്ങനെയെങ്കിൽ പുതിയൊരു വിധി ആവശ്യമായെന്ന് വരില്ല എന്നതുകൊണ്ടായിരിക്കാം കോടതി കേസ് പരിഗണിക്കുന്നത് വൈകിക്കുന്നത്.

ഏതായിരുന്നാലും ശിരോവസ്ത്രം വിദ്യാലയങ്ങളിൽ നിരോധിച്ച നടപടിയെ വിമർശിച്ചുകൊണ്ടുള്ള ജസ്റ്റിസ് ധൂലിയയുടെ വിധി മതനിരപേക്ഷ ഇന്ത്യയുടെ ഭാവിയെ ശോഭനമാക്കുമെന്ന കാര്യത്തിൽ സംശയമില്ല. വിധിന്യായത്തിൽ ജസ്റ്റിസ് ധൂലിയ പറഞ്ഞ കാര്യങ്ങളെ കുറിച്ച് നിയമലോകം കൂടുതൽ പഠിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടതുണ്ട്. കപിൽ സിബൽ, പ്രശാന്ത്



**കുട്ടികളുടെ പരീക്ഷക്ക് മുമ്പായി കേസ് പരിഗണിച്ച് അന്തിമവിധി പ്രഖ്യാപിക്കണമെന്ന് അഭിഭാഷകർ സുപ്രീം കോടതിയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും മാർച്ച് 19ലെ ഹോളി അവധിക്ക് ശേഷം പരിഗണിക്കാമെന്നായിരുന്നു കോടതി പറഞ്ഞിരുന്നത്. എന്നാൽ പരീക്ഷയും ഹോളിയും കഴിഞ്ഞ് ഇപ്പോഴും കോടതി വിശാല ബെഞ്ച് രൂപീകരിക്കുകയോ അന്തിമവിധിക്കായുള്ള ഒരുക്കങ്ങൾ ആരംഭിക്കുകയോ ചെയ്തിട്ടില്ല. ഒരുപക്ഷേ, മെയ് 10ന് നടക്കാനിരിക്കുന്ന കർണാടക തെരഞ്ഞെടുപ്പ് കഴിയാൻ കാത്തിരിക്കുകയായിരിക്കും കോടതി. കർണാടകയിൽ കോൺഗ്രസ് അധികാരത്തിൽ വരികയാണെങ്കിൽ നിലവിലുള്ള സർക്കാർ ഉത്തരവ് പിൻവലിക്കാനുള്ള സാധ്യതയും കാണുന്നുണ്ട്.**

ഭൂഷൺ, ദുഷ്യന്ത് ദവെ, യൂസുഫ് മച്ചാലേ തുടങ്ങിയ അഭിഭാഷകരെയും സോളിസിറ്റർ ജനറൽ, അഡ്വക്കറ്റ് ജനറൽ എന്നിവരെയും അഭിനന്ദിച്ചുകൊണ്ട് ആരംഭിച്ച അദ്ദേഹം സഹ ന്യായാധിപനായ ഹേമന്ദ് ഗുപ്തയോടുള്ള വിയോജിപ്പ് തുറന്നു പറഞ്ഞുകൊണ്ടാണ് വിധിപ്രസ്താവം ആരംഭിച്ചത്.

**ജസ്റ്റിസ് ധൂലിയയുടെ വിധിപ്രസ്താവം**

ഈ കേസിൽ ജസ്റ്റിസ് ഗുപ്ത നടത്തിയ നിരീക്ഷണങ്ങളെയും അത് വിന്യസിച്ച രീതിയെയും ഞാൻ അഭിനന്ദിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ വിധിന്യായത്തോട് വിയോജിക്കാതിരിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ വളരെ സുപ്രധാനമായ ഈ വിഷയത്തിൽ എന്റെ സ്വതന്ത്രമായ അഭിപ്രായം രേഖപ്പെടുത്തുന്നു. ഭരണഘടനപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുമ്പോൾ ഏകകണ്ഠമായ വിധിയാണ് ആവശ്യമായിട്ടുള്ളത്. വിഷയം എങ്ങനെയെങ്കിലും അവസാനിപ്പിക്കുക എന്ന തീർപ്പ് (Finaltiy) രീതിയല്ല മറിച്ച് നീതി(Justice) രീതിയാണ് ഒരു ന്യായാധിപൻ പുലർത്തേണ്ടത്. ലോകപ്രശസ്ത നിയമജ്ഞനായ ലോർഡ് ആറ്റ്കിന്റെ 'Finaltiy is a good thing, but Justice is better' എന്ന ഉദ്ധരണി ഈ വിഷയത്തിൽ പ്രസക്തമാണ്.

**കേസിന്റെ പശ്ചാത്തലം**

ജസ്റ്റിസ് ധൂലിയ തുടരുന്നു: കർണാടകയിലെ ഉഡുപ്പി ജില്ലയിലെ കുന്ദാപുര ഗവൺമെന്റ് പ്രീ യൂണിവേഴ്സിറ്റി കോളേജിലെ രണ്ടാം വർഷ വിദ്യാർഥിനികളായിരുന്നു ആയിഷത്ത് ഷിഫയും തെഹ്‌രീന ബീഗവും. ഇരുവരും ഇസ്‌ലാം മതം പിന്തുടരുകയും ശിരോവസ്ത്രം ധരിക്കുകയും ചെയ്യുന്നു. അവർ പറയുന്നതനുസരിച്ച്, ഒരു വർഷത്തിലേറെയായി കോളേജിൽ ചേർന്നതുമുതൽ അവരുടെ ക്ലാസ് മുറികളിൽ അവർ ശിരോവസ്ത്രം ധരിച്ചുവരുന്നു. കോളേജ് അഡ്മിനിസ്ട്രേഷനുൾപ്പെടെ ആരിൽനിന്നും ഒരു എതിർപ്പും അവർ നേരിട്ടിരുന്നില്ലെന്നും ക്ലാസ് മുറിയിൽ ശിരോവസ്ത്രം ധരിക്കുന്നത് ഒരു പ്രശ്നമായിരുന്നില്ല എന്നും അവർ പറയുന്നു.

2022 ഫെബ്രുവരി 3ന് ഈ രണ്ട് പെൺകുട്ടികളെ അവരുടെ കോളേജിന്റെ ഗേറ്റിൽ ചിലർ തടയുകയും കോളേജിൽ പ്രവേശിക്കുന്നതിന് മുമ്പ് ശിരോവസ്ത്രം അഴിച്ചുമാറ്റേണ്ടിവരുമെന്ന് പറയുകയും ചെയ്തു. അവർ ശിരോവസ്ത്രം അഴിക്കാൻ വിസമ്മതിച്ചതിനാൽ, കോളേജ് അഡ്മിനിസ്ട്രേഷൻ അവർക്ക് കോളേജിൽ പ്രവേശനം നിഷേധിച്ചു. അടുത്ത ദിവസം, അതായത് 2022 ഫെബ്രുവരി 4ന്, ഇരുവരും ഉഡുപ്പി ഡെപ്യൂട്ടി കമ്മീഷണർക്ക് മുമ്പാകെ നിവേദനം നൽകുകയും തങ്ങളു

ടെ കോളേജിൽ പ്രവേശിച്ച് പഠനം പൂർത്തിയാക്കാൻ കോളേജ് അധികാരികൾക്ക് നിർദേശം നൽകണമെന്ന് അപേക്ഷിക്കുകയും ചെയ്തു. ഫലപ്രദമായ ഉത്തരവുകളൊന്നും ഡെപ്യൂട്ടി കമ്മീഷണർ പാസാക്കിയില്ല. പകരം സർക്കാർ ഫെബ്രുവരി 5ന് ഒരു ഉത്തരവു കൊണ്ടുവന്നു. ഈ ഉത്തരവിന്റെ ആമുഖത്തിൽ കർണാടക വിദ്യാഭ്യാസ നിയമം 1983നെയും അതിലെ ചട്ടങ്ങളെയും പരാമർശിക്കുന്നു. ശിരോവസ്ത്രം നിരോധിക്കുന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ 25ന്റെ ലംഘനമല്ലെന്ന് നിഗമനം ചെയ്യുന്നതിനായി വിവിധ ഹൈക്കോടതികളുടെ മൂന്ന് വിധിന്യായങ്ങളും ഉദ്ധരിക്കുന്നു. സർക്കാർ സ്കൂളുകളിൽ സ്കൂൾ യൂണിഫോമും പ്രീയൂണിവേഴ്സിറ്റി വിദ്യാഭ്യാസ വകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന സർക്കാർ കോളേജുകളിൽ കോളേജ് വികസന സമിതികളും സ്വകാര്യ വിദ്യാലയങ്ങളിൽ മാനേജ്മെന്റ് ബോർഡും നിർദേശിക്കുന്ന യൂണിഫോം ധരിക്കണം എന്ന് നിർബന്ധമാക്കുന്നു. മാനേജ്മെന്റ് ബോർഡ് യൂണിഫോം നിർബന്ധമാക്കിയില്ലെങ്കിൽ പോലും വിദ്യാർഥികൾ 'ഐക്യത്തിനും സമത്വത്തിനും പൊതു ക്രമത്തിനും' വിധേയമാവുന്ന വസ്ത്രങ്ങൾ മാത്രമെ ധരിക്കാവൂ എന്നും ഉത്തരവ് പറയുന്നു.

ശിരോവസ്ത്രം 'യൂണിഫോമിന്റെ' ഭാഗമല്ല എന്നും, അത് ധരിക്കുന്നത് 'ഐക്യത്തിന്റെയും സമത്വത്തിന്റെയും പൊതു ക്രമത്തിന്റെയും' താൽപ്പര്യത്തിന് വിരുദ്ധമാണ് എന്നും സർക്കാർ ഉത്തരവ് വന്നതോടെ വിദ്യാർഥിനികൾക്ക് അവർ പഠിച്ചുവന്നിരുന്ന വിദ്യാലയങ്ങളിൽ പൊടുന്നനെ പ്രവേശനം നിഷേധിക്കപ്പെട്ടു. ഈ വിദ്യാർഥിനികൾക്ക് മാത്രമല്ല കർണാടകയിലെ വിവിധ സ്കൂളിൽ പോകുന്ന മറ്റ് പെൺകുട്ടികൾക്കും സമാനമായ നിയന്ത്രണം ഏർപ്പെടുത്തിയതായി കോടതിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

തുടർന്ന് രണ്ട് വിദ്യാർഥിനികളും കർണാടക ഹൈക്കോടതിയിൽ റിട്ട് ഹർജികൾ സമർപ്പിക്കാൻ നിർബന്ധിതരായി. കേസ് ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ മുമ്പാകെ എത്തി. അദ്ദേഹം വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഒരു വലിയ ബെഞ്ച് രൂപീകരിക്കുന്നതിന് ചീഫ് ജസ്റ്റിസിലേക്ക് റഫർ ചെയ്തു. ചീഫ് ജസ്റ്റിസ് ഒരു മൂന്നംഗ ബെഞ്ച് രൂപീകരിച്ചു, വിഷയം ദീർഘമായി കേൾക്കുകയും തുടർന്ന് 2022 മാർച്ച് 15ന് ഉത്തരവുകൾ പുറപ്പെടുവിക്കുകയും റിട്ട് ഹർജികൾ തള്ളുകയും ശിരോവസ്ത്രത്തിന് എതിരായി ഉത്തരവിടുകയും ചെയ്തു.

**ഹർജിക്കാരുടെ വാദങ്ങൾ**

ധൂലിയ: കർണാടക ഹൈക്കോടതിക്കും ഈ കോടതിക്കും മുമ്പാകെ ഹർജിക്കാർ പ്രധാനമായും വാദിച്ചത്, 2022 ഫെബ്രുവരി 5 ലെ ജി.ഒ.യും ശിരോവസ്ത്രം ധരിക്കാൻ അനുവദിക്കാതെ അവരെ ക്ലാസ് മുറികൾക്ക് പുറത്ത് നിർത്തിക്കൊണ്ട് സ്കൂൾ അധികൃതർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 19(1)(എ), 25(1), 14, 21 എന്നിവ അവർക്ക് നൽകിയിട്ടുള്ള മൗലികാവകാശങ്ങളുടെ ലംഘനമാണ് എന്നായിരുന്നു. ശിരോവസ്ത്രം ധരിക്കുന്നത് തങ്ങളുടെ മതപരമായ അനുഷ്ഠാനത്തിന്റെ ഭാഗമാണെന്ന അവകാശവാദവും ചില ഹർജിക്കാർ ഉന്നയിച്ചു. അതേസമയം, സ്കൂൾ യൂണിഫോം നിർണയിക്കാൻ അതാത് സ്കൂളുകളിലെ സ്കൂൾ അധികൃതരോട് നിർദേശിക്കുക മാത്രമാണ് ജി.ഒ ചെയ്തിട്ടുള്ളത് എന്നായിരുന്നു കർണാടകയുടെ വാദം. മതനിഷ്പക്ഷവും നിരുപദ്രവകരവുമായ ഒരു നടപടി മാത്രമാണിത് എന്നും കർണാടക വാദിക്കുന്നു. മൗലികാവകാശങ്ങൾ കേവലമല്ലെന്നും അവ എല്ലായ്പോഴും ന്യായമായ നിയന്ത്രണങ്ങൾക്ക് വിധേയമാണെന്നും അവർ പറയുന്നു. ക്ലാസ് മുറിക്കുള്ളിൽ ശിരോവസ്ത്രം നിരോധിച്ചത് ന്യായമായ നിയന്ത്രണമാണെന്നും ശിരോവസ്ത്രം ഒരു അനിവാര്യമായ മതാചാരമല്ലെന്നും അവർ പറയുന്നു.

കർണാടക ഹൈക്കോടതി അതിന്റെ പരിഗണനക്കായി രൂപപ്പെടുത്തിയ ചോദ്യങ്ങളും അവയ്ക്കുള്ള കോടതിയുടെ കണ്ടെത്തലും താഴെ പറയുന്ന വിധമായിരുന്നു:

എ) ശിരോവസ്ത്രം ധരിക്കുന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ 25 പ്രകാരം സംരക്ഷിക്കപ്പെട്ടിട്ടുള്ള ഇസ്‌ലാമിക വിശ്വാസത്തിലെ അനിവാര്യമായ മതാചാരത്തിന്റെ ഭാഗമാണോ?

ഹൈക്കോടതി: ശിരോവസ്ത്രം ഇസ്‌ലാമിൽ അനിവാര്യമായ മതാചാരമല്ല.

ബി) ആർട്ടിക്കിൾ 19(1)(എ) (ആവിഷ്കാര സ്വാതന്ത്ര്യം), 21 (സ്വകാര്യത) എന്നിവയ്ക്ക് കീഴിൽ ഉറപ്പു നൽകിയിട്ടുള്ള ഹർജിക്കാരുടെ മൗലികാവകാശങ്ങളുടെ ലംഘനമായതിനാൽ സ്കൂൾ യൂണിഫോമുമായി ബന്ധപ്പെട്ട നിർദേശം നിയമപരമായി അനുവദനീയമാണോ?

ഹൈക്കോടതി: യൂണിഫോമുമായി ബന്ധപ്പെട്ട നിർദേശത്തിൽ ന്യായമായ നിയന്ത്രണം മാത്രമാണ് ഏർപ്പെടുത്തിയത്. വിദ്യാർഥികൾക്ക് അതിനെ എതിർക്കാൻ സാധിക്കില്ല.

സി) 05.02.2022ലെ സർക്കാർ ഉത്തരവ് ആർട്ടിക്കിൾ 14,15 എന്നിവ ലംഘിച്ചുകൊണ്ട് അയോഗ്യതയോടെയും വേണ്ടത്ര ശ്രദ്ധയില്ലാതെയും സ്വേച്ഛാധിപത്യപരവുമായുമാണോ പുറപ്പെടുവിച്ചത്?

ഹൈക്കോടതി: സർക്കാറിന് ഇങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ ഭരണഘടനാപരമായ അവകാശമുണ്ട്. പ്രസ്തുത ഉത്തരവിനെ അസാധുവാകുന്ന തരത്തിലുള്ള യാതൊരു സാഹചര്യവും ഉണ്ടായിട്ടില്ല.

*അടുത്ത ലക്കത്തിൽ: ജസ്റ്റിസ് ധൂലിയയുടെ വിധിപ്രസ്താവം; ഫാസിസത്തിനേറ്റ പ്രഹരം*



## നമ്മുടെ രാജ്യത്തെ കോടതികൾ

# സെഷൻസ് കോടതി

26

അബൂആദം അയ്മൻ

ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി കമ്മിറ്റ് ചെയ്ത ഒരു കേസ് സെഷൻസ് കോടതിയിൽ വിചാരണക്ക് വന്നാൽ പ്രോസിക്യൂഷൻ ഭാഗത്തേക്ക് പബ്ലിക് പ്രോസിക്യൂട്ടറും പ്രതിഭാഗത്തേക്ക് പ്രതിയുടെ അഭിഭാഷകനുമായിരിക്കും ഹാജരാവുക. പ്രോസിക്യൂട്ടർ ആദ്യമായി പ്രതിക്കെതിരായ കുറ്റാരോപണങ്ങളും പ്രതി കുറ്റക്കാരനാണെന്നതിനുള്ള തെളിവുകളും സംബന്ധിച്ച വിശദവിവരങ്ങൾ കോടതിയെ ധരിപ്പിക്കുന്നതാണ്. കേസ് രേഖകളും ഹാജരാക്കപ്പെട്ടിട്ടുള്ള മറ്റു രേഖകളും പരിശോധിക്കുകയും പ്രതിഭാഗം വാദവും പ്രോസിക്യൂഷൻ ഭാഗം വാദവും കേൾക്കുകയും ചെയ്യുന്ന കോടതി കുറ്റാരോപണങ്ങൾക്ക് എന്തെങ്കിലും അടിസ്ഥനമുണ്ടോ എന്ന് പരിശോധിക്കുന്നതായിരിക്കും. കുറ്റാരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നു കാണുന്നതായാൽ പ്രതിയെ വിട്ടയച്ചുകൊണ്ട് കോടതി ഉത്തരവാകും.

കുറ്റാരോപണങ്ങൾ അടിസ്ഥാനമുള്ളവതന്നെയെന്നും, എന്നാൽ സെഷൻസ് കോടതിയിൽ മാത്രം വിചാരണ ചെയ്യേണ്ട കേസുകളിൽ ഈ കേസ് ഉൾപ്പെടുന്നതല്ലെന്നും കാണുന്നതായാൽ, കേസ് വിചാരണയ്ക്കായി ബന്ധപ്പെട്ട ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനോ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിനോ സെഷൻസ് ജഡ്ജി എത്തിച്ചുകൊടുക്കുന്നതാണ്. സെഷൻസ് കോടതിയിൽ മാത്രം വിചാരണ ചെയ്യേണ്ട കേസാണിതെങ്കിൽ, ഏതെല്ലാം വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളാണ് പ്രതി ചെയ്തിരിക്കുന്നതെന്നു പരിശോധിച്ച് കോടതി പ്രതിക്കെതിരായ കുറ്റപത്രം തയ്യാറാക്കുന്നതായിരിക്കും. കോടതിയിൽ പ്രതിയെ കുറ്റപത്രം വായിച്ചുകേൾപിക്കുന്നതാണ്. അതിൽ പറയുന്ന കുറ്റങ്ങൾ ചെയ്തിട്ടുണ്ടോ എന്ന് കോടതി പ്രതിയോടു ചോദിക്കും. കുറ്റം ചെയ്തതായി പ്രതി നിരുപാധികം സമ്മതിക്ഷിക്കുന്നപക്ഷം, കോടതിക്ക് ഉടൻതന്നെ പ്രതിക്കുള്ള ശിക്ഷ വിധിക്കാവുന്നതാണ്. പ്രതി കുറ്റം നിഷേധിക്കുകയും കേസ് വിചാരണ ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നപക്ഷം, കോടതി സാക്ഷിവിസ്താരത്തിനുള്ള തീയതി നിശ്ചയിക്കുന്നതും പ്രസ്തുത തീയതിയിൽ ഹാജരാകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള സമൻസ് സാക്ഷികൾക്ക് അയക്കുന്നതുമാണ്.

കേസിലെ അടുത്ത ഘട്ടം സാക്ഷികളുടെ വിസ്താരമാണ്. വാദിഭാഗം സാക്ഷികളുടെ മുഖ്യവിസ്താരം പ്രോസിക്യൂട്ടർ നടത്തുന്നു. തുടർന്ന് ഈ സാക്ഷികളുടെ എതിർവിസ്താരം പ്രതിഭാഗം അഭിഭാഷകൻ നടത്തുന്നതാണ്. പ്രതിക്ക് ആവശ്യമെങ്കിൽ പ്രതിഭാഗം സാക്ഷിയാകാം. പ്രോസിക്യൂഷൻ ഭാഗം തെളിവുകൾ പൂർത്തിയായാൽ, പ്രതിക്കെതിരെ തെളിവിൽ വന്നിട്ടുള്ള വസ്തുതകളെയും സാഹചര്യങ്ങളെയും കുറിച്ച് വ്യക്തമായ ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് കോടതിക്ക് പ്രതിയോട് വിശദീകരണം ആവശ്യപ്പെടാം. അനന്തരം പ്രോസിക്യൂഷൻ ഭാഗത്തെയും പ്രതിഭാഗത്തെയും വാദങ്ങൾ കേൾക്കുന്ന കോടതിക്ക്, പ്രതിക്കെതിരെ തെളിവില്ലെന്നു തോന്നുന്നപക്ഷം പ്രതിയെ വെറുതെ വിടാം. മറിച്ച് പ്രതിക്കെതിരെ തെളിവുണ്ടെന്ന് കോടതിക്ക് തോന്നുന്നപക്ഷം അതു പരിഗണിക്കാനായി കേസ് അവധിക്ക് വയ്ക്കാവുന്നതാണ്.

പ്രതിക്ക് എന്തെങ്കിലും വിശദീകരണങ്ങൾ നൽകേണ്ടതുണ്ടെങ്കിൽ ആയത് കോടതിക്ക് രേഖാമൂലം നൽകാം. പ്രതിഭാഗത്തേക്ക് ഏതെങ്കിലും സാക്ഷിയെ വിസ്തരിക്കണമെന്ന് പ്രതി അപേക്ഷിക്കുന്നതായാൽ കോടതി അതു പരിഗണിക്കേണ്ടതാണ്. പ്രതിഭാഗം തെളിവുകൾ പൂർത്തിയായാൽ പ്രോസിക്യൂട്ടർ കേസിനെ സംബന്ധിച്ചുള്ള തന്റെ വാദം കോടതിയിൽ നടത്തുന്നതും പ്രതിഭാഗം അഭിഭാഷകൻ തന്റെ വാദത്തിലൂടെ അതിനുള്ള മറുപടി നൽകുന്നതുമായിരിക്കും. വാദം കേൾക്കലിനെ തുടർന്ന് കോടതി കേസിലെ വിധി പ്രഖ്യാപിക്കുന്നതാണ്. പ്രതിക്ക് വധശിക്ഷയാണ് കോടതി നൽകുന്നതെങ്കിൽ ഹൈക്കോടതി ആ ശിക്ഷ സ്ഥിരീകരിക്കേണ്ടതുണ്ട്. സെഷൻസ് കോടതിയുടെ വിധിയിന്മേൽ പ്രതിക്ക് ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

*(അവലംബം)*

ലേഖനം



# കത്തുന്ന വേനലിലും പർദ സുരക്ഷിതവസ്ത്രം തന്നെ

മൂനിസ് അൻസാരി

"സ്ത്രീകൾക്ക് അന്തസ്സുള്ള വേഷമാണ് പർദ; സംശയമില്ല. സ്ത്രീകൾക്ക് പുറത്ത് എവിടെ വേണമെങ്കിലും പോകാം. അറുപത് വയസ്സ് കഴിഞ്ഞ ഞാൻ പർദയിട്ടതിനെ ജനം വല്ലാതെ വിപരീതബുദ്ധ്യാ വീക്ഷിക്കുന്നു. വസ്ത്ര സംരക്ഷണം, അത് വല്ലാതെ തണുപ്പ് നൽകുന്നു. മനസ്സിനും ശരീരത്തിനും കുളിരേകുന്നു. പ്രത്യേകിച്ച് അന്തസ്സോടെ വസ്ത്രം ധരിക്കുന്നത് കുലീന സ്ത്രീയുടെ ലക്ഷണമാണ്. എങ്കിലും ഞാൻ തലമുടി അഴിച്ചിട്ടു കാണാൻ ധാരാളമാളുകൾ ആഗ്രഹിക്കുന്നു." ലോകപ്രശസ്തയായ ഒരു മലയാളി സാഹിത്യകാരി വർഷങ്ങൾക്ക് മുമ്പ് പറഞ്ഞ വാക്കുകളാണിത്.

ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം വസ്ത്രം എന്തിനാണെന്നും ഇതരവസ്ത്രങ്ങളെ അപേക്ഷിച്ച് പർദക്കുള്ള ഗുണങ്ങളെന്താണെന്നും ഈ വാക്കുകൾ വ്യക്തമാക്കുന്നു. ഈ ഗുണങ്ങളുള്ളതിനാൽ തന്നെ സ്ത്രീശരീരത്തെ ഉപഭോഗവസ്തുവായി കാണുന്നവർക്ക് പർദ എന്നും തലവേദനയാണ്. അതിനെതിരെ പലതരത്തിലുള്ള വിമർശനങ്ങൾ ഉന്നയിക്കാൻ പലരും മത്സരിച്ചു. യൂറോപ്യൻ രാജ്യങ്ങൾ അതിൽ മുന്നിൽനിന്നു. ഫ്രാൻസിൽ ഇതിന്റെ പേരിലുണ്ടായ പുകിലുകൾ ചെറുതല്ല.

കേരളത്തിൽ ഒളിഞ്ഞും തെളിഞ്ഞും ഇടയ്ക്കിടെ പർദയുടെ പേരിൽ വിവാദങ്ങളുടെ പുക ഉയരാറുണ്ട്. ചില മുഖ്യധാരാ മാധ്യമങ്ങളും ചില 'സെക്യുലർ മുസ്‌ലിം'കളുമാണ് ഇതിന് മുന്നിൽ നിൽക്കാറുള്ളത്. 'കത്തുന്ന വേനലിൽ കറുത്ത പർദക്കുള്ളിൽ' എന്ന തലക്കെട്ടിൽ ഒരു പ്രമുഖ മലയാള ദിനപത്രത്തിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. കേരളത്തിലെ കത്തുന്ന വേനലിൽ കറുത്ത പർദക്കുള്ളിലെ സ്ത്രീകളുടെ വിഷമങ്ങളോർത്ത് ലേഖകൻ ഒരുപാട് കണ്ണീർ പൊഴിക്കുന്നുണ്ട് ലേഖനത്തിലൂടെ.

പർദ ധരിക്കുന്നത് മുസ്‌ലിം സ്ത്രീകളാണല്ലോ. അപ്പോൾ പർദയെ വിമർശിക്കുന്നത് ഇസ്‌ലാമിനെ വിമർശിക്കലായി മാറും. അതിനാൽ തങ്ങൾ ഒരു മതത്തെയോ സമുദായത്തെയോ വിമർശിക്കുകയല്ല, മറിച്ച് ഒരു സാമൂഹ്യ പ്രശ്നമായതുകൊണ്ട് നല്ല നിലയിൽ ഇടപെടുക മാത്രമാണെന്ന് വരുത്തിത്തീർക്കാൻ ചില വാചകക്കസർത്തുകൾ ലേഖകൻ നടത്തുന്നത് കാണാം. പർദക്ക് ചില ഗുണങ്ങളുണ്ടെന്ന് പറയുകയും എന്നാൽ ദോഷങ്ങളാണ് കൂടുതലെന്ന് വരുത്തിത്തീർക്കുകയും ചെയ്യുന്ന ശൈലിയാണ് ലേഖകൻ സ്വീകരിച്ചിരിക്കുന്നത്. ലേഖനത്തിലെ ചില വാചകങ്ങൾ കാണുക:

"പെട്ടെന്ന് ധരിക്കാം. ശരീരഭാ

**പർദയുടെ മറവിലും അല്ലാതെയും ഇസ്‌ലാം വിമർശനങ്ങൾ നിറഞ്ഞുനിൽക്കാൻ കാരണമെന്ത്? ഒരു സാഹിത്യകാരൻ എഴുതിയ ലേഖനത്തിലെ ചില വരികൾ ഈ ചോദ്യങ്ങൾക്കുള്ള ഉത്തരമാണ്. "അവസാനമായി പറയാനുള്ളത് ഇസ്‌ലാം മതം ഇന്ന് നേരിടുന്ന ഇരുതല ആക്രമണത്തെക്കുറിച്ചാണ്. വിവേകാനന്ദനും മഹാത്മജിയും അത്യധികം ആദരിച്ചിട്ടുള്ള മുഹമ്മദ് നബിയിലൂടെ പ്രബോധനപ്പെട്ട ഇസ്‌ലാമിനെ സകല ആഗോള പ്രശ്നങ്ങളുടെയും കാതലായി ഫാസിസ്റ്റ് ശക്തികൾ ഒരുവശത്ത് ചിത്രീകരിക്കുന്നു. എന്താണ് ഇസ്‌ലാം ഇങ്ങനെയെന്നവർ തങ്ങളുടെ പ്രസിദ്ധീകരണങ്ങളിലൂടെ പുച്ഛിക്കുന്നു. മുസ്‌ലിംകളുടെ വോട്ടവകാശം പോലും നിഷേധിക്കാൻ ഘോരഘോരം ആവശ്യപ്പെടുന്നു. മറുവശത്ത് അത്തരക്കാരുമായി രഹസ്യക്കരാറുണ്ടാക്കിയ തരത്തിൽ ഇസ്‌ലാമിന്റെ സൽപ്പേര് നശിപ്പിക്കാൻ ചില മുസ്‌ലിംകൾ തന്നെ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നു."**

ഗങ്ങൾ വെളിയിൽ കാണുന്നുവെന്ന ശങ്കയില്ലാതെ (അങ്ങനെയുള്ളവർക്ക്) അവരവരുടെ ജോലികൾ ചെയ്യാം എന്നിങ്ങനെ ചില മേന്മകൾ പർദക്ക് അവകാശപ്പെടാനാവും. പർദ ഒരു പരിധിവരെ സാമ്പത്തിക ഉച്ചനീചത്വങ്ങളെ മറയ്ക്കാൻ സഹായിക്കുന്നുണ്ട്. (മുത്തും സ്വർണവും പിടിപ്പിച്ച് പണവും പ്രതാപവും കാണിക്കാൻ ചിലരെങ്കിലും ശ്രമം നടത്തുന്നുണ്ടെങ്കിലും). സ്ത്രീകൾ ആഭരണങ്ങളിൽ പൊതിയുന്ന പ്രവണതയ്ക്കും ഈ വേഷം കുറച്ചൊരാശ്വാസം തന്നെ. കഴുത്തിലും കാതിലും കയ്യിലും ആഭരണങ്ങളില്ലെങ്കിലും കുറച്ചിലൊന്നുമില്ലാതെ ദരിദ്ര വീടുകളിലെ സത്രീകൾക്കും തലയുയർത്തി നടക്കാമെന്നതിനാൽ ഈ വേഷത്തിന് കൂടുതൽ സ്വീകാര്യതയുണ്ടായി എന്ന് ചിലരെങ്കിലും പറയാറുണ്ട്.''



ഇപ്പറഞ്ഞതെല്ലാം ശരിയാണ് എന്ന് സ്വയം സമ്മതിക്കാൻ ലേഖകന് വിമുഖതയുണ്ട്. അതിനാലാണ് ചിലരെങ്കിലും പറയാറുണ്ട് എന്ന് ഒഴുക്കൻ മട്ടിൽ പറഞ്ഞിരിക്കുന്നത്. സത്യത്തിൽ ഈ ഗുണവശങ്ങൾ എടുത്തുകാട്ടി പർദയെ പ്രമോട്ട് ചെയ്യുവാനും അത് ധരിക്കുന്നവരെ അഭിനന്ദിക്കുവാനുമല്ലേ ലേഖകൻ തയ്യാറാകേണ്ടിയിരുന്നത്? എന്നാൽ പർദ വർജിക്കേണ്ടതിന്റെ ആവശ്യകതയാണ് പിന്നീട് ലേഖകൻ ചൂണ്ടിക്കാണിക്കുന്നത്. ലേഖകന്റെ കഴമ്പില്ലാത്ത വാദം കാണുക:

“കേരളത്തിലെ താപനില വർഷംതോറും കൂടിവരുന്ന സാഹചര്യത്തിൽ ഇങ്ങനെയൊരു പുനർവിചിന്തനം അത്യാവശ്യം തന്നെ. കൊടുംചൂടിൽ കറുത്ത വേഷം ധരിക്കുമ്പോൾ ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെങ്കിലും ഇതിന് പ്രേരണയാകണം.''

താപനില കൂടിവരുന്നു എന്നത് ശരി തന്നെ. എന്നാൽ ലോകത്തിന്റെ പല ഭാഗങ്ങളിലും കേരളത്തിലെ താപനിലയെക്കാൾ എത്രയോ ഉയർന്ന താപനിലയാണുള്ളത്. കേരളത്തിൽ മാസങ്ങളോളം മഴ ലഭിക്കാറുണ്ട്. എന്നാൽ കൂടുതൽ മരുപ്രദേശമുള്ള സൗദി അറേബ്യയിൽ വല്ലപ്പോഴും മഴ കിട്ടിയാലായി. ഒന്നുകിൽ കൊടും തണുപ്പ്. അല്ലെങ്കിൽ കഠിനമായ ചൂട്. അതാണ് അവിടത്തെ അവസ്ഥ. ചൂടുകാലത്തും അവിടെയുള്ള സ്ത്രീകൾ മുഴുവനും പുറത്തിറങ്ങുന്നത് കറുത്ത പർദ ധരിച്ചു തന്നെ. അതിൽ എ.സിയൊന്നും ഫിറ്റ് ചെയ്തിട്ടുണ്ടാകില്ല. അതിന്റെ പേരിൽ എന്തെങ്കിലും ആരോഗ്യപ്രശ്നം അവർക്കുള്ളതായി കേട്ടിട്ടില്ല.

എന്തുകൊണ്ട് പർദ ഇത്രയധികം വിമർശിക്കപ്പെടുന്നു? പർദയുടെ മറവിലും അല്ലാതെയും ഇസ്‌ലാം വിമർശനങ്ങൾ നിറഞ്ഞുനിൽക്കാൻ കാരണമെന്ത്? ഇതേ ദിനപത്രത്തിൽ നാളുകൾക്ക് ശേഷം ഒരു സാഹിത്യകാരൻ എഴുതിയ ലേഖനത്തിലെ ചില വരികൾ ഈ ചോദ്യങ്ങൾക്കുള്ള ഉത്തരമാണ്.

“അവസാനമായി പറയാനുള്ളത് ഇസ്‌ലാം മതം ഇന്ന് നേരിടുന്ന ഇരുതല ആക്രമണത്തെക്കുറിച്ചാണ്. വിവേകാനന്ദനും മഹാത്മജിയും അത്യധികം ആദരിച്ചിട്ടുള്ള മുഹമ്മദ് നബിയിലൂടെ പ്രബോധനപ്പെട്ട ഇസ്‌ലാമിനെ സകല ആഗോള പ്രശ്നങ്ങളുടെയും കാതലായി ഫാസിസ്റ്റ് ശക്തികൾ ഒരുവശത്ത് ചിത്രീകരിക്കുന്നു. എന്താണ് ഇസ്‌ലാം ഇങ്ങനെയെന്നവർ തങ്ങളുടെ പ്രസിദ്ധീകരണങ്ങളിലൂടെ പുച്ഛിക്കുന്നു. മുസ്‌ലിംകളുടെ വോട്ടവകാശം പോലും നിഷേധിക്കാൻ ഘോരഘോരം ആവശ്യപ്പെടുന്നു. മറുവശത്ത് അത്തരക്കാരുമായി രഹസ്യക്കരാറുണ്ടാക്കിയ തരത്തിൽ ഇസ്‌ലാമിന്റെ സൽപ്പേര് നശിപ്പിക്കാൻ ചില മുസ്‌ലിംകൾ തന്നെ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നു.''

അതെ! ഫാസിസ്റ്റുകളും സിയോണിസ്റ്റുകളും ഇസ്‌ലാമിനെതിരെ ഒറ്റക്കെട്ടായി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണെന്നതിന് വർത്തമാനകാലത്ത് ധാരാളം തെളിവുകൾ കണ്ടെത്താൻ കഴിയും. അവരുടെ നിലനിൽപിനും വ്യാപനത്തിനും ഒരു ശത്രുവിനെ ആവശ്യമാണ്. ആ ശത്രു ഇസ്‌ലാമാകുമ്പോൾ രണ്ടുണ്ട് നേട്ടം. ഒന്ന് ഇസ്‌ലാമിന്റെ വളർച്ചയെ തടയലും മറ്റൊന്ന് തങ്ങളുടെ വളർച്ചയും. മുസ്‌ലിം നാമധാരികളായ ന്യൂനാൽ ന്യൂനപക്ഷം പല നാടുകളിലും ഇസ്‌ലാമിന്റെ സൽപേരിന് കളങ്കമുണ്ടാക്കിക്കൊണ്ടിരിക്കുന്നു എന്നത് വസ്തുതയാണ്. ഇസ്‌ലാമിന്റെ ശത്രുക്കൾക്ക് വളംവെച്ചുകൊടുക്കുകയാണിവർ ചെയ്യുന്നത്. അവർ ആഗ്രഹിക്കുന്നു; ഇവർ അത് പ്രാവർത്തികമാക്കുന്നു. ഈ ന്യൂനപക്ഷത്തെ ചൂണ്ടി ലോകം പറയുന്നു 'ഇസ്‌ലാം ഭീകരതയുടെ മതമാണ്, മുസ്‌ലിംകൾ ഭീകരരാണ്' എന്ന്. ■

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 41

# സൂറ: ഫുസ്സ്വിലത്
## (വിശദീകരിക്കപ്പെട്ട)
(മക്കയിൽ അവതരിച്ചത്)

وَقَالُوا۟ لِجُلُودِهِمْ لِمَ شَهِدتُّمْ عَلَيْنَا ۖ قَالُوٓا۟
أَنطَقَنَا ٱللَّهُ ٱلَّذِىٓ أَنطَقَ كُلَّ شَىْءٍ وَهُوَ
خَلَقَكُمْ أَوَّلَ مَرَّةٍ وَإِلَيْهِ تُرْجَعُونَ ﴿٢١﴾

وَمَا كُنتُمْ تَسْتَتِرُونَ أَن يَشْهَدَ عَلَيْكُمْ
سَمْعُكُمْ وَلَآ أَبْصَٰرُكُمْ وَلَا جُلُودُكُمْ وَلَٰكِن
ظَنَنتُمْ أَنَّ ٱللَّهَ لَا يَعْلَمُ كَثِيرًا مِّمَّا تَعْمَلُونَ
﴿٢٢﴾

وَذَٰلِكُمْ ظَنُّكُمُ ٱلَّذِى ظَنَنتُم بِرَبِّكُمْ أَرْدَىٰكُمْ
فَأَصْبَحْتُم مِّنَ ٱلْخَٰسِرِينَ ﴿٢٣﴾

فَإِن يَصْبِرُوا۟ فَٱلنَّارُ مَثْوًى لَّهُمْ ۖ وَإِن
يَسْتَعْتِبُوا۟ فَمَا هُم مِّنَ ٱلْمُعْتَبِينَ ﴿٢٤﴾

21. തങ്ങളുടെ തൊലികളോട് അവർ പറയും: നിങ്ങളെന്തിനാണ് ഞങ്ങൾക്കെതിരായി സാക്ഷ്യം വഹിച്ചത്? അവ (തൊലികൾ) പറയും: എല്ലാ വസ്തുക്കളെയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെ സംസാരിപ്പിച്ചതാകുന്നു. ആദ്യതവണ നിങ്ങളെ സൃഷ്ടിച്ചത് അവനാണല്ലോ. അവങ്കലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.
22. നിങ്ങളുടെ കാതോ നിങ്ങളുടെ കണ്ണുകളോ നിങ്ങളുടെ തൊലികളോ നിങ്ങൾക്കെതിരിൽ സാക്ഷ്യം വഹിക്കുമെന്ന് കരുതി നിങ്ങൾ (അവയിൽനിന്നും) ഒളിഞ്ഞിരിക്കാറുണ്ടായിരുന്നില്ലല്ലോ. എന്നാൽ നിങ്ങൾ വിചാരിച്ചത് നിങ്ങൾ പ്രവർത്തിക്കുന്നതിൽ മിക്കതും അല്ലാഹു അറിയില്ലെന്നാണ്.
23. അതത്രെ നിങ്ങളുടെ രക്ഷിതാവിനെപ്പറ്റി നിങ്ങൾ ധരിച്ചുവെച്ച ധാരണ; അത് നിങ്ങൾക്ക് നാശം വരുത്തി. അങ്ങനെ നിങ്ങൾ നഷ്ടക്കാരിൽപെട്ടവരായിത്തീർന്നു.
24. ഇനി അവർ സഹിച്ചു കഴിയുകയാണെങ്കിൽ ആ നരകം തന്നെയാകുന്നു അവർക്കുള്ള പാർപ്പിടം. അവർ വിട്ടുവീഴ്ച തേടുകയാണെങ്കിലോ, വിട്ടുവീഴ്ച നൽകപ്പെടുന്നവരുടെ കൂട്ടത്തിൽ അവർ പെടുകയുമില്ല.



21). അവർക്കെതിരെ അവ സാക്ഷിപറയുമ്പോൾ അവർ അതിനെ ആക്ഷേപിക്കും. (തങ്ങളുടെ തൊലികളോട് അവർ പറയും) എല്ലാ അവയവങ്ങളും സാക്ഷിപറയും എന്ന് നേരത്തെ പറഞ്ഞതിന്റെ തെളിവുകൂടിയാണിത്. (നിങ്ങൾ എന്തിനാണ് ഞങ്ങൾക്കെതിരെ സാക്ഷ്യം വഹിച്ചത്?) ഞങ്ങൾ നിങ്ങളെ പ്രതിരോധിക്കുകയല്ലേ? (അവ പറയും: എല്ലാ വസ്തുക്കളെയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെ സംസാരിപ്പിച്ചതാകുന്നു) ഇത് ഞങ്ങളുടെ കഴിവിൽപെട്ടതല്ല. ഈ സാക്ഷ്യത്വം ഞങ്ങൾക്ക് തടയാനാവില്ല. തന്റെ ഉദ്ദേശ്യങ്ങൾക്ക് ഒന്നും എതിരുനിൽക്കാത്തവനാണ് ഞങ്ങളെ സംസാരിപ്പിച്ചത്

(ആദ്യതവണ നിങ്ങളെ സൃഷ്ടിച്ചത് അവനാണല്ലോ) ശരീരങ്ങളെ സൃഷ്ടിച്ചപോലെ ചില പ്രത്യേകതകളും നിങ്ങൾക്കവൻ സൃഷ്ടിച്ചു. അതിൽപെട്ട ഒന്നാണ് സംസാരശേഷി. (അവങ്കലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു) പരലോകത്ത് അങ്ങനെ നിങ്ങൾ പ്രവർത്തിച്ചതിന് പ്രതിഫലവും തരുന്നു. ഇവിടെ മറ്റൊരു ഉദ്ദേശ്യം ആദി സൃഷ്ടിപ്പിനെ ഉയിർത്തെഴുന്നേൽപിന് തെളിവാക്കലാണ്. അത് ക്വുർആൻ സ്വീകരിച്ച ഒരു മാർഗമാണ്.

22) (നിങ്ങളുടെ കാതുകളോ നിങ്ങളുടെ കണ്ണുകളോ നിങ്ങളുടെ തൊലികളോ നിങ്ങൾക്കെതിരിൽ സാക്ഷ്യം വഹിക്കുമെന്ന് കരുതി നിങ്ങൾ ഒളിഞ്ഞിരിക്കാറുണ്ടായിരുന്നില്ലല്ലോ. നിങ്ങളുടെ ശരീരാവയവങ്ങളുടെ സാക്ഷ്യം നിങ്ങൾ മറച്ചുവെച്ചിരുന്നില്ല. അതിൽ നിങ്ങൾ ഭയപ്പെടുകയും ചെയ്തിരുന്നില്ല. (എന്നാൽ നിങ്ങൾ വിചാരിച്ചത്) തെറ്റിലൂടെ കടന്നുപോകുമ്പോൾ, (നിങ്ങൾ പ്രവർത്തിക്കുന്നതിൽ മിക്കതും അല്ലാഹു അറിയില്ലെന്നാണ്) അതുകൊണ്ടാണ് നിങ്ങളിൽനിന്നും പല കാര്യങ്ങളും സംഭവിച്ചുപോയത്.

23). ഈ വിചാരം നിങ്ങളുടെ നാശത്തിനും കഷ്ടത്തിനും കാരണമായി. അതാണ് അല്ലാഹു പറഞ്ഞത്: (അതത്രെ നിങ്ങളുടെ രക്ഷിതാവിനെപ്പറ്റി നിങ്ങൾ ധരിച്ചുവെച്ച ധാരണ) മോശം വിചാരം അവന്റെ മഹത്ത്വത്തിന് ചേരാത്ത വിചാരമായി. (അത് നിങ്ങൾക്ക് നാശം വരുത്തി) അതായത് നിങ്ങളെ നശിപ്പിച്ചു. (അങ്ങനെ നിങ്ങൾ നഷ്ടക്കാരിൽപെട്ടവരായിത്തീർന്നു). നിങ്ങളും നിങ്ങളുടെ കുടുംബങ്ങളും നിങ്ങളത് രക്ഷിതാവിനെക്കുറിച്ച് മോശം വിചാരത്തോടെ നിങ്ങളനുഷ്ഠിച്ച നിർബന്ധ കർമങ്ങൾ കാരണം നിങ്ങളുടെ മതവും നഷ്ടത്തിലായി. അങ്ങനെ നിങ്ങളുടെമേൽ ശിക്ഷയുടെയും ദൗർഭാഗ്യത്തിന്റെയും വചനം യാഥാർഥ്യമായി. ശിക്ഷയിൽ നിത്യവാസികളാക്കൽ അനിവാര്യമാവുകയും ചെയ്തു. ഒരു സമയത്തും വിട്ടൊഴിയാത്ത ശിക്ഷ.

24) (ഇനി അവർ സഹിച്ചുകഴിയുകയാണെങ്കിൽ, ആ നരകം തന്നെയാകുന്നു അവർക്കുള്ള പാർപ്പിടം) അതിലവർക്ക് ക്ഷമിക്കാനും സഹിക്കാനും സാധ്യമല്ല. ഏതവസ്ഥയിലും ക്ഷമയുടെ സാധ്യത നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നരകം, അതിൽ ക്ഷമ സാധ്യമല്ല. നരകത്തെ എങ്ങനെ സഹിക്കും? അതിന്റെ ചൂട് കഠിനമാണ്. ഇഹലോകത്തെ തീയിനെക്കാൾ എഴുപതിരട്ടി വർധിച്ചതാണ് അതിന്റെ ചൂട്. അതിലെ ചൂടുവെള്ളത്തിന്റെ തിളക്കൽ വമ്പിച്ചതും ചോരയും ചലവും കലർന്ന നീരിന്റെ ദുർഗന്ധം അധികരിച്ചതും കൊടുംതണുപ്പ് വർധിച്ചതും കൈയാമങ്ങളും ചങ്ങലകളും ഭയങ്കരവും ദണ്ഡുകൾ ഭീമാകാരവും കാവൽക്കാർ പരുഷവും ആയിരിക്കുന്നു. അവരുടെ ഹൃദയത്തിലെ കാരുണ്യം ഇല്ലാതെയായി. പരമാധികാരിയായ അല്ലാഹുവിന്റെ കോപത്തിന്റെ പര്യവസാനമാണത്. അതിലവർ സഹായം ചോദിക്കുകയും നിലവിളിക്കുകയും ചെയ്യുമ്പോൾ അവരോട് പറയും:

ٱخۡسَـُٔواْ فِيهَا وَلَا تُكَلِّمُونِ ١٠٨

“നിങ്ങൾ അവിടെത്തന്നെ നിന്ദ്യരായിക്കഴിയുക. നിങ്ങൾ എന്നോട് മിണ്ടിപ്പോകരുത്” (23:108).

(അവർ വിട്ടുവീഴ്ച തേടുകയാണെങ്കിലോ) അവരുടെ കുറ്റങ്ങൾ അവരിൽനിന്നും ഒഴിവാക്കിക്കൊടുക്കുകയും അങ്ങനെ ഇഹലോകത്തേക്ക് മടങ്ങി കർമങ്ങൾ പുതിയതായി തുടങ്ങാൻ ആവശ്യപ്പെടുകയും ചെയ്താൽ (വിട്ടുവീഴ്ച നൽകപ്പെടുന്നവരുടെ കൂട്ടത്തിൽ അവർ പെടുകയുമില്ല). കാരണം സമയം അവസാനിച്ചു, ചിന്തിക്കുന്നവർക്ക് ചിന്തിക്കാൻ മാത്രമുള്ള ആയുസ്സ് ലഭിക്കുകയും അവർക്ക് മുന്നറിയിപ്പുകാർ വരികയും ചെയ്തു. അവരുടെ ന്യായങ്ങൾ അവസാനിച്ചു. അവർ വിട്ടുവീഴ്ച ആവശ്യപ്പെടുന്നുണ്ടെങ്കിലും അവർ കളവാണ് പറയുന്നത്.

وَلَوۡ رُدُّواْ لَعَادُواْ لِمَا نُهُواْ عَنۡهُ وَإِنَّهُمۡ لَكَٰذِبُونَ ٢٨

“തിരിച്ചയക്കപ്പെട്ടാൽ തന്നെയും അവർ എന്തിൽനിന്നൊക്കെ വിലക്കപ്പെട്ടുവോ അതിലേക്കുതന്നെ അവർ മടങ്ങിപ്പോകുന്നതാണ്. തീർച്ചയായും അവർ കള്ളം പറയുന്നവരാകുന്നു” (6:28).



# വെള്ളമുണ്ടിന്റെ വെണ്മ

**ഇബ്നു അലി എടത്തനാട്ടുകര**

മുണ്ട് ഉടുക്കാൻ ഇഷ്ടമാണ്. നാട്ടിൽ മുണ്ടാണ് ഉടുക്കാറ്. ഇഷ്ടപ്പെട്ട ഏതാനും വെള്ള മുണ്ടുകളുണ്ട്. കട്ടി കൂടിയ എന്നാൽ ഭാരം കുറഞ്ഞ മനോഹരമായ വർണക്കരകളുള്ള വെള്ളമുണ്ടുകൾ. കാണാൻ നല്ല ചേലാണ്. ഭാരം കുറഞ്ഞതുകൊണ്ട് ഉടുക്കാനും എളുപ്പം, സുഖം.

അത്തരം വെള്ളമുണ്ട് ഉടുക്കുന്നത് കാണുമ്പോൾ നാട്ടിലെ കൂട്ടുകാരൻ ചോദിക്കാറുണ്ട്, ഏത് കടയിൽ നിന്നാണത് വാങ്ങിയതെന്ന്. ഈ വെള്ളമുണ്ട് സ്നേഹത്തിന്റെ ഓർമപ്പെടുത്തൽ കൂടിയാണ് സാമൂഹ്യപ്രവർത്തകനായ സുഹൃത്ത് സമ്മാനിക്കാറുള്ളത്.

ഈ വെള്ളമുണ്ടുകൾക്കൊരു കഥ പറയാനുണ്ട്. സാമൂഹ്യപ്രവർത്തകനായ സുഹൃത്തുമായി ബന്ധപ്പെട്ട ഒന്ന്.

ഏതാണ്ട് 20 വർഷങ്ങൾക്കു മുമ്പാണ് തുടക്കം. ഒരു വലിയ ബാഗിൽ ഏതാനും വെള്ള മുണ്ടുകളും മാക്സികളും നിറച്ച് കടകളിലും വീടുകളിലും കൊണ്ടുനടന്ന് കച്ചവടം ചെയ്യുന്ന ഒരാളുണ്ടായിരുന്നു. സുഹൃത്ത് അന്ന് വിപുലവും സംഘടിതവുമായി പ്രവർത്തിക്കുന്ന ഒരു ചാരിറ്റി സംവിധാനത്തിന്റെ വളണ്ടിയറായിരുന്നു.

അത്തവണ സാധുക്കൾക്ക് വിതരണം ചെയ്യാനുള്ള വിഷു, ഓണം, പെരുന്നാൾ വസ്ത്രങ്ങളുടെ ഓർഡർ ആ കച്ചവടക്കാരന് നൽകി. ചെറിയ തുകയല്ല, 5 ലക്ഷത്തോളം രൂപയുടെ വലിയ ഓർഡർ. അതിൽ നല്ലൊരു തുക അഡ്വാൻസായി കൊടുക്കുകയും ചെയ്തു. ആ കച്ചവടക്കാരൻ അത്തവണ ഉത്തരവാദിത്തത്തോടെ കൃത്യ സമയത്ത് ഭംഗിയായി സാധനങ്ങൾ സപ്ലൈ ചെയ്തു. തന്റെ ലാഭം കുറച്ച് വിലക്കുറവിൽ നൽകി. സാധനങ്ങൾ ഗുണനിലവാരമുള്ളതുമായിരുന്നു. വരും വർഷങ്ങളിലും അദ്ദേഹത്തിന് സംഘടന ലക്ഷങ്ങളുടെ ഓർഡർ നൽകുകയും ചെയ്തു.

ആ കച്ചവടക്കാരൻ ചെറിയൊരു കട തുടങ്ങി. ആദ്യം സമീപ ജില്ലയിൽനിന്നും സാധനങ്ങൾ വാങ്ങി കൊണ്ടുവന്ന് കച്ചവടം നടത്തിയിരുന്ന അദ്ദേഹം തമിഴ്നാട്ടിൽനിന്നും സാധനങ്ങൾ മൊത്തമായി കൊണ്ടുവരാൻ തുടങ്ങി. കച്ചവടം പച്ചപിടിച്ചു. സുഹൃത്ത് ഇപ്പോഴും വർഷം 50,000 രൂപയുടെ വരെ ഓർഡർ നൽകാറുണ്ട്.

അദ്ദേഹം സുഹൃത്തിന് ഏതാനും വെള്ളമുണ്ടുകൾ സമ്മാനിച്ചു. ഒന്നോ രണ്ടോ എടുത്ത് ബാക്കി അദ്ദേഹം സുഹൃത്തുക്കൾക്ക് കൊടുത്തു. ഓരോ കൊല്ലവും ഇത് തുടരുന്നു. അദ്ദേഹം ഇടക്ക് എനിക്കും മുണ്ട് സമ്മാനിക്കാറുണ്ട്. മിക്കവാറും ഞാനത് മാറ്റിവെക്കും. സൂക്ഷിച്ചുവെക്കും. അടുത്ത പെരുന്നാള് വരെ.

സ്നേഹോദാഹരണമായ ആ വെള്ള മുണ്ട് ഉടുക്കുമ്പോൾ ശരീരത്തോടത് ഒട്ടിനിൽക്കുന്നു. മനസ്സിനോടുമത് ചേർന്ന് നിൽക്കുന്നു. ഇളം കറുപ്പ് കരയുള്ള പുതിയ വെള്ളമുണ്ടിന്റെ വെണ്മ ഇക്കഴിഞ്ഞ ഈദ്ഗാഹിലും എന്റെ കൂടെയുണ്ടായിരുന്നു




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
06 MAY 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-




നല്ല നാളേക്കായ് ഇന്ന് പഠിക്കാം

SCHOOL OF Qur'an
READ. LEARN. EVOLVE

## സവിശേഷതകൾ:

- ഖുർആൻ പഠനത്തിന് പ്രത്യേക ഫോർമുല
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഹദീഥ്, അറബി, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം എന്നിവയിൽ പഠനം
- ഗ്രേഡ് ഒന്നിൽ 172 സ്ലോട്ടുകളിലായി അൽ ക്വാഇദത്തുന്നൂറാനിയ്യയുടെ സമ്പൂർണ കോഴ്സ്
- നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഖുർആൻ പഠനത്തിന് മൊബൈൽ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്...
- രക്ഷിതാക്കൾക്കായി വ്യവസ്ഥാപിത രൂപത്തിലുള്ള ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്, ഇവാലുവേഷൻ
- ഫോളോഅപ്പിനായി സ്റ്റഡി ട്രാക്കറുകൾ
- കേന്ദ്രീകൃത ഖുർആൻ മൂല്യനിർണയം
- 18 വർഷം നീണ്ടുനിൽക്കുന്ന തുടർപഠന സൗകര്യം
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- ഓഡിയോവിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര, കേന്ദ്രീകൃത മൂല്യനിർണയം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ
- സാധാരണക്കാരെ പരിഗണിക്കുന്ന കുറഞ്ഞ ഫീസ് നിരക്കുകൾ

## 2023-24 രജിസ്ട്രേഷൻ ആരംഭിച്ചു

☆ നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം

☆ ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം

☆ 2,3 ഗ്രേഡിലേക്ക് എൻട്രൻസ് പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ

☆ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

☆ അപേക്ഷകർ www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷ ഫോം പൂരിപ്പിക്കുക.

**Head Office:**
**Jamia Al-Hind Al-Islamiyya, Vadi Al Hikma, Jamia Campus,**
**Mini Ootty - Oorakam, Malappuram - Kerala - India - PIN 676519**
**Mob: +91 8606788882, WhatsApp: 9072646000**
mail@schoolofquran.in www.schoolofquran.in

**SCHOOL OF QURA'N CENTERS:**

I KASARAGODE: 8089192273 I KANHANGAD: 9605210101 I THALIPARMBA: 8606776770 I KINAVAKKAL: 9995334766 I VADAKARA:9995494598
I KAPPAD: 9846808230 I PARAPPANAGADI: 9544924596 I TIRUR: 9633099992 I THOTTASSERYARA: 8606600555 I CHATTIPARAMBA: 9496526220
I KOTTAKKAL: 9995798755 I EDATHANATTUKARA: 9495467259 I MANJERI: 9846872999 I AREEKODE: 9447926082 I VENGIDANGU: 9048869220
I MARANJERY: 9946739215 I KOLLAM: 80895 46729 I KAYAMKULAM: 89434 64478 I ATTINGAL: 9497714521 I KODUVAYUR: 9745287883 I KOLLAYIL: 9747258263
I OTHAYI: 9497 650100 I PALAPPETTY: 9207942750 I WANDOOR: 9544610220 I ANCHAL: 9048739182 I KANNANALLOOR: 9961493999 I KUNJATHUR: 8089619272

I COIMBATORE: 9080475224 I ERODE: 9942958888 I SALEM: 9865167864 I METTUPALAYAM: 8300886551 I POLLACHI: 9940838413 I UDAMALPET: 9865051917